40620

# മഹാദേവ് ദേശായി

(പൂർവ്വചരിത്രം)

---

നരഹരിഭായ് പരീഖ്

വിവർത്തകൻ

എസ്. വി. കൃഷ്ണവാരിയർ.

---

*Publishers:*

THE EDUCATIONAL SUPPLIES DEPOT,

PALGHAT.

# മഹാദേവ് ദേശായി

(പൂർവ്വചരിത്രം)

നരഹരിഭായ് പരീഖ

KOTTAYAM PUBLIC LIBRARY
KOTTAYAM

വിവർത്തകൻ

എസ്. വി. കൃഷ്ണവാരിയർ.

NATIONAL BOOK STALL
SPCS LTD.
KOTTAYAM.

*Publishers:*

**THE EDUCATIONAL SUPPLIES DEPOT,**

**PALGHAT.**

Rights Reserved]

[Price Re. 1—0—0

[Printed with permission of the Navajeevan Trust.
Ahmedabad]

Printed at The E. S. D. Printing House, Palghat.

# പ്രസ്താവന.

മഹാദേവ്ഭായിയുടെ ജീവിതം സ്വാഭാവികമായിത്തന്നെ ഇരുപത്തഞ്ചു കൊല്ലം വീതമുള്ള രണ്ടു ഭാഗമാവുന്നുണ്ട്. ഒന്ന്, 1892 മുതൽ 1917 വരെയുള്ള പൂർവ്വഭാഗം; രണ്ട്, 1917 മുതൽ 1942 വരെയുള്ള ഉത്തരഭാഗം. ഇവിടെ പൂർവ്വഭാഗത്തിലെ ചരിത്രം മാത്രമേ നൽകീട്ടുള്ളൂ. എന്നാൽ, മഹാദേവ്ഭായിയുടെ അച്ഛന്റെ മരണംവരെയുള്ള വിവരണത്തിൽ ഉത്തരഭാഗത്തിന്റെ ആരംഭത്തിലെ ചില സംഗതികളും വന്നിട്ടുണ്ട്.

മഹാദേവ്ഭായിയുടെ ഇളയച്ഛന്റെ പുത്രൻ ശ്രീ. ഛോട്ടുഭായിയോടു ചോദിച്ച് ചന്ദ്രശങ്കർജി മഹാദേവിന്റെ ആദ്യകാലത്തെ ഈ ജീവിതത്തിലെ ചില സംഗതികൾ എഴുതിവെച്ചിരുന്നു. അതും ശ്രീ. വൈകുണ്ഠഭായി എനിയ്ക്കു അയച്ചുതന്ന സ്മരണകളും ഈ പുസ്തകമെഴുതുന്നതിൽ ഞാൻ ഇഷ്ടംപോലെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ അവസരത്തിൽ ഞാൻ ഈ മൂന്നു സുഹൃത്തുക്കളോടും എനിക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

5—6—1950: നരഹരിപരീഖ

# മുഖവുര

ശ്രീ മഹാദേവ് ഭായിയുടെ സുഹൃത്തുക്കൾ, ആരാധകന്മാർ, ബന്ധുക്കൾ മുതലായവർക്കെല്ലാം അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തിക്കാണണമെന്നാഗ്രഹമുണ്ടായിരുന്നു. നവജീവൻ കാര്യാലയത്തിന്റെ അധികൃതന്മാൎക്ക് അദ്ദേഹത്തിന്റെ ചരിത്രം സംഘം വകയായി എഴുതിച്ചു പ്രസിദ്ധപ്പെടുത്തണമെന്നായിരുന്നു വിചാരം. എനിക്കും ആദ്യം മുതൽക്കുതന്നെ ഇതിൽ വളരെ താത്പൎയ്യമുണ്ടായിരുന്നു. അതിനാൽ 1942ലെ പ്രക്ഷോഭണത്തിന്റെ കുഴപ്പങ്ങൾ അവസാനിച്ച് നവജീവൻ കാര്യാലയത്തിന്റെ പ്രവൎത്തനം വീണ്ടും സുവ്യവസ്ഥിതമായ രൂപത്തിൽ ആരംഭിച്ച ഉടനേ മഹാദേവ് ഭായിയുടെ ജീവചരിത്രം എഴുതാനുപയുക്തമാവുന്ന സാമഗ്രികൾ ശേഖരിക്കുന്നതിന്നായി സംഘം മുഖവുര പുറപ്പെടുവിച്ചു; അതു് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും, അദ്ദേഹത്തോടടുത്തു് ഇടപെടാനിടവന്നിട്ടുള്ള വ്യക്തികൾക്കും അയച്ചു കൊടുത്തു. കൂടാതെ ബന്ധുക്കളിൽനിന്നു് അദ്ദേഹത്തിന്റെ കുട്ടിക്കാലത്തേയും വിദ്യാഭ്യാസ കാലത്തേയും മററും വിവരങ്ങൾ ശേഖരിക്കുന്നതിന്നും പ്രയത്നിച്ചിരുന്നു. ഇതിന്റെയെല്ലാം ഫലമായി നവജീവൻ കാര്യാലയത്തിന്നു, ഉപയുക്തമായ സാമഗ്രികൾ ധാരാളം ശേഖരിക്കാൻ കഴിഞ്ഞു.

സാമഗ്രികൾ ശേഖരിച്ചു് അവയെ കാലക്രമമനുസരിച്ചു് ശരിപ്പെടുത്തി വെച്ചതുകൊണ്ടുമാത്രം ജീവചരിത്രം തയ്യാറാവുകയില്ലെന്നാണു് ജീവചരിത്രമെഴുതുന്നവരുടെ അനുഭവം. കിട്ടിയ എല്ലാ സാമഗ്രികളും ഒരേ ഭാവത്തോടും അതോടൊപ്പം തന്നെ ഹൃദയംഗമമായ താത്പൎയ്യത്തോടും കൂടി ഉപയോഗിക്കാൻ കഴിയുന്ന ഒരു ചരിത്രകാരനെ കിട്ടണം. അതിന്നായി പരിശ്രമി

ച്ചുവെങ്കിലും ഇന്നും അതു സാധ്യമായിട്ടില്ല. അവസാനം അവിചാരിതമായിത്തന്നെ മഹാദേവ് ഭായിയുടെ ജീവചരിത്രത്തിൻെറ രൂപത്തിൽ ഉപയോഗിക്കാൻ പററുന്ന ഒരു ഉപന്യാസം തയ്യാറാക്കപ്പെട്ടു.

കഴിഞ്ഞ രണ്ടുകൊല്ലമായി ശ്രീനരഹരിഭായ് പരിഖ് മഹാദേവ്ഭായിയുടെ ഡയരി പ്രസിദ്ധീകരിപ്പെടുത്തിക്കൊണ്ടിരിക്കയാണ്. അതിൻെറ നാലാം ഭാഗത്തിൻെറ പ്രസ്താവനയുടെ രൂപത്തിൽ ചേക്കുന്നതിനായി മഹാദേവ് ഭായിയുടെ ജീവിതത്തിലേക്കു ഒന്നെത്തിനോക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു ലേഖനം തയ്യാറാക്കാൻ അദ്ദേഹം ആലോചിച്ചു. അതിന്നായി നവജീവൻ കാര്യാലയത്തിൽ ശേഖരിച്ചിരുന്ന സാമഗ്രികഠം അദ്ദേഹം നോക്കുകയും, മഹാദേവ്ഭായി ഗാന്ധിജിയുടെകൂടെ കൂടിയതുവരെയുള്ള കാലത്തെ അദ്ദേഹത്തിൻെറ ജീവിതത്തെ രസകരവും വിജ്ഞാനപ്രദവുമായ വിധത്തിൽ വൎണ്ണിച്ചുകൊണ്ടു് 23 അദ്ധ്യായങ്ങളിലായി എഴുതുകയും ചെയ്തു. അതു കണ്ടപ്പോഠം, ഡയരിയുടെ നാലാംഭാഗത്തോടൊപ്പം പ്രസ്താവനയുടെ രൂപത്തിൽ ചേക്കുന്നതിന്നു പകരം ഇതിനെ സ്വതന്ത്രമായ ഒരു പുസ്തകത്തിൻെറ നിലയിൽ പ്രസിദ്ധിപ്പെടുത്തുന്നതു അധികം നന്നായിരിക്കുമെന്നു എനിക്കു തോന്നി. ശ്രീ. നരഹരിഭായി ഇതിനോടുയോജിച്ചു; ഇപ്രകാരം ഗാന്ധിജിയുടെ ജീവിതത്തോടും അതോടൊപ്പംതന്നെ അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയോടും ഐകരൂപ്യം പ്രാപിച്ച പ്രതിഭാശാലിയായ ഒരു ഭാരതീയനും, സ്വാരാജ്യത്തിന്നുള്ള സമരത്തിൽ ആത്മാൎപ്പണംചെയ്ത ഒരു വീരഭടനും, ഗുജറാത്തി ഭാഷയുടെ ഒരു വലിയ ഉപാസകനും, ഇംഗ്ലീഷിലും ഗുജറാത്തിയിലും ഒരു പുതിയ രീതിയിൽ പത്രപ്രവൎത്തനം, ആരംഭിച്ച ഒരു പത്രപ്രവൎത്തകനും, ഒരാദശ് പുത്രനും, ഒരാദൎശഭത്താവും, അതുപോലെതന്നെ പുത്രവത്സലനായ ഒരു പിതാവും, ഇതിന്നെല്ലാം ഉപരി

 40620

യായി അസാധാരണമായ വിനയത്തോടുകൂടിയ ഒരു സാധകനുമായിരുന്ന മഹാദേവ്ഭായിയുടെ ജീവിതം നിർമ്മിക്കപ്പെട്ടതെങ്ങനെയെന്നുള്ള വിവരം വായനക്കാർക്കു ഈ 'പൂർവ്വചരിത്രം' എന്ന പുസ്തകത്തിന്റെ രൂപത്തിൽ ലഭിച്ചിരിക്കുന്നു.

ശ്രീ മഹാദേവ്ഭായിയുടെ വ്യക്തിത്വം പല വശങ്ങളുമുള്ളതായിരുന്നു. ജീവിതത്തിന്റെ അനേകം ക്ഷേത്രങ്ങളിൽ അദ്ദേഹത്തിന്നു സജീവമായ താത്പര്യമുണ്ടായിരുന്നു. ഗാന്ധിജിയെ അദ്ദേഹം അനന്യസാധാരണമായ നിഷ്ഠയോടുകൂടി സേവിച്ചിരുന്നു. ഗാന്ധിജിയുടെ, ഹിന്ദുസ്ഥാനത്തിലെ കാൽ നൂററാണ്ടു കാലത്തെ പ്രവർത്തനത്തിനോട് അദ്ദേഹം ഐകരൂപ്യം പ്രാപിച്ചിരുന്നു. ഇങ്ങനെ അദ്ദേഹം സ്വരാജ്യത്തിന്നും, ഹിന്ദുസ്ഥാനത്തിന്നും, ഗുജറാത്തിന്നും, ചെയ്ത സേവനങ്ങൾ തീർച്ചയായും അനിതരസാധാരണമായിരുന്നു. ഇത്ര സമർത്ഥനും പരിശ്രമശീലനുമായ ഒരു സാധകന്റെ പൂർണ്ണമായ ജീവചരിത്രം ഗുജറാത്തിന്റെ ഭാവി സന്താനങ്ങൾക്കു വളരെ വിജ്ഞാനപ്രദവും അതോടൊപ്പം തന്നെ പ്രോത്സാഹജനകവുമായിരിക്കും എന്നതു തീർച്ചയാണ്. അതിനാൽ അത്തരം ഒരു ചരിത്രം തയാറാക്കാൻ ഗുജറാത്തിലെ ഏതെങ്കിലും ഒരു ഭാഷാസേവകന്നു ഉത്സാഹം ഉളവാകുമെന്നു ഞാൻ ആശിക്കുന്നു. അത്തരം ഉത്സാഹികളായ ചരിത്രകാരന്മാർക്കു ഈ പൂർവ്വചരിത്രം, മഹാദേവ്ഭായിയെപ്പററി എഴുതിയ പലലേഖനങ്ങൾ, അദ്ദേഹത്തിന്റെ തന്നെ നിരവധി ലേഖനങ്ങൾ, ഡയറികൾ, അദ്ദേഹത്തിന്റെ ജീവിതത്തെപ്പററിയുള്ള സൂക്ഷ്മവിവരങ്ങൾ മുതലായ പലതരം സാമഗ്രികളും നവജീവൻ കാര്യാലയത്തിൽ ഒരുക്കിവെച്ചിട്ടുണ്ടു്. ഈ സാമഗ്രികളെല്ലാം ആവേശപൂർവ്വം ഉപയോഗപ്പെടുത്തി, തന്റെ ലേഖനവിദ്യയെ സാർത്ഥകമാക്കിത്തീർക്കുന്ന ഒരു ചരിത്ര കാരനെ—മഹാദേവ് ഭായിയുടെ

ചരിത്രമെഴുതുന്ന ഒരാളെ — ഗുജറാത്തിന്നു ലഭിക്കുമെന്ന ആശയോടുകൂടി എൻെറ സ്വന്തം നിലക്കുള്ള ഈ അഭ്യർത്ഥനയെ ഞാൻ അവസാനിപ്പിക്കുന്നു. അതോടൊപ്പംതന്നെ എൻേറയും മഹാദേവ് ഭായിയുടെ അനേകം സുഹൃത്തുക്കളുടേയും, ബന്ധുക്കളുടേയും, ആരാധകന്മാരുടേയും അഭിലാഷം ഏറെക്കുറെ പൂർത്തിയാക്കുന്നതിന്നു അവസരമുണ്ടാക്കിത്തന്നതിൽ സഹായിച്ച എല്ലാവരോടും ഞാൻ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

നവജീവൻ കാര്യാലയം,
അഹമ്മദബാദ്, 5—6—50

ജീവൺജി ഡാ. ദേശായി.

KOTTAYAM PUBLIC LIBRARY
KOTTAYAM

# അദ്ധ്യായം. 1.

## അമ്മയച്ഛന്മാർ

മഹാദേവ് ഭായി 1892 ജനുവരി 1-ാംനു- സൂറത്തു ജില്ലയിലെ 'ഓൽപ്പാട്ട' താലൂക്കിലെ 'സരസ്' എന്നു പേരായ ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ പ്രാഥമിക പാഠശാലയിലെ അദ്ധ്യാപകൻെറ നിലയിൽ അവിടെ ജോലി ചെയ്തുവരികയായിരുന്നു. അദ്ദേഹത്തിൻെറ ശരിയായ ഗ്രാമം 'ദിഹേൺ' ആയിരുന്നു. അതും ഓൽപ്പാട്ടതാലൂക്കിൽ സൂറത്തിൽ നിന്നു പത്തു നാഴിക ദൂരെയായിരുന്നു. മഹാദേവിന്നു മുമ്പുണ്ടായ മൂന്നു കുട്ടികൾ, മുലപ്പാലില്ലാത്തതിനാൽ കുട്ടിക്കാലത്തുതന്നെ മരിച്ചുപോയി. മഹാദേവിനെ ഗർഭം ധരിച്ച ഉടനെത്തന്നെ, അച്ഛൻ ഗർഭിണിയ്ക്കു മരുന്നും മററും കൊടുത്തു് അവരുടെ ആരോഗ്യം നന്നാക്കിത്തീർക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. അമ്മ അക്കാലത്തു്, ആ ഗ്രാമത്തിൽ നിന്നു അല്പം അകലെയുള്ള സിംഹനാഥ് മഹാദേവക്ഷേത്രത്തിൽ നിയമത്തോടുകൂടി പൂജാദികൾ നടത്തിച്ചിരുന്നു. അവർ തനിക്കു പുത്രനുണ്ടായാൽ 'മഹാദേവ്' എന്നും പുത്രിയുണ്ടായാൽ 'പാർവ്വതി'യെന്നും പേരിടാമെന്നു സങ്കല്പിച്ചു. രാശിയിൽ മഹാദേവ് ഭായിയുടെ പേരു് 'ജ'യിൽ ആണു് വന്നതു്, എന്നാലും സങ്കല്പത്തിന്നനുസരിച്ചു് അമ്മ 'മഹാദേവ്' എന്നു പേരിട്ടു; അതു നിലനില്ക്കുകയും ചെയ്തു.

മഹാദേവിൻെറ കുടുംബം പാരമ്പര്യമായി 'ടീൽവാ' എന്ന പേരിൽ സുപ്രസിദ്ധമായിരുന്നു. അച്ഛനും മുത്തച്ഛനും ഭക്തന്മാരും ഗോപിക്കുറിയിടുന്നവരുമായിരുന്നു. അതിനാൽ 'ടീൽവാ' (ഗോപിക്കുറിയിടുന്നവർ) എന്നു വിളിക്കപ്പെട്ടതാവാം. കുടുംബത്തിലെ ഒരു ശാഖ ദിഹേണിൽ നിന്നു ഓൽപാടിൽ പോയി താമസമാക്കി. അവിടെ അവർ നിലവും പണവും ധാരാളം സമ്പാദിച്ചിരുന്നു. അതിനാൽ കുടുംബത്തിലെ ആ ശാഖ അധികം കലീനരാണെന്നും കണക്കാക്കപ്പെട്ടിരുന്നു. താവാട്ടുസ്വത്തിൽ അധികഭാഗം അവക്കാണ് കിട്ടിയതു്. ദിഹേണിലുള്ളവക്കു സ്വത്തു് പേരിന്നു മാത്രമേ കിട്ടിയുള്ളു. അവർ വലുതായ ദാരിദ്ര്യത്തിലായിരുന്നു. മഹാദേവിൻെറ മുത്തച്ഛൻ സൂർഭായി ഒരു വിനായക ഭക്തനായിരുന്നു. അദ്ദേഹം വിനായകചതുർത്ഥി ദിവസം ഗണപതിക്കു് ഉത്സവം, ഘോഷയാത്ര മുതലായവ നടത്തിയിരുന്നു; സദ്യയും കഴിച്ചിരുന്നു. ദാരിദ്ര്യംനിമിത്തം കൊല്ലത്തിൽ ചില ദിവസങ്ങളിലെല്ലാം വീട്ടിൽ ഭക്ഷണത്തിന്നു യാതൊന്നും ഉണ്ടാവുകയില്ല. എന്നാലും അദ്ദേഹം ഗണപതിയുടെ ഉത്സവം ഒരിക്കലും മുടക്കിയില്ല. സൂർഭായിക്കു നാലു മക്കളുണ്ടായിരുന്നു. അതിൽ ആദ്യത്തേതു കുട്ടിക്കാലത്തുതന്നെ മരിച്ചുപോയി. ബാക്കിയുണ്ടായിരുന്ന ഹരിഭായി, ബാപൂഭായി, ഖണ്ഡുഭായി— ഈ മൂന്നു മക്കളും വളരെ കുട്ടികളായിരിക്കുമ്പോൾ തന്നെ സൂർഭായി ഇഹലോകവാസം വെടിഞ്ഞു. മുത്തശ്ശി വീട്ടിൽ പശുക്കളെ പോററിയിരുന്നു. അവർ പാലു വിററു സമ്പാദിച്ചു് മൂന്നു കുട്ടികളേയും ഗ്രാമത്തിലെ പാഠശാലയിൽ വിദ്യയഭ്യസിപ്പിച്ചു.

അവക്കുണ്ടായിരുന്ന കുറച്ചു നിലം മാത്രം കൃഷി ചെയ്യുന്നതിന്നായി അവർ ഒരു കാളയെ വളർത്തിയിരുന്നു; മററുള്ളവരുടെ കാളകളുടെ സഹായത്തോടുകൂടി അവർ ആ നിലത്തു കൃഷിചെയ്തു. എന്നാൽ, ആ കാള ചത്തുപോയപ്പോൾ ഒരു കൊല്ലം രണ്ടു സഹോദരന്മാരും—ഹരിഭായിയും ബാപുഭായിയും-തനിയെ നുകം കഴുത്തിൽ വെച്ചു് നിലം ഉഴുതു ധാന്യം വിതച്ചു. എന്നിരുന്നാലും, പണത്തിന്നു വില കുറയുക നിമിത്തം ഇന്നുള്ള മാതിരി ക്ഷാമം അന്നുണ്ടായിരുന്നില്ല. കൂടാതെ ജനങ്ങൾ അദ്ധ്വാനശീലരും മിതവ്യയം ചെയ്യുന്നവരുമായിരുന്നു. അതിനാൽ ഇന്നു കാണപ്പെടുന്ന ജീവിതസമരം അക്കാലത്തുണ്ടായിരുന്നില്ല. ദരിദ്രരാണെന്നു കണക്കാക്കപ്പെട്ടിരുന്നവക്കുകൂടി വയറു നിറയെ നല്ല ഭക്ഷണം കിട്ടിയിരുന്നു. ഇന്നത്തെപ്പോലുള്ള മററു സുഖസൌകര്യത്തിന്നുള്ള സാധനങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. ബാപൂഭായിക്കു, ഗുജറാത്തി എഴാംക്ലാസ്സു് പാസ്സായശേഷം നാലുറുപ്പിക ശമ്പളത്തിൽ ഒരു ജോലി കിട്ടിയപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദമായി. പിന്നീടു് അദ്ദേഹത്തിന്നു പന്ത്രണ്ടുറുപ്പിക ശമ്പളത്തിൽ പട്വാരിയുടെ ജോലികിട്ടി. പിതാവായ ഹരിഭായി ഏഴാംക്ലാസ്സു് പാസ്സായശേഷം അഹമ്മദാബാദിലെ ട്രെയിനിങ്ങ് കോളജിൽചേന്നു ഒരു സീനിയർ ട്രെയിനിങ്ങ് അദ്ധ്യാപകനായി. ചെറിയ ഇളയച്ഛനായ ഖണ്ഡുഭായി രാജപിപല എന്ന നാട്ടുരാജ്യത്തിൽ സവ്വേയരുടെ ജോലിനോക്കിവന്നു. പിന്നീടു അദ്ദേഹം ജുനഗഢരാജ്യത്തിൽ ഒരു ,ജോലികിട്ടി അങ്ങോട്ടുപോയി മരണംവരെ അവിടെത്തന്നെ ഇരുന്നു.

ഹരിഭായിക്കു ട്രെയിനിങ്ങ് കഴിഞ്ഞ ഉടനെ ത്രക്ക് വാട (പാരഡീത്താലൂക്ക്)യിൽ ജോലികിട്ടി; പിന്നീട് സരസ് (ഓൽപാട്ട്താലൂക്ക്) എന്ന സ്ഥലത്തേക്കു മാററമായി; അവിടെയാണു് മഹാദേവഭായി ജനിച്ചതു്. മഹാദേവിൻെറ അമ്മയുടെ പേർ 'ജമ്നാബഹൻ, എന്നായിരുന്നു. ഇവരും ദിഹേൺ ഗ്രാമക്കാരിയായിരുന്നു. അമ്മാമത്തെ സ്ഥിതി ശ്വശുരഗൃഹത്തിലേതിനെ അപേക്ഷിച്ച് അധികം നല്ലതായിരുന്നു എന്നു പറയാം. അവർ ബുദ്ധിയിലും സ്വഭാവത്തിലും വലുതായ തീക്ഷ്ണതയുള്ളവരായിരുന്നു. ഗ്രാമക്കാരെല്ലാവരും അവരെ വളരെ ബഹുമാനിച്ചിരുന്നു. മഹാദേവിൻെറ ശരീരഘടന പിതാജിയുടേതുപോലെയായിരുന്നു; രൂപം അമ്മയുടേതും. മഹാദേവിന്നു ഏഴുവയസ്സു പ്രായമായിരിക്കുമ്പോൾ, 1899ജൂൺ മാസത്തിൽ, തൻെറ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ അമ്മ ഇഹലോകവാസം വെടിഞ്ഞു. മാതാപിതാക്കന്മാർ മഹാദേവഭായിയെ വളരെ ഓമനയായിട്ടാണു് വളർത്തിയിരുന്നതു്; വല്ലവരും കുട്ടിയെ ഭീതിപ്പെടുത്തിയാൽ അമ്മ പറയും: 'കുട്ടികളെ ഭയപ്പെടുത്തുന്നതുകൊണ്ടു് അവർ കേടുവന്നുപോകുന്നു'. മഹാദേവ്ഭായി മാതാജിയെക്കുറിച്ചുള്ള സ്മരണകൾ പ്രത്യേകമായി ഒന്നും തന്നെ എന്നോടു പറഞ്ഞിട്ടില്ല; എന്നാലും, അവർതന്നെ വളരെ ഓമനയായിട്ടാണു് വളർത്തിയിരുന്നതു്, പിതാജിക്കു കിട്ടിയിരുന്ന പതിനഞ്ചുറുപ്പിക മാസപ്പടികൊണ്ടു് തന്നെ ചക്രവർത്തിയെപ്പോലെ വെച്ചിരുന്നു—എന്നു് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ടു്. മാതാജി പല പ്രാവശ്യവും

അലുവയുണ്ടാക്കിക്കൊടുത്തിരുന്നതു് മഹാദേവ് സവിശേഷം ഓർമ്മിച്ചിരുന്നു.

പിതാജിയുടെ സ്വഭാവം വളരെ സരളവും ഋജുവുമായിരുന്നു. ഏതൊരാളെ വിശ്വസിക്കുന്നതിന്നും അദ്ദേഹത്തിന്ന യാതൊരു താമസവും വേണ്ടിയിരുന്നില്ല. അദ്ദേഹത്തിൻെറ ഓർമ്മശക്തിയും ബുദ്ധിശക്തിയും വളരെ തീവ്രമായിരുന്നു; അക്ഷരം മുത്തുമണിക്കു തുല്യമായിരുന്നു. ട്രെയിനിങ്ങ് കോളേജിൽ പഠിച്ചിരുന്ന കാലത്തു് അദ്ദേഹം നേടിയ കടലാസ്സിൽ ഭംഗിയായ അക്ഷരത്തിൽ എഴുതിയിരുന്ന നോട്ടു് പില്ക്കാലത്തെ അദ്ധ്യേതാക്കാം പഠിക്കാനായി വാങ്ങിക്കൊണ്ടുപോയിരുന്നു. അദ്ദേഹവും ബാപ്പൂഭായിയും കണക്കിൽ വളരെ സമത്ഥരായിരുന്നു. അതിലും ബാപ്പൂഭായിയുടെ സാമത്ഥ്യം അന്യാദൃശമായിരുന്നു. അവസരം കിട്ടിയിരുന്നുവെങ്കിൽ അദ്ദേഹം 'സീനിയർ റേംഗ്ളർ" ആവുമായിരുന്നു എന്നു മഹാദേവ് പറയാറുണ്ടു്. ഇംഗ്ലീഷുകോളേജുകളിൽ പഠിക്കുന്ന വിദ്യാത്ഥികളും ഹൈസ്കൂളിലെ അദ്ധ്യാപകന്മാരും അനദ്ധ്യായകാലത്തു് ഗ്രാമത്തിലേക്കു വരുമ്പോൾ വിഷമമേറിയ പ്രശ്നങ്ങളുടെ സമാധാനം അദ്ദേഹത്തോടു ചോദിച്ചു മനസ്സിലാക്കിയിരുന്നുവത്രെ. ഒരിക്കൽ വീട്ടിൽ എന്തോ ഒരു വിശേഷമായിരുന്നു. അതിന്നായി സൂറത്തിൽനിന്നു രണ്ടു വണ്ടി സാമാനം കൊണ്ടുവന്നു. ഓരോ സാധനത്തിൻേറയും വില, തൂക്കം അഥവാ അളവു് ഇവയോടുകൂടി അതിൻെറ ഒരു പട്ടിക, അദ്ദേഹം ഓർമ്മയിൽ നിന്നു എഴുതിക്കൊടുത്തുവത്രെ. ഹരിഭായി രാത്രിയിൽ കുട്ടികളെയെല്ലാം വിളിച്ചു

കുട്ടികണക്കും മററും പറഞ്ഞുകൊടുത്തു പഠിപ്പിച്ചിരുന്നു. അദ്ദേഹം, അദ്ധ്യാപകനായി വേല ചെയ്തകാലത്തു് ഒരു ദിവസമെങ്കിലും ഒരു കണക്കുപുസ്തകം കയ്യിലെടുക്കുകയു ണ്ടായിട്ടില്ല. എല്ലാരീതി (വഴി) കളും പറഞ്ഞുകൊടുത്തു പഠിപ്പിക്കും. പുതിയ ചോദ്യങ്ങളുണ്ടാക്കി എഴുതിപ്പിക്കും! മഹാദേവിന്നും പാരമ്പര്യമായി കണക്കിൽ നൈപുണ്യം സിദ്ധിച്ചിരുന്നു. അദ്ദേഹം കണക്കുവെക്കുന്ന സമ്പ്രദായം ഒരിക്കലും പഠിച്ചിരുന്നില്ല; എന്നാലും അതിലെ എല്ലാ തത്വങ്ങളും അദ്ദേഹത്തിന്നു് എളുപ്പത്തിൽ മനസ്സിലാ ക്കാൻ കഴിഞ്ഞു. ബാപ്പുവിൻെറ കൂടെ, പില്ക്കാലത്തു അദ്ദേഹത്തിന്നു സഹായത്തിന്നു ആളുകളുണ്ടായിരുന്നു എങ്കിലും വളരെ കൊല്ലത്തോളം അദ്ദേഹം ഒററയ്ക്കാണു് കഴിച്ചുകൂട്ടിയതു് അക്കാലത്തു എല്ലാ ചിലവിൻെറയും, വഴിയിൽകിട്ടുന്ന ദാനങ്ങളുടേയും, സംഭാവനകളുടേയും കണക്കു അദ്ദേഹം വളരെ കൃത്യമായി സൂക്ഷിച്ചിരുന്നു.

പിതാജി ഗുജറാത്തിയിൽ ധാരാളം വായിച്ചി ട്ടുണ്ടു്. നല്ല നല്ല എല്ലാ ഗുജറാത്തിപുസ്തകങ്ങളും അദ്ദേഹം വളരെ താല്പര്യത്തോടുകൂടി വായിച്ചിരുന്നു. സംസ്കൃതം അറിഞ്ഞിരുന്നില്ല, എന്നാലും രാമായണം, മഹാഭാരതം, ടീകകളോടുകൂടി ഗീത ഉപനിഷത്തു മുതലാ യവയെല്ലാം അദ്ദേഹം വായിച്ചിരുന്നു. ഭജനകൾ പാടുന്ന തിലും അദ്ദേഹത്തിന്നു വലുതായ താത്പര്യമുണ്ടായിരുന്നു. പ്രഭാതത്തിൽ എഴുന്നേററു് വിരിപ്പിൽതന്നെ ഇരുന്നു കൊണ്ടു് ഭജനകൾ പാടുക പതിവായിരുന്നു. വിദ്യാഭ്യാസ ശാസ്ത്രത്തിലും അദ്ദേഹത്തിന്നു അഗാധമായ താത്പര്യ

2080

മുണ്ടായിരുന്നു. അദ്ദേഹം ആശ്രമത്തിൽ വരുമ്പോൾ ഞങ്ങളോടു രാഷ്ട്രീയവിദ്യാഭ്യാസത്തെപ്പററി ചർച്ച്ചെയ്യുകയും, ഞങ്ങളുടെ ക്ലാസ്സുകൾ സന്ദർശിയ്ക്കുകയും, ഞങ്ങൾക്കു നിർദ്ദേശങ്ങൾ നൽകുകയും, ഞങ്ങളോടു പലതും സംസാരിക്കുകയും പതിവായിരുന്നു. ഗംവളാഗ്രാമത്തിലെ പ്രാഥമികപാഠശാലയിലെ ഒരു സാധാരണ അദ്ധ്യാപപകൻെറ നിലയിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം അഹമ്മദാബാദിലെ വിമൺസ് ട്രെയിനിങ്ങ് കോളേജിലെ ഹെഡ്മാസ്റ്ററുടെ സ്ഥാനത്തുനിന്നാണ് (ജോലിയിൽനിന്നു) പിരിഞ്ഞത്. ഇങ്ങനെ പഴയരീതിയിൽ അദ്ധ്യാപകൻെറ നിലയിൽ ജീവകാലം മുഴുവനും ജോലി ചെയ്തിട്ടും അദ്ദേഹത്തിന്നു പുതിയ ദൃഷ്ടി മനസ്സിലാക്കുവാനോ സ്വീകരിക്കുവാനോ സമയം വേണ്ടിയിരുന്നില്ല. വലിയവലിയ വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർപോലും വിദ്യാർത്ഥികളെ അടിച്ചാൽമാത്രമേ അവർ നന്നാവുകയുള്ളു എന്നു ധരിച്ചിരുന്നകാലത്തുകൂടി അദ്ദേഹം വിദ്യാർത്ഥികളെ അടിച്ചിരുന്നില്ല; പ്രത്യുത തൻെറ പ്രേമംകൊണ്ടു അവരുടെ ഹൃദയം കരസ്ഥമാക്കും. സൂറത്തുജില്ലയിലെ ഗ്രാമങ്ങളിൽ ചീത്തവാക്കുപറയുന്ന പതിവ് സാധാരണമായിരുന്നു—ഇന്നും ഉണ്ടു്—എങ്കിലും അദ്ദേഹം ഒരിക്കലും ചീത്തവാക്കു പറഞ്ഞിട്ടില്ല. അത്രയുമല്ലാ, അദ്ദേഹത്തിൻെറ മുമ്പിൽവെച്ചു് ആരെങ്കിലും ചീത്തവാക്കുകൾ പറഞ്ഞാൽ അദ്ദേഹം അവരോടു വല്ലാതെ എതിർക്കും. താൻ അദ്ധ്യാപകനായി ജോലി ചെയ്ത എല്ലാ ഗ്രാമങ്ങളിലേയും ജനങ്ങളുടെ സ്നേഹത്തെ അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. അതോടൊപ്പം

തന്നെ അദ്ദേഹം പ്രകൃത്യാ സ്വാതന്ത്ര്യനും സ്വാഭിമാനിയു മായിരുന്നു; ഇൻസ്പെക്ടർമാർകൂടി അദ്ദേഹത്തോടു ആദര പൂർവ്വമാണ് പെരുമാറിയിരുന്നതു്. അഹമ്മദാബാദിൽ നടന്ന ഒരു സംഗതി എനിക്കു നല്ലപോലെ ഓർമ്മയുണ്ടു്. "അനദ്ധ്യായകാലത്തു് ട്രെയിനിങ്ങ് കോളേജിലെ വിദ്യാ ത്ഥിനികളെ, പത്തുപന്ത്രണ്ടു ദിവസത്തേക്കു ഒരദ്ധ്യയന യാത്രയ്ക്കു കൊണ്ടുപോകണമെന്നു അവിടുത്തെ ആംഗ്ലോ ഇന്ത്യൻ ലേഡി സൂപ്രണ്ടു് തീർച്ചയാക്കിയിരുന്നു. പുറ പ്പെടേണ്ടതിന്നു തലേ ദിവസം അവരുടെ ഒരു ചങ്ങാതി അവരെ കാണണമെന്നു ആവശ്യപ്പെട്ടു. അതിനാൽ അവർ ഹരിഭായിയോടു വിദ്യാത്ഥിനികളുടെ കൂടെ പോ കുവാനപേക്ഷിച്ചു. അദ്ദേഹത്തിന്നതിഷ്ടമായില്ല. ഉടനേ തന്നെ വിദ്യാത്ഥിനികളുടെകൂടെ പോകുന്നതു തന്റെ ജോലിയല്ലെന്നു അദ്ദേഹം ലേഡി സൂപ്രണ്ടിന്നെഴുതി" "എനിക്കു ഈ പ്രായത്തിൽ ഇങ്ങനെ ഓടിച്ചാടാൻ സാധിക്കയില്ല. കൂടാതെ, നിങ്ങൾ കൂടെ പോകുന്നതാണു് അധികം ഉചിതമായിരിക്കുക. ഇതു നിങ്ങളുടെ ചുമതല യാണു്." അവർ വല്ലാതായി. പോകുവാൻ ആവശ്യപ്പെ ട്ടതിൽ വ്യസനം പ്രകടിപ്പിക്കുകയും ചെയ്തു! ഇങ്ങനെ ഏതൊരാവശ്യത്തിന്നു എവിടെ പോയാലും അദ്ദേഹ ത്തിന്റെ സ്വാഭിമാനത്തിന്റേയും സംസ്കാരത്തിന്റേ യും പ്രഭാവം കാണപ്പെടാതിരിക്കയില്ല. അദ്ദേഹത്തിന്റെ പ്രകാശമാനമായ മുഖവും പ്രേമപൂർണ്ണമായ കണ്ണുകളും ഇന്നും മനസ്സിന്നു മുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു.

---

# അദ്ധ്യായം 2,

ദരിദ്രനും എന്നാൽ സംസ്കാരസമ്പന്നനും ബുദ്ധിമാനുമായ പിതാവിന്റെ തന്റേടമുള്ള കുട്ടിയുടെ വിദ്യാഭ്യാസം ഏതു പ്രകാരത്തിലായിരിക്കുമോ ആ പ്രകാരത്തിൽതന്നെയായിരുന്നു മഹാദേവിന്റെ വിദ്യാഭ്യാസം. അമ്മ കുട്ടിക്കാലത്തു മരിച്ചുപോയി. അതിനാൽ മുത്തശ്ശിയാണു് കുട്ടിയെ വളർത്തിയതു്. ഗുജറാത്തിയിൽ അഞ്ചാം തരംവരെ അച്ഛനു ജോലിയുണ്ടായിരുന്ന ഗ്രാമത്തിൽ അദ്ദേഹത്തിന്റെ ഒരുമിച്ചിരുന്നു പഠിച്ചു. പിന്നെ ഇംഗ്ലീഷു എവിടെ പഠിക്കണം എന്ന ആലോചനയായി. അക്കാലത്തു് ഓൽപ്പാട്ട താലൂക്കിൽ ഒരൊററ ഇംഗ്ലീഷ്സ്കൂൾ പോലും ഉണ്ടായിരുന്നില്ല. സൂറത്തിലായിരുന്നു ഏററവും അടുത്ത ഇംഗ്ലീഷു സ്കൂൾ. അവിടെ പിതാജിയുടെ ഉററ ചങ്ങാതി, ശ്രീ. ചന്ദുലാൽ ഘേലാഭായി ഡാക്ടർ, ശാഹപോരിൽ വസിച്ചിരുന്നു. മഹാദേവിനെ അദ്ദേഹത്തിന്റെ കൂടെ താമസിപ്പിക്കാൻ സാദ്ധ്യമാണു. എന്നാൽ, ഇത്ര ചെറിയ കുട്ടിയെ സൂറത്തുപോലുള്ള ഒരു നഗരത്തിൽ വിട്ടുപോരാൻ പിതാജിക്കു ഇഷ്ടമുണ്ടായിരുന്നില്ല. (ഈ ചന്ദുലാൽ ഡാക്ടറെ, മഹാദേവിനെപ്പോലെ ഞാനും 'ഡാക്ടരമ്മാമൻ' എന്നാണു് വിളിച്ചിരുന്നതു്. അദ്ദേഹത്തിന്നു മഹാദേവിനോടുണ്ടായിരുന്ന പ്രേമവും മമതയും സീമാതീതമാണു്. 1920ൽ മഹാദേവിന്നു ആശ്രമത്തിൽ വെച്ചു് കൊള്ളയുണ്ടായപ്പോൾ അദ്ദേഹം സൂറത്തിൽ നിന്നു ആശ്രമത്തിലേക്കുവന്നു് ഒന്നൊന്നര

മാസം അവിടെ താമസിച്ചു, മരുന്നു കൊടുക്കുന്നതിന്നു പുറമെ മഹാദേവിന്നു വേണ്ട ശുശ്രൂഷകളും സ്വയം ചെയ്തിരുന്നു.)

ദിഹേണിലുണ്ടായ സംസ്കാര പോഷണം.

ഇതിന്നിടയിൽ ദിഹേണിൽ അതേഗ്രാമക്കാരനായ ശ്രീ. മണിശങ്കർ എന്നപേരായ ഒരു നോൺ. മട്രിക്ക കാരൻ ഒരു ഇംഗ്ലീഷു പാഠശാല തുറന്നു. തൻെറ ഗ്രാമത്തിൽ പഠിക്കാനുള്ള സൌകര്യം ഉണ്ടായതിനാൽ, 1901ൽ മഹാദേവ് അവിടെ പഠനം ആരംഭിച്ചു. അന്നു മഹാദേവിന്നു ഒമ്പതുവയസ്സു കഴിഞ്ഞു പത്താമത്തേതു നടപ്പായിരുന്നു. ഈ അദ്ധ്യാപകൻ വളരെ അദ്ധ്വാന ശീലനും കർത്തവ്യനിഷ്ഠനും എന്നാൽ ക്രോധിയുമായിരുന്നു. ചെറു ചെറു കാര്യങ്ങളിൽ കോപിച്ചിരുന്നു. വികൃതിക്കുട്ടികളെ 'പുളിവാറൽ' വെട്ടി അടിക്കാൻ തുടങ്ങിയാൽ അതു മുറിഞ്ഞു കഷണം ബാക്കിയില്ലാതായാൽ മാത്രമേ അടി നിർത്തുകയുള്ളൂ. അഞ്ചാറുകുട്ടികൾ—അതിൽ മഹാദേവിൻെറ ഇളയച്ഛൻെറ മകൻ ഛോട്ടുഭായിയും ഉൾപ്പെടും—പുളിവാറലിനേയും ഗണ്യമാക്കിയിരുന്നില്ല; അതിനാൽ അവരുടെ തലപിടിച്ച് ചുമരിൽ മുട്ടുകയും, മൂക്ക് ചുമരിൽ ഉരപ്പിക്കുകയും ചെയ്തിരുന്നു. എന്നാലും ഈ മാസ്റ്ററുടെ ഹൃദയം എത്രമാത്രം സരളവും പ്രേമപൂർണ്ണവുമായിരുന്നു എന്നതിന്നു ഒരു ഉദാഹരണം പറയാം :: നാഥു എന്നു പേരായ തൻെറ ഒരു മരുമകനെ പഠിപ്പിക്കാനായി അദ്ദേഹം കൂടെ താമസിപ്പിച്ചിരുന്നു. വടിപൊട്ടുന്നതു

വരെ എത്ര അടിച്ചാലും ആ കുട്ടിയുടെ കണ്ണിൽനിന്നു ഒരൊ റ്റത്തുള്ളി വെള്ളം വരില്ല, വായിൽനിന്നു ഒരക്ഷരം പുറപ്പെടില്ല. ചുമരിനോടു പിടിച്ചു മുട്ടാൻ പരിശ്രമിച്ച് ക്ഷീണിക്കുമ്പോൾ അദ്ദേഹം പറയും: "പഠിച്ചു പഠിച്ചു! നിൻെറ അച്ഛൻ ക്ഷേത്രത്തിൽ ചന്ദനം അരച്ചരച്ച് ചത്തുപോയി; നീ പിന്നെ എന്താണ് പഠിക്കുക!" കുറച്ചു കാലത്തിന്നുശേഷം അവിടെ പ്ലേഗു പരന്നു പിടിച്ചു; അതിൽ ഈ മരുമകനും മരിച്ചുപോയി. അപ്പോൾ ഈ മാസ്റ്റർ നിലത്തു കിടന്നുരുണ്ടു കുട്ടികളെപ്പോലെ നിലവിളിച്ചു: "അയ്യോ എൻെറ നാഥ! ഞാൻ നിന്നെ എത്ര അടിച്ചിരുന്നു? നീ ഇങ്ങനെ മരിച്ചുപോകുമെന്നു ഞാനറിഞ്ഞില്ലല്ലോ!" ഇദ്ദേഹത്തിന്നു മക്കളുണ്ടായിരുന്നില്ല; വീട്ടിൽ പത്നിയോടു കോപിക്കുമ്പോഴും ഇതേ നാടകമാണ് അഭിനയിച്ചിരുന്നത്, എന്നാൽ ഒന്നു രണ്ടു മണിക്കൂറിന്നു ശേഷം മനസ്സിൽ ഒന്നും ഉണ്ടാവില്ല. മഹാദേവ് മാസ്റ്ററുടെ ഈ തല്ലും പിടിയും കണ്ടിട്ടുതന്നെ പേടിച്ചിരുന്നു. അദ്ദേഹത്തിന്നു ഈ മാസ്റ്ററുടെ അടികൊള്ളാൻ ഒരിക്കലും അവസരം ഉണ്ടായിട്ടില്ല. ഈ മാസ്റ്റർ ഇംഗ്ലീഷിൽ മൂന്നുക്ലാസ്സുവരെ മൂന്നുക്ലാസ്സുകളും ഒരേസമയത്ത്— പഠിപ്പിച്ചിരുന്നു. മഹാദേവ് ഒന്നാംക്ലാസ്സിലായിരുന്നു; എന്നാലും അതിന്നുപുറമെ രണ്ടും മൂന്നും ക്ലാസ്സുകളിലെ പാഠം എടുക്കുന്നതു കേൾക്കുകയും അതു, ആ ക്ലാസ്സിലെ കുട്ടികളേക്കാൾ അധികം നന്നായി മനസ്സിലാക്കുകയും ചെയ്തിരുന്നു. അതിനാൽ അദ്ധ്യാപകന്നു അദ്ദേഹത്തിൻെറ മേൽ വലുതായ പ്രീതിതോന്നി. ചില്ലറാലത്ത് മഹാദേവ്

ഭായിക്ക ഇംഗ്ലീഷു ഭാഷയിലും സാഹിത്യത്തിലും വിദ്വാനെന്ന പ്രസിദ്ധി ലഭിച്ചപ്പോൾ. ഈ അദ്ധ്യാപകൻ താനാണ് മഹാദേവിനെ ഇംഗ്ലീഷു പഠിപ്പിക്കാനാരംഭിച്ചതെന്നഭിമാനിച്ചിരുന്നു. മഹാദേവ് അങ്ങോട്ടും കൃതജ്ഞതാഭാവം നടിച്ചിരുന്നു. തൻെറ ഏതൊരു പുസ്തകവും അദ്ദേഹത്തിന്നു ഉപഹാരമായി അയച്ചുകൊടുത്തിരുന്നു. താൻ പ്രസിദ്ധപ്പെടുത്തിയ "അഞ്ജൻവാണി" ഉപഹാരമായി അയച്ചുകൊടുത്തപ്പോൾ അതിൽ ഇങ്ങനെ എഴുതി: "ഇംഗ്ലീഷുഭാഷ പഠിപ്പിച്ച ആദ്യഗുരുവിന്നു നമസ്കാരപൂർവ്വമുള്ള ഉപഹാരം". അവസാനകാലത്തു മണിശങ്കർഭായി രാന്തേരിലേക്കു താമസം മാററി. പിന്നെ മഹാദേവ്, സൂറത്തിലേക്കു പോകേണ്ടിവരുമ്പോഴെല്ലാം രാന്തേറിൽപോയി അദ്ദേഹത്തെ കാണുക പതിവായിരുന്നു. ശ്രീ. മണിശങ്കർഭായി ഈസ്കൂൾ ഏകദേശം 30 കൊല്ലം നടത്തിയിട്ടുണ്ടു്; അതിനാൽ ഈസ്കൂളിനേയും ഈ മാസ്റ്ററേയും കാണാൻ എനിക്കും സാധിച്ചിട്ടുണ്ടു്. ഒരിക്കൽ ഞാൻ ദിഹേണിൽ പോയി; മാസ്റ്റർക്ക് മഹാദേവിൻെറ ഏതോ ചങ്ങാതി അഹമ്മദാബാദിൽനിന്നു വന്നിട്ടുണ്ടെന്നു വിവരംകിട്ടി; അതിനാലദ്ദേഹം വളരെ രസകരമായി ഇംഗ്ലീഷുപഠിപ്പിക്കാൻ തുടങ്ങി, ചില ഇംഗ്ലീഷുപദങ്ങളുടെ വ്യൂല്പത്തി—അതു അദ്ദേഹം മഹാദേവിൽ നിന്നുതന്നെ മനസ്സിലാക്കിയതായിരിക്കാം—വിദ്യാൎത്ഥികൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ തുടങ്ങി; ധാതപാൎത്ഥത്തിൽ നിന്നു ശുദ്ധാൎത്ഥം എങ്ങനെ ഉണ്ടായി എന്നു വിദ്യാൎത്ഥികളെ വളരെ ഭംഗിയായി പഠിപ്പിച്ചു. ആ കാലത്തു്

സ്കൂളിൽ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചിരുന്നു; മൂന്നു ക്ലാസ്സും അദ്ദേഹത്തിന്നു ഒററയ്ക്കു നടത്താൻ കഴിയാതായതിനാൽ ഒരു ക്ലാസ്സ് മൂന്നുകൊല്ലം തുടർച്ചയായി നടത്തുകയും ഒന്നാംക്ലാസ്സിൽ ചേർത്ത കുട്ടികൾ മൂന്നാംക്ലാസ്സ് പാസ്സായാൽ വീണ്ടും പുതിയ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർക്കുകയുമാണു് ചെയ്തിരുന്നതു്. മാസം ഒരുറുപ്പിക ഫീസ്സ് വാങ്ങിയിരുന്നു. ക്ലാസ്സിൽ 30—35 വിദ്യാർത്ഥികളുണ്ടായിരിക്കും. ഈ ഫീസു പിരിച്ചാണു് അദ്ദേഹം ജീവിതം നയിച്ചിരുന്നതു്. ഗ്രാമത്തിലെ പല കുട്ടികൾക്കും അദ്ദേഹം കാരണമാണു് ഇംഗ്ലീഷു പഠിക്കാൻ കഴിഞ്ഞതു്.

രാത്രി ഭക്ഷണാനന്തരം ക്ലാസ്സിലെ കുട്ടികളെ പഠിക്കാനായി വീട്ടിലേയ്ക്കു വിളിച്ചുവരുത്തും. ഒന്നു രണ്ടു മണിക്കൂർ ധാർമ്മികകാര്യങ്ങളെപ്പററി സംസാരിക്കും, സന്ധ്യാവന്ദനം ചൊല്ലിപ്പിക്കും, നാഥൂറാംശർമ്മ അതിനെഴുതിയ വ്യാഖ്യാനം മനസ്സിലാക്കിക്കൊടുക്കും. പിന്നീടു് പാഠങ്ങൾ പറഞ്ഞുകൊടുക്കും. ഇതായിരുന്നു പതിവു്.

ആ പ്രദേശത്തു് "ജീവൺരാം വൈദ്യ" എന്നു പേരായ ഒരു മാന്യൻ താമസിച്ചിരുന്നു. അദ്ദേഹത്തിൻെറ കുട്ടികൾ അദ്ദേഹത്തെ "ദാജി" എന്നു വിളിച്ചിരുന്നു; അതു കേട്ടു ഗ്രാമത്തിലെ എല്ലാകുട്ടികളും അദ്ദേഹത്തെ 'ദാജി' എന്നു വിളിക്കാൻ തുടങ്ങി. അദ്ദേഹം പല വിദ്വാന്മാരോടും സഹവസിച്ചിട്ടുണ്ടു്; അദ്ദേഹത്തിന്നു കുട്ടികളെ ധാർമ്മികകാര്യങ്ങളിലേക്കു തിരിച്ചുവിടുന്നതു വളരെ ഇഷ്ട

മായിരുന്നു. അദ്ദേഹം ഗ്രാമത്തിലെ കുട്ടികളെ വിളിച്ചു കൂട്ടി നചികേതസ്സ്, ഉപമന്യു, ഉദ്ദാലകൻ മുതലായവരുടെ കഥകൾ പറഞ്ഞുകൊടുക്കുക പതിവായിരുന്നു.

ഇതിന്നു പുറമെ ചാതുർമ്മാസ്യത്തിൽ—ഇക്കാലത്തു ധാരമുറിയാതെ മഴപെയ്യും; അതിനാൽ ആരും വയലിലേക്കു പണിക്കുപോയിരുന്നില്ല—കാരണവന്മാർ കൈയെഴുത്തിലുള്ള രാമായണം, ഭാരതം അഥവാ ഭാഗവതം മുതലായവ വായിക്കുക പതിവായിരുന്നു. ചാതുർമ്മാസ്യം അവസാനിക്കുമ്പോൾ കഥാപ്രസംഗക്കാർ വന്ന് മഹാഭാരതത്തിൽനിന്നു കഥകൾ കേൾപ്പിക്കും, രാമലീലക്കാർവന്നു രാമായണനാടകംവഴിയായി ജനങ്ങൾക്കു രാമകഥയുടെ രസം മനസ്സിലാക്കിക്കൊടുക്കും.

ഗ്രാമത്തിൽ സൂർഭായി ശങ്കർജി എന്നു പേരായി ഡിഗ്രിയില്ലാത്ത ഒരു ഡാക്കുരുണ്ടായിരുന്നു. അദ്ദേഹത്തിന്നു സംഗീതത്തിൽ വളരെ താത്പര്യമായിരുന്നു. മഹാദേവ് അദ്ദേഹത്തിൻെറ അടുക്കൽ സംഗീതം പഠിക്കാൻ പോയിരുന്നു; കുറച്ചു രാഗങ്ങൾ പഠിക്കുകയും ചെയ്തു.

ഏഴുവയസ്സിൽ മഹാദേവിൻെറ ഉപനയനം കഴിച്ചു. അന്നു അദ്ദേഹത്തിൻെറ അമ്മ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. ഇളയച്ഛൻെറ രണ്ടുകുട്ടികളുടെ—അവർ മഹാദേവിനേക്കാൾ അല്പം പ്രായംകൂടിയവരായിരുന്നു—ഉപനയനവും ഇതോടൊപ്പം കഴിച്ചു. ആ മണിശങ്കർമാസ്റ്റർതന്നെയാണ് ഗായത്രീമന്ത്രം ഉരുവിടീച്ചതു്. മണിശങ്കർജിയുടെ ഒരു സഹോദരൻ അംകളേശ്വരത്തു മാസ്റ്ററായിരുന്നു.

അദ്ദേഹത്തിന്നു സംസ്കൃതം നല്ലപോലെ അറിയാമായിരുന്നു. വേനൽപൂട്ടലിൽ മിഹേണിലേക്കു വന്നാൽ അദ്ദേഹം രാത്രിസമയത്തു കുട്ടികളെ വിളിച്ചുകൂട്ടി മഹാകവി കാളിദാസൻെറ കാവ്യങ്ങളിലെ ശ്ലോകം വായിച്ചു് മനസ്സിലാക്കിക്കൊടുക്കുകയും സംസ്കൃതസാഹിത്യത്തെപ്പററി സംസാരിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ മിഹേണിൽ ഒന്നൊന്നരക്കൊല്ലം താമസിച്ചു് മഹാദേവ് ഇംഗ്ലീഷ് മൂന്നു പുസ്തകവും പഠിച്ചു. ഇതിനിടയിൽ അദ്ദേഹത്തിൻെറ ധാർമ്മികവും സാഹിത്യപരവുമായ സംസ്കാരത്തിന്നു നല്ലപോഷണം കിട്ടുകയും ചെയ്തു.

## ജൂനാഗഢിലെ അനുഭവം.

അതിന്നുശേഷം ഇംഗ്ലീഷു പഠിപ്പു തുടരുന്നതിന്നു എന്തുചെയ്യേണമെന്ന ആലോചനയായി. ഇളയച്ഛൻ ജൂനാഗഢിലായിരുന്നു; വലിയച്ഛൻ, ബാപൂഭായി ലവഛി എന്ന ഗ്രാമത്തിൽ പട്വാരിയായിരുന്നു. അവിടെനിന്നു 'ദാണ്ഡി' തുറമുഖത്തിലേക്കു ഒരു നാഴികയേ ദൂരമുള്ളു. ദാണ്ഡിക്കും 'വേരാവല'യ്ക്കുമിടയിൽ ദിവസേന പത്തേമ്മാരി (പാസഞ്ചർ) സർവ്വീസുണ്ടായിരുന്നു. അതു ലേലം വിളിച്ച ആൾ പരിചയക്കാരനായിരുന്നു. അയാൾ കൂലി വാങ്ങുകയില്ല; അതിനാൽ വേരാവലവരെ ചിലവുകൂടാതെ പോകാൻ കഴിയും. പത്തേമ്മാരിയിൽത്തന്നെ അങ്ങോട്ടു പോകാൻ തീർച്ചയാക്കി. ഇളയച്ഛൻെറ മകൻ ഛോട്ടുഭായി മുതലായവരേയുംകൂടെ അയച്ചിരുന്നു. ഗാസ്ലൈററിൻെറ പ്രകാശത്തിൽ വായിച്ചാൽ കണ്ണു കേടുവരും

എന്നു വിചാരിച്ച് വീട്ടിൽനിന്ന് ഒരു ടിൻ നിറയെ എരണ്ടിമയെണ്ണ കൊടുത്തയച്ചു. സമുദ്രത്തിൽ ഛർദ്ദിയോ മോഹാലസ്യമോ ഉണ്ടാവരുതെന്നു കരുതി, തിന്നാൻ ഗുളശ്ശുണ്ടി (ചുക്കും ശക്കരയുംകൂട്ടിയ ഉരുള) ഉണ്ടാക്കിക്കൊടുത്തു. രണ്ടു ദിവസത്തെ വഴിയാത്രയിൽ കഴിക്കുന്നതിന്നു വേണ്ട ആഹാരപദാൎത്ഥങ്ങളും കൊടുത്തിരുന്നു. ഉച്ചക്കു ഭക്ഷണം കഴിച്ച് ദിഫേണിൽനിന്നു പുറപ്പെട്ടു—1902 ഒടുവോ 1903 ആദ്യമോ ആയിരിക്കും. ഇളയച്ഛൻെറ ഭാൎയ്യ, രണ്ടു കുട്ടികൾ, മഹാദേവ്, ജൂനാഗഢിൽ സൎവ്വേയറായിരുന്ന രാന്തേരിലെ ഒരു മാന്യൻെറ ഭാൎയ്യ, കുട്ടികൾ ഇത്രയും ആളുകളുണ്ടായിരുന്നു. ഏതാണ്ടു മൂന്നുമണിക്കു ദാണ്ഡിയിൽ എത്തി. അവിടെനിന്നു വൈകുന്നേരത്താണ് പുറപ്പെട്ടതു്. സാധാരണയായി ദാണ്ഡിയിൽനിന്നു 12 മണിക്കൂർകൊണ്ടു പത്തേമ്മാരി ഘോഘയ്ക്കു എത്തിയിരുന്നു. പക്ഷെ, വഴിക്ക് കാററ് അനുകൂലമായിരുന്നില്ല; അതിനാൽ പിറേറന്നു രാവിലെ എത്തേണ്ടതിന്നു പകരം വൈകുന്നേരത്തേ എത്തിയുള്ളൂ. വീട്ടിൽനിന്നു, കുടിക്കാൻ ഒരു കുടം നിറയെ വെള്ളം എടുത്തിരുന്നു; പത്തേമ്മാരിയിലേക്കു കയറുമ്പോൾ ആ കുടം ഉടഞ്ഞുപോയി; തോണിക്കാരിൽനിന്നു വെള്ളം വാങ്ങികുടിച്ചാൽ ഭ്രഷ്ടാകുമെന്നു പേടിച്ച് ഘോഘയിൽ എത്തിയതിന്നുശേഷമേ വെള്ളം കുടിച്ചുള്ളൂ. ഘോഘയിൽ, രാത്രി ഒരു സത്രത്തിൽ കഴിച്ചുകൂട്ടി. രാവിലെ കുതിരവണ്ടിയിൽ അവിടെനിന്നു പന്ത്രണ്ടു നാഴിക ദൂരെയുള്ള ഭവനഗരിൽ എത്തി. ഭവനഗരിൽ വെച്ചാണ് ആദ്യമായി ആനയെ കണ്ടതു്. ആനയെകണ്ടു്

തങ്ങളെല്ലാം (എല്ലാകുട്ടികളും) വളരെ സന്തോഷിച്ചു എന്നു മഹാദേവ്. പറയാറുണ്ട്. (ദക്ഷിണാമൂർത്തി സ്ഥാപനം വഴിയായി) വലിയ ജ്യേഷ്ഠൻ എന്ന പേരിൽ സുപ്രസിദ്ധനായിത്തീർന്നിരുന്ന ഹർഗോവിന്ദഭായിയായിരുന്നു ഭവനഗരിലെ സ്റ്റേഷൻ മാസ്റ്റർ. ഈ ഹർഗോവിന്ദഭായി, രാമനാരായണൻ പാഠക്കിൻെറ അച്ഛൻ, വിശ്വനാഥഭായി, ജൂനാഗഢകാരൻ ഖണ്ഡുഭായി ഇവരെല്ലാം നാഥുറാം ശർമ്മാവിൻെറ ശിഷ്യന്മാരായിരുന്നതിനാൽ ഗുരുസഹോദരന്മാരായിരുന്നു. ഹർഗോവിന്ദഭായി ഭവനഗറിൽ ഇവരെ സ്വീകരിച്ചു. ഒരു ചെറിയ പെട്ടി റിസർവ്വ് ചെയ്തു രാത്രി വണ്ടിയിൽ കയററി യാത്രയാക്കി. ഇടയിൽ രണ്ടു ജങ്ക്ഷനിൽ വണ്ടി മാറിക്കയറി, പിറെറ ദിവസം രണ്ടു മണിക്കു ജൂനാഗഢിൽ എത്തി.

ഡിഹേണിലെ മാസ്റ്റർ ഒരു സാധാരണ കടലാസ്സിൽ ഇത്ര ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു മാത്രം എഴുതിയ ഒരു സർട്ടിഫിക്കററാണ് ഇവക്കു കൊടുത്തിരുന്നതു്. അതിനാൽ പരിശോധിച്ചു് ജൂനാഗഢ് ഹൈസ്കൂളിൽ നാലാം തരത്തിൽ ഇരുത്തി. ഇളയമ്മ കുറെ കണിശക്കാരിയായിരുന്നു. മൂന്നു കുട്ടികളേയും കാലത്തു് അഞ്ചുമണിക്കു എഴുന്നേല്പിക്കും. ഇളയച്ഛൻ നാഥുറാം ശർമ്മാവിൻെറ ശിഷ്യനായിരുന്നു. അതിനാൽ നിത്യ കർമ്മങ്ങൾ കഴിഞ്ഞു് കുളിച്ചു ഉടനെ ആദ്യത്തെപ്പണി സന്ധ്യാവന്ദനമായിരുന്നു. പിന്നെ, രണ്ടാമത്തും ആ കുളത്തിൽപോയി അവനവൻെറ വസ്ത്രം അലക്കണം; വീട്ടിൽവന്നു ധാന്യം ശുചിയാക്കി

ക്കൊടുക്കണം; അതിന്നുശേഷം പഠിക്കാൻ തുടങ്ങണം. മഹാദേവ്ഭായി അതിന്നു മുമ്പ് ഒരിക്കലും വസ്ത്രം അലക്കുകയോ വെള്ളത്തിൽ മുങ്ങുകയോ ചെയ്തിട്ടില്ല. കുളത്തിലേക്കുള്ള പടവുകൾ ഇറങ്ങുമ്പോൾത്തന്നെ ഭയപ്പെട്ടിരുന്നു; ഇരുന്നു് ഓരോ പടിയായിട്ടാണു് ഇറങ്ങിയിരുന്നതു്. അതിനാൽ ഛോട്ടുഭായി ഇദ്ദേഹത്തെ മുകളിലിരുത്തി താൻ തന്നെ വസ്ത്രം അലക്കിക്കൊടുക്കും. ഇളയമ്മ ഇതറിഞ്ഞു് 'എന്തുകൊണ്ടു വസ്ത്രം സ്വയം അലക്കിയില്ല' എന്നു ചോദിച്ചു. പിന്നെ 'ഛോട്ടുഭായി വെള്ളത്തിൽ 'ക്രുളി' യിടാൻ തുടങ്ങി. മഹാദേവ് കരഞ്ഞുകൊണ്ടു് വീട്ടിൽ പോയി പറഞ്ഞു: "ഛോട്ടു കിണററിൽ വീണു; മുങ്ങിച്ചാവും". ഇളയമ്മ ഓടിക്കൊണ്ടുവന്നു നോക്കിയപ്പോൾ ഛോട്ടു നീന്തുന്നതു കണ്ടു. അവർ പറഞ്ഞു: "അവനു നീന്താൻ പഠിഞ്ഞു എന്നു തോന്നുന്നു" കാര്യം ഇളയച്ഛന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹം കുട്ടികളെ വസ്ത്രം അലക്കുവാൻ കുളത്തിലേക്കയക്കുന്ന പതിവു് നിർത്തൽ ചെയ്തു. അമ്മ കിണററിന്നരികെ വസ്ത്രം അലക്കിക്കൊടുക്കുകയും കുട്ടികൾ ഊഴമിട്ടു വെള്ളം വലിച്ചുകൊടുക്കുകയും ചെയ്യണം എന്നു അദ്ദേഹം വിധിച്ചു. മഹാദേവ് അതുവരെ വെള്ളം വലിച്ചിട്ടില്ലായിരുന്നു. തന്റെ ഊഴം വരുമ്പോഴേക്കു് കൈ വിറക്കുവാനും കണ്ണിൽനിന്നു വെള്ളം വരാനും തുടങ്ങും. അതിനാൽ ഛോട്ടുഭായി അദ്ദേഹത്തിന്നു ഈ പ്രവൃത്തിയിൽ നിന്നു ഒഴിവുവാങ്ങിക്കൊടുത്തു. അതിന്നു പകരം അദ്ദേഹം തനിയേ ധാന്യങ്ങൾ ശുചിയാക്കിക്കൊടുക്കും. അവിടത്തെ കോളേ

ജിന്റെ മുററത്തു് ഒരു മാവു നിന്നിരുന്നു. കുട്ടികൾ അതിൽനിന്നു കണ്ണിമാങ്ങ അറുത്തുതിന്നും; ഒരു ദിവസം ഷേരാട്ടുമായി മുകളിൽ 'കയറ്റിയിരിക്കുന്നുണ്ടു്; മഹാദേവും മറേറ സഹോദരനും ചുവട്ടിൽ നിന്നു മാങ്ങ തിന്നുന്നുമുണ്ടു്. അപ്പോഴേക്കു് കാവൽക്കാരൻ അവിടെ എത്തി. ആയാൾ ചുവട്ടിൽ നില്ക്കുന്ന ഈ രണ്ടു കുട്ടികളേയും പിടിച്ചു. ഷേരാട്ടുമായിയെ പിടിക്കാനായി മേലോട്ടു കയറി; അപ്പോഴേക്കു അദ്ദേഹം താഴോട്ടു ചാടി ഓടിപ്പോയി. ഇവരെ രണ്ടുപേരേയും ഹെഡ്മാസ്റ്ററുടെ അടുക്കൽ ഹാജരാക്കി. അദ്ദേഹം രണ്ടാൾക്കും നന്നാലണ പിഴ കല്പിച്ചു. ഖണ്ഡുഭായി പിഴ റദ്ദാക്കിക്കാനായി ഹെഡ്മാസ്റ്ററുടെ അടുക്കലേക്കുപോയി. അദ്ദേഹം പറഞ്ഞു: "കുട്ടികൾ വികൃതികളല്ലെന്നു എനിക്കറിയാം. പക്ഷേ, പിടിച്ചു കഴിഞ്ഞതിനാൽ എനിക്കു നിയമപ്രകാരം പിഴയിടുക തന്നെ വേണ്ടിവരും". ജൂനാഗഢിൽ ഒരു കൊല്ലം താമസിച്ചു. ഈ ഒരു കൊല്ലം മുഴുവനും ദിവസേന സന്ധ്യാവന്ദനം, ഏകാദശി മുതലായ ദിവസങ്ങളിൽ നിർബ്ബന്ധമായ ഉപവാസം, മാസത്തിൽ രണ്ടു തവണ ആവണക്കെണ്ണകുടിച്ചു് വയറിളക്കുക—ഈ കാര്യപരിപാടി തെററാതെ നടത്തിയിരുന്നു. നാഥൂറാം ശർമ്മ ജൂനാഗഢിൽ വരുമ്പോൾ അദ്ദേഹത്തെ കാണാൻ പോകണം. അദ്ദേഹം ചോദിക്കും: 'എന്താ രണ്ടുനേരവും സന്ധ്യാവന്ദനം കഴിക്കാറുണ്ടോ ? ഇങ്ങനെ ജൂനാഗഢിൽ കുറച്ചു കഠിനമായ അച്ചടക്കമാണു് അനുഭവപ്പെട്ടതു്.

---

# അദ്ധ്യായം. 3.

## സൂറത്തു് ഹൈസ്കൂളിൽ.

ഇതിന്നിടയിൽ പിതാജിക്കു് അഡാജൻ ഗ്രാമത്തി ലേക്കു മാററമായി. അതു തപതിയുടെ മറുകരയിൽ സൂറ ത്തിൽനിന്നു രണ്ടരനാഴിക മാത്രം ദൂരെ ആയിരുന്നു. അതിനാൽ അവിടെ താമസിച്ചു് സൂറത്തു് ഹൈസ്കൂ ളിലേക്കുപോകാം എന്നു വിചാരിച്ചു് മഹാദേവിനേയും അദ്ദേഹത്തിൻെറ ഇളയച്ഛൻെറ രണ്ടു കുട്ടികളേയും അതാ യതു് ആ മൂന്നു കുട്ടികളേയും നാലാം ക്ലാസ്സ് പൂർത്തിയാ ക്കിയപ്പോൾ ജൂനാഗഡിൽ നിന്നു മടക്കിവിളിച്ചു. ഇവി ടെ 1903 ഒടുവിൽ മഹാദേവ് അഞ്ചാംതരത്തിൽ ചേൻു. ശ്രീ. ജീവൺലാൽദിവാനാണു് കണക്കു പഠിപ്പിച്ചിരു ന്നതു്. ദിവസേന ആദ്യത്തെ പാഠം അദ്ദേഹത്തിൻേറതാ യിരുന്നു. ദിവസേന അഡാജൻ ഗ്രാമത്തിൽ നിന്നു വരണം. തണപ്പുകാലവുമായിരുന്നു. അതിനാൽ, ക്ലാസിലെത്താൻ 15—20 മിനുട്ടു് വൈകും. ദിവാൻ മാസ്റ്റർ മഹാദേവി നെ ബെഞ്ചിൽ കയററി നിത്തും. കുട്ടി മിണ്ടാതെ അവിടെ നില്ക്കും. പക്ഷേ, കുറച്ചു ദിവസം കൊണ്ടു് മാസ്റ്റക്കു കുട്ടി വളരെ പാവമാണെന്നും, പഠിക്കുന്നതിൽ സമത്ഥനാണെ ന്നും മനസ്സിലായി; അതിനാൽ എട്ടുപത്തു ദിവസം കൊ ണ്ടുതന്നെ ബെഞ്ചിൽ കയററി നിത്തുന്നതു് നിത്തൽ ചെയ്തു. ഈ ഗുരുനാഥൻ ക്ഷേത്രഗണിതം വളരെ നന്നായി പഠിപ്പിച്ചിരുന്നുവെന്നു മഹാദേവ് പറയാറുണ്ടു്.

അതു് ഇന്നും ഓർക്കുന്നുണ്ടു്. 1906ൽ പതിനഞ്ചുവയസ്സു തികയുന്നതിന്നു മുമ്പായി അദ്ദേഹം സൂറത്തു ഹൈസ്കൂളിൽ നിന്നു മെട്രിക്കു പാസ്സായി.

## അഡാജണിലെ ജീവിതത്തിൻെറ ആനന്ദകരമായ വശം.

അഡാജൻ ഗ്രാമത്തിൽ താമസിച്ച മൂന്നു കൊല്ലത്തിന്നിടയിൽ നല്ലതും ചീത്തയുമായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. ദിവസേന അവിടെനിന്നു സൂറത്തിൽ പോയിവരേണ്ടിയിരുന്നു. അതിനാൽ വയലുകളും ചുററി നടന്നു കാണാൻ ധാരാളം അവസരം കിട്ടി. പോകുമ്പോൾ നേരിട്ടു സ്കൂളിലേക്കുപോകും. പക്ഷേ, മടക്കത്തിൽ വയലുകളിൽ ചുററിനടന്നു പതുക്കെ വീട്ടിലെത്തും. അഡാജൻ സൂറത്തിന്നടുത്തായിരുന്നതിനാൽ അവിടെ ജനങ്ങൾ നെല്ലും കമ്പും കൃഷിചെയ്യുന്ന വയലുകളിൽ വെള്ളം നനക്കാൻതന്നെ പല പച്ചക്കറികളും കൃഷിചെയ്തിരുന്നു. അതിൽ ഒരുതരം 'കടല പ്രത്യേകം പ്രസ്താവ്യമാണു്. അതോടൊപ്പംതന്നെ നദിയിലെ മണലിൻെറ ഗുണവും അവരുടെ കൃഷിയ്ക്കു ലഭിച്ചിരുന്നു. അവിടെ വഴുതിന, മുളകു, വെള്ളരി മുതലായവ കൃഷിചെയ്തിരുന്നു. വഴിയിൽ ധാരാളം എലന്തമരങ്ങളുണ്ടായിരുന്നു. വീട്ടിൽനിന്നു ഉപ്പു് പൊതിഞ്ഞുകൊണ്ടുവരും; വഴിയിൽ വെള്ളരിക്കപ്പിഞ്ചു് ഉപ്പുചേർത്തു തിന്നു് പതുക്കെപ്പതുക്കെ നടന്നു് വീട്ടിലേക്കു പോകും. ഏപ്രിൽമാസത്തിൽ രാവിലെയാണു് സ്കൂൾ. അതു എലന്തപ്പഴം ഉണ്ടാവുന്ന കാലമാണു്. സ്കൂളിലേക്കുപോകുമ്പോൾ പഴം പറിച്ചുകൊണ്ടു പോകും. അതു

സ്കൂളിലെ ചങ്ങാതിമാക്ക പങ്കിട്ടുകൊടുക്കും. മടക്കത്തിൽ എലന്തപ്പഴം തിന്നുകൊണ്ട് പന്ത്രണ്ട്—ഒരുമണിക്ക് വീട്ടിലെത്തും. കടലയുണ്ടാവുന്നകാലത്ത് അതു ചാക്ക ചാക്കായി സൂറത്തിലേക്ക വില്ക്കാൻ കൊണ്ടുപോകും. മഹാദേവും മററും കടല പറിക്കാൻ കൃഷിക്കാരെ സഹായിച്ചിരുന്നു. അങ്ങനെ സഹായിക്കാൻ പോകുമ്പോൾ അവക്ക പത്തുഃസർവരെ കടലകിട്ടാറുണ്ട്.

അക്കാലത്തു തപതിയുടെ പാലത്തിന്മേൽ ചുങ്കമുണ്ടായിരുന്നു. വെറും കയ്യായിപോയിവരുന്നവരോടു ഓരോ പൈയും സാമാനങ്ങളുണ്ടെങ്കിൽ രണ്ടുപൈയും ചുങ്കം വാങ്ങിയിരുന്നു. സ്കൂളിൽ പോകുന്നവരേയും സക്കാരുദ്യോഗസ്ഥന്മാരേയും ചുങ്കക്കാരൻ വെറുതെ വിട്ടിരുന്നു. പക്ഷേ, ഇവർ ഞായറാഴ്ചദിവസമോ വല്ല ഉത്സവദിവസങ്ങളിലോ സൂറത്തിലേക്ക പോകുന്നതായാൽ ചുങ്കം വസൂലാക്കും. ഛോട്ടുഭായി ആദ്യം തന്നെ വികൃതിയായിരുന്നു. അദ്ദേഹം ചുങ്കക്കാരനോടു പറയും: "ഒഴിവുദിവസം ഞങ്ങളെ സ്കൂളിലേക്ക വിളിച്ചിട്ടില്ലെന്നു നിങ്ങൾ എങ്ങനെ അറിഞ്ഞു? ഞങ്ങളോടു ഓരോ പൈ വാങ്ങിയാൽ നിങ്ങളുടെ ലേലസംഖ്യ പൂത്തിയാവുമോ?" അവിടെനിന്നു ഏഴെട്ടു നാഴിക ദൂരത്താണ് ദിഹേൺ. അങ്ങോട്ട് ഇടയ്ക്കിടെ കാൽനടയായിപ്പോകും. സൂറത്ത് പാലംതുടങ്ങി രാന്തേർവരെ പോകാൻ കുതിരവണ്ടിക്കാക്ക് അരയണ കൊടുത്താൽ മതി. എന്നാൽ, അവർ ഒരിക്കലും അതു ചിലവാക്കിയിരുന്നില്ല. ആ രണ്ടു മുക്കാലിന്നു കടലയോ

പഴമോ വാങ്ങിത്തിന്നാമെന്നു വിചാരിക്കും. ഒരിക്കൽ ഗ്രാമത്തിലെ പട്ടേലിൻെറ കുട്ടിക്കു "ചൊള്ള"യുണ്ടായി. മഹാദേവ് ഈ കുട്ടിയുടെ ചങ്ങാതിയായിരുന്നു. അതിനാൽ മഹാദേവ് ഇടയ്ക്കിടെ ആ കുട്ടിയെ കാണാൻ പോവുകയും (ഡാക്ടരമ്മാമൻെറ) മരുന്നു കൊടുക്കുകയും ചെയ്തിരുന്നു. ഒരു ദിവസം രാത്രി കുറെ വൈകി ആയാളുടെ രോഗം വല്ലാതെ അധികമായി. മഹാദേവ് നോക്കാൻപോയി. മടങ്ങിവന്നു ഛോട്ടുഭായിയോടു പറയാൻ തുടങ്ങി: 'ഡാക്ടരമ്മാമനെ കൊണ്ടുവരേണ്ടിയിരുന്നു; പക്ഷേ, ഈ അസമയത്ത്, രാത്രി പന്ത്രണ്ടു മണിക്ക് ആരാണ് പോവുക? ഞാൻ അച്ഛനോടു ചോദിക്കാം. നീ പോകുമോ?" ഛോട്ടുഭായി പറഞ്ഞു. "വഴിയിൽ കുറച്ചങ്ങോട്ടു പോയാൽ ഭൂതമുണ്ട്; പട്ടേൽ അദ്ദേഹത്തിൻെറ കുതിരയെ തരുമെങ്കിൽ ഞാൻ അതിൻെറ പുറത്തു കയറി ഒരു നിമിഷംകൊണ്ടു സൂറത്തിൽ പോയി വരാം". മഹാദേവ് അച്ഛനോടു വിവരം പറഞ്ഞു, ഛോട്ടുഭായിക്കു കുതിരയെ വാങ്ങിക്കൊടുത്തു. ഛോട്ടുഭായി ഡാക്ടരെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം മരുന്നു കൊടുത്തു ആ കുട്ടിയുടെ രോഗം സുഖപ്പെട്ടു മഹാദേവ് പറയാൻ തുടങ്ങി. "എത്ര നന്നായി! നമുക്കു എന്തേ ചിലവു ചെയ്യേണ്ടി വന്നതു്?"

1904ൽ സൂറത്തിൽ—ഗുജറാത്തിൽ ഏതാണ്ടു് എല്ലായിടത്തും—പ്ലേഗ് പരന്നു. അതിനാൽ സ്കൂൾ പൂട്ടിയിരുന്നു. ദിഹേണിലും പ്ലേഗ് വ്യാപിച്ചിരുന്നു.

ബാപ്പുഭായി—വലിയപ്പൻ—'ഹജീര'ക്കട്ടത്തു് 'ഡാമകാ' എന്നഗ്രാമത്തിൽ പട്വാരിയായിരുന്നു. അതിനാൽ എല്ലാകുട്ടികളും രണ്ടുമാസം അവിടെ താമസിക്കാൻപോയി. ഒരിക്കൽ അവിടെ രാമലീലക്കാർ വന്ന അഞ്ചാറു ദിവസം കളിച്ചു. മഹാദേവ്, ഛോട്ടുഭായി മുതലായവർ ദിവസേന അതുകാണാൻ പോയിരുന്നു. ഈ കുട്ടികൾ ഇംഗ്ലീഷു സ്കൂളിൽ പഠിക്കുന്നവരായിരുന്നു. അതിനാൽ ചില ഗ്രാമീണർ മദ്യനിരോധത്തെപ്പററി പ്രസംഗിക്കാൻ ഇവരോടാവശ്യപ്പെട്ടു. മഹാദേവ് പറഞ്ഞു: "ഞാൻ മറയിൽനിന്നുകൊണ്ടു പ്രസംഗിക്കാം. എല്ലാവരുടേയും മുമ്പിൽനിന്നുകൊണ്ടു പ്രസംഗിക്കുവാൻ എനിക്കു ലജ്ജതോന്നുന്നു." അവസാനം മഹാദേവ് അപ്രകാരം പ്രസംഗിച്ചു. ഛോട്ടുഭായി മുമ്പിൽനിന്നുകൊണ്ടു തന്നെ സംസാരിച്ചു: ജനങ്ങൾക്കു് ഈ ഭാഷണങ്ങൾ വളരെ പിടിച്ചു.

ഒരിക്കൽ അഡാജനിലെ പട്ടേലിൻെറ മകൻ പറയാൻ തുടങ്ങി: "ഈ മഹാദേവ് തനിവെള്ളയാണു്. ഇയാളെ കോട്ടും ടൈയും എല്ലാം ധരിപ്പിച്ചാൽ ശരിയായ സായ്പാണെന്നു തോന്നും. കൂടാതെ ഇയാൾക്കു ഇംഗ്ലീഷും നല്ലപോലെ സംസാരിക്കാൻ സാധിക്കുന്നുണ്ടു്. ആ മരച്ചുവട്ടിൽ വെച്ചു മദ്യംവില്ക്കുന്ന പാർസിയെ നമുക്കൊന്നു കളിയാക്കാം. ഞാൻ പട്ടേലാവാം. നിങ്ങൾ (ഛോട്ടുഭായി) ഗുമസ്തനാവണം. മഹാദേവ് സായ്പും ആവും". പിന്നെ മഹാദേവിനെ സായ്പിൻെറ വേഷം കെട്ടിച്ചു; കൈയിൽ ഭംഗിയുള്ള ഒരു വടിയുംകൊടുത്തു. കള്ളുവില്ക്കുന്ന സ്ഥലത്തേയ്ക്കു പോയി. സായ്പു വരുന്നു എന്നുവിചാരിച്ചു്

2080 KOTTAYAM PUBLIC LIBRARY 40620

അവിടെയുള്ളവരെല്ലാം പരിഭ്രമിച്ചുവശായി. വെള്ളം ചേൎത്ത കള്ളായിരിക്കാം, അതെല്ലാം അവർ ഒഴിച്ചുകളഞ്ഞു. പട്ടേൽ സാസ്സിന്നു കള്ളു കാണിച്ചു കൊടുത്തു. സാസ്സ് വേഗം വേഗം ഇംഗ്ലീഷിൽ സംസാരിച്ചു. ഛോട്ടുഭായി ഗുജറാത്തിയിൽ ചോദിക്കുന്നുമുണ്ടു്. ഇങ്ങനെ അഞ്ചാറുമിനുട്ടു കഴിഞ്ഞു. അപ്പോഴേക്കു സാസ്സിന്റെ തലചൊറിഞ്ഞതിനാൽ തൊപ്പി എടുക്കേണ്ടതായിവന്നു. ഉടനെ ശിഖ (ഉച്ചിക്കുടുമ) പുറത്തുവന്നു. അപ്പോഴേക്കു കള്ളി പുറത്തായി, പാർസിയുടെ തല്ലു കൊള്ളേണ്ടിവരും എന്ന ഓൎമ്മ എല്ലാവൎക്കുമുണ്ടായി. ഛോട്ടുഭായി ധൈൎയ്യസമേതം പറഞ്ഞു: 'സാസ്സ് ബിലാത്തിക്കാരനല്ല; മദ്രാസുകാരനാണു്. ഈയിടെ പാസ്സായി വന്നതാണു്', എന്നും മററും പറഞ്ഞു് എല്ലാവരുംകൂടി അവിടെനിന്നു് ഓടിപ്പോന്നു. പക്ഷേ, ആ വഴിക്കാണു് ദിവസേന സ്കൂളിലേക്കു പോകേണ്ടിയിരുന്നതു്. അതിനാൽ മഹാദേവ് പറയാൻ തുടങ്ങി: "ഇനി ഈ വഴിക്കു പോകേണ്ട; ഈ പാർസി നമ്മെ തല്ലും". പിന്നെ കുറച്ചുദിവസം ഒരു വളഞ്ഞ വഴിയിൽകൂടി പോകാൻ നിശ്ചയിച്ചു.

## അഡാജനിലുണ്ടായ ചീത്ത അനുഭവങ്ങൾ.

ഇങ്ങനെ അഡാജനിലെ ദിവസങ്ങൾ ആനന്ദത്തിൽ കഴിച്ചുകൂട്ടുകയായിരുന്നു. എന്നാൽ അതിന്റെ നല്ലവശത്തോടൊപ്പം ചീത്തവശങ്ങളും ഉണ്ടായിരുന്നു. ഗ്രാമത്തിൽ ചിലചില ദിക്കിലെ അന്തരീക്ഷം വളരെ മലിനവും സംസ്കാരശൂന്യവുമായിരുന്നു. ആ ചളിയും അല്പം പററാതിരുന്നിട്ടില്ല. മണ്ണു വളരെ ഫലപുഷ്ടിയുള്ള

തായിരുന്നു. ജനങ്ങൾ പട്ടണത്തിൽ പോയി പച്ചക്കറിയും പാലും വിറകു വല്ലതും സമ്പാദിക്കും. എന്നാൽ ഈ പണത്തോടൊപ്പം പട്ടണത്തിന്റെ സാമീപ്യം നിമിത്തം പട്ടണത്തിലെ ചില ചീത്തത്തരങ്ങളും ഗ്രാമത്തിലേക്കു കടന്നുവന്നു. ചില കുട്ടികൾ പട്ടണത്തിൽ പോയി ചീത്തയായി വരികയും, വലിയ പരാക്രമം ചെയ്തു വന്നതുപോലെ പറയുകയും ചെയ്യും. ഒരു ഭാര്യയുണ്ടായിരിക്കേ മറെറാരു സ്ത്രീയെ വെക്കുക, ഭാര്യയെ വീട്ടിൽനിന്നു പുറത്താക്കുക മുതലായ പലേകാര്യങ്ങളും കേൾക്കുക പതിവായിരുന്നു. ചോളം, കമ്പു് മുതലായവയുണ്ടാവുന്ന കാലത്തു് അതു വാങ്ങാനായി പട്ടണത്തിലെ തെണ്ടികൾ വരിക പതിവാണു്. അവരും പട്ടണത്തിലെ ചില ചീത്തത്തരങ്ങൾ കൂടെ കൊണ്ടുവരും. ഈ വക കാര്യങ്ങളൊന്നും അന്നു മഹാദേവിന്നു പൂർണ്ണമായി മനസ്സിലായിരുന്നില്ല. എന്നാലും ആ കോമളഹൃദയത്തിൽ അതിന്റെ പ്രഭാവം പതിയാതിരുന്നില്ല. ഒരിക്കൽ ഒരുകുട്ടി മഹാദേവിനെ രാത്രി ഒരു പെൺകുട്ടിയുടെ അടുക്കലേക്കു കൊണ്ടുപോകാൻ ഏർപ്പാടുചെയ്തു. വേനൽക്കാലമായിരുന്നു. അതിനാൽ അവിടങ്ങളിൽ എല്ലാവരും മുററത്തു കട്ടിലിലാണു് കിടന്നുറങ്ങുക. ആ കുട്ടി മഹാദേവിനെ വിളിക്കാൻവന്നു. എന്നാൽ രാത്രി എഴുന്നേററു പോവാൻ മഹാദേവിന്നു ധൈര്യമുണ്ടായില്ല. 'എനിക്കു ഉറക്കം വരുന്നു. ഞാൻ പോകുന്നില്ല' എന്നു പറഞ്ഞു് മഹാദേവ് ആ കുട്ടിയുടെ കൂടെ പോയില്ല. ഇങ്ങനെ സാഹസക്കുറവു നിമിത്തം അദ്ദേഹം ചീത്തത്തരത്തിൽനിന്നു രക്ഷപ്പെട്ടു. അതിന്നു

ശേഷം ഏതാണ്ടു 22 കൊല്ലം കഴിഞ്ഞത് 1923ൽ ബാർദോളി താലൂക്കിൽ, നില നികുതി പരിശോധന സമിതിയുടെ മുമ്പാകെ കൃഷകരുടെ കാൎയ്യം പറയാൻ വേണ്ടി മഹാദേവും ഞാനും ഒരുമിച്ചു സഞ്ചരിക്കുമ്പോൾ ഞങ്ങൾക്കു അഡാജൻ ഗ്രാമത്തിലും പോകേണ്ടതായിവന്നു. അപ്പോൾ ഇതും മററു ചില സംഗതികളും ദുഃഖപൂൎവ്വം സ്മരിച്ചുകൊണ്ടു് മഹാദേവ് പറഞ്ഞു: "ഇത്തരം ചീത്തത്തരങ്ങൾക്കിടയിൽ ജീവിച്ചിട്ടും കേടുവരാതിരുന്നതു് എന്റെ നല്ലകാലം കൊണ്ടാണു്; ഈശ്വരന്നു എന്റെ പേരിൽ വലുതായ കൃപയുണ്ടായിരുന്നു്".

---

# അദ്ധ്യായം 4.

## വിവാഹം.

മഹാദേവിന്റെ വിവാഹം 1905ൽ, അദ്ദേഹം ഇംഗ്ലീഷ് ആറാം തരത്തിൽ പഠിക്കുമ്പോഴാണു് നടന്നതു്. മഹാദേവിനേക്കാൾ ഒന്നൊന്നര വയസ്സു താഴെയാണു് 'ദുർഗ്ഗാബെൻ'. അവരുടെ ഭവനം നവസരിക്കടുത്തു് 'കാലിയാവാഡി'ലാണു്. അച്ഛൻ, ഖണ്ഡുഭായി ലല്ലുഭായിദേശായി വിദ്യാഭ്യാസവിഭാഗത്തിൽ ഡിപ്യൂട്ടി ഇൻസ്പെക്ടരായിരുന്നു. മഹാദേവിന്റെ തല്ക്കാലത്തെ സ്ഥിതി അല്പം മോശമായിരുന്നുവെങ്കിലും അദ്ദേഹം ജനിച്ചിട്ടുള്ളതു് ഒരു കുലീനകുടുംബത്തിലാണു്. ഖണ്ഡുഭായിയാ

കട്ടെ വിദ്യാഭ്യാസവിഭാഗത്തിലാണു് ജോലിചെയ്യുന്നതു്; അതിനാൽ സ്കൂളിൽ പോയി കുട്ടി എങ്ങിനെയുള്ളവ നാണെന്നു അന്വേഷിച്ചു. എല്ലാം അദ്ധ്യാപകന്മാരും കുട്ടി സമത്ഥനും സുന്ദരനുമാണെന്നു പറഞ്ഞു. ഭട്ഗ്ഗാബെൻ പിന്നീട്ട മോഹിതയായിത്തീരും, എന്നാൽ അവരുടെ അച്ഛൻ മഹാദേവിനെ കണ്ടപ്പോഴേക്കുതന്നെ മോഹിത നായി; അദ്ദേഹത്തിന്നു കുട്ടിയെ വളരെ പിടിച്ചു; സാമ്പ ത്തിക സ്ഥിതിയെപ്പററി ഒട്ടും ആലോചിക്കാതെ 'വരനെ ക്കൊണ്ടു വീടുണ്ടാവുന്നു' എന്ന ന്യായപ്രകാരം അദ്ദേഹ ത്തെ തന്റെ ജാമാതാവായി സ്വീകരിച്ചു. ഖണ്ഡൂഭായി നൃസിംഹാചാര്യന്റെ ശിഷ്യനായിരുന്നു; അദ്ദേഹ ത്തിന്റെ കുടുംബവും ഒരു ഭക്തകുടുംബമായിരുന്നു എന്നു പറയാം. വാസ്തവത്തിൽ അദ്ദേഹം ഒരു യഥാത്ഥ ഭക്തനാ യിരുന്നു. ഭട്ഗ്ഗാബെൻ ഗുജറാത്തി ആറാം ക്ലാസ്സുവരെ പഠി ച്ചിരുന്നു; എന്നാൽ കുട്ടിക്കാലത്തുതന്നെ അവർ ഭക്തിപര മായ പല പുസ്തകങ്ങളും കീത്തനങ്ങളും വായിച്ചിരുന്നു. ഇനിയും മുന്നോട്ടുപോകുമ്പോൾ, മഹാദേവ് ഭായിയിലും ഭക്തിയുടെ സംസ്കാരം നല്ല ആഴത്തിൽ വേരൂന്നിയിരുന്നു എന്നു നമുക്കുകാണാം. ഇങ്ങനെ, അനായാസേന, യാതൊരു തിരച്ചിലും കൂടാതെതന്നെ മഹാദേവ് തനിക്കു യോജിച്ച വധുവിനെ ലഭിച്ചു.

ഭട്ഗ്ഗാബെൻ പറയാറുണ്ടു്. കാല്യാണം കഴിഞ്ഞു് സൂറത്തിൽ നിന്നു ദിവോണിലേക്കു പോകുമ്പോൾ ഞങ്ങ ളുടെ രഥത്തിൽ രണ്ടു ഏട്ടത്തിയമ്മമാരും ഉണ്ടായിരുന്നു.

മഹാദേവ് സംസാരിക്കുന്നതിലും കളി തമാശ പറയുന്നതിലും ആദ്യംതന്നെ വലിയ ഇഷ്ടമുള്ളവനാണ്; അതിനാൽ അദ്ദേഹം വഴിയിൽ മുഴുവനും ഏട്ടത്തിയമ്മമാരോട് തമാശ പറഞ്ഞു കൊണ്ടിരുന്നു. ഇതു കേട്ട് ദുർഗ്ഗാബെന്ന് എന്തിനാണ് ഇങ്ങനെ വെറുതെ പറഞ്ഞു കൊണ്ടിരിക്കുന്നതെന്നു തോന്നി. ഏട്ടത്തിയമ്മമാർ പറയാൻ തുടങ്ങി; കല്യാണം കഴിക്കണ്ടായിരുന്നുവെങ്കിൽ പിന്നെ എന്തിനു കഴിച്ചു? വിവാഹമണ്ഡപത്തിൽ നിന്നു ഓടിപ്പോകുമായിരുന്നു; പക്ഷേ, ഒന്നും പറയാതെ നീ പിടിച്ചു നിന്നു" മഹാദേവ്ഭായി പറഞ്ഞു: "എനിക്കു വധുവിനെ പിടിച്ചില്ലെങ്കിൽ ഞാൻ കല്യാണം കഴിക്കുകയില്ലായിരുന്നു. ഇതു എനിക്കു വളരെ പിടിച്ചു. അതിനാൽ ഞാൻ അല്ലാ എന്നു പറയുകയോ എഴുന്നേററു നടക്കുകയോ ചെയ്തില്ല." ഇത്തരം വിനോദങ്ങൾക്കു പുറമെ, വഴിയിൽ മുഴുവനും ഏട്ടത്തിയമ്മമാരോടു പലതരം തമാശകളും പറഞ്ഞിരുന്നു. ദുർഗ്ഗാബെൻ കഠിനമായ അച്ചടക്കത്തിൽ വളർത്തപ്പെട്ടവളാണ്. അതിനാൽ ഇത്തരം നിർദ്ദോഷവും എന്നാൽ ഗ്രാമ്യമായിത്തോന്നുന്നതുമായ വിനോദം അവൾക്കു സംസ്കാര ശൂന്യവും അസഭ്യവുമാണെന്നു തോന്നി. പിന്നെ രഥം വീട്ടിന്നടുത്തെത്തി ഇറങ്ങാൻ പറഞ്ഞപ്പോൾ മൺ ചുമരോടുകൂടിയ, ആ ചെറിയ പുര തൻേറതായിരിക്കുമെന്നു അവൾക്കു വിചാരിക്കാൻ കഴിഞ്ഞില്ല. ഒരു വല്ല പാവങ്ങളുടേയും കുടിലായിരിക്കുമെന്നാണ് അവർ കരുതിയതു്. ഇതാണ് ആദ്യത്തെ അനുഭവം. എന്നാൽ, പിന്നീട് ഭർതൃഗൃഹത്തിലെ ആളുകളുടെ പെരു

മാററവും, അവിടുത്തെ സംസ്കാരവും ശരിയായി മനസ്സ ലായതോടുകൂടി തൻെറ മനസ്സിലുണ്ടായിരുന്ന വല്ലായ്മ ഇല്ലാതാവുകയും ചെയ്തു.

---

## അദ്ധ്യായം 5.

മഹാദേവ് മെട്രിക്ക് ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ അച്ഛന്നു ബൽസാഡിലേക്കു മാററമായി. പക്ഷെ, അവസാനത്തെ കൊല്ലം കുട്ടികളുടെ സ്കൂൾ മാററരുതെന്നു കരുതി അഡാജനിലെ വീടു വിട്ടുകൊടുത്തില്ല. ഇങ്ങനെ സൂറത്തിലെ സ്കൂളിൽ നിന്നുതന്നെ 1906ൽ മഹാദേവ് മെട്രിക്ക് പാസ്സായി. സ്കൂളിൽ അദ്ദേഹം ഒന്നാമനായി രുന്നുവെന്നു പറയേണ്ടതില്ല; മെട്രിക്ക് പരീക്ഷയിലും തൻെറ ഹൈസ്കൂളിലെ വിദ്യാത്ഥികളിൽ അദ്ദേഹം ഒന്നാമനായിരുന്നു. പരീക്ഷയ്ക്കു ബോമ്പായിലേക്കു പോ കേണ്ടിവന്നു. മഹാദേവിന്നു വളരെ ചെറുപ്പമായിരുന്നു; അതിനാൽ അച്ഛൻ അദ്ദേഹത്തെ ബോമ്പായിലേക്കു കൂട്ടി ക്കൊണ്ടുപോയി. അവിടെ തൻെറ ഒരളിയൻെറ ഭവന ത്തിൽ, ഗ്രാൻറ റോഡിൽ താമസിച്ചു. അച്ഛന്നു ജോലി യുണ്ടായിരുന്നു; അതിനാൽ അദ്ദേഹം ഉടനെ മടങ്ങി പ്പോന്നു. മഹാദേവ് പരീക്ഷസ്ഥലത്തു നിന്നു വീട്ടി ലേക്കു മടങ്ങുമ്പോൾ വഴി മറന്നുപോയി, അവിടെനിന്നു കരയാൻ തുടങ്ങി. അവസാനം ഒരു പോലീസുകാരൻ

അദ്ദേഹം പറഞ്ഞു കൊടുത്ത മേൽവിലാസം നോക്കി അദ്ദേഹത്തെ വീട്ടിലെത്തിച്ചു. ചെറുപ്പത്തിൽ മെട്രിക്ക പാസ്സാവുന്നതുകൊണ്ടു വലുതായ ഗുണമൊന്നും ഇല്ല; പ്രത്യുത സാർവ്വത്രികമായ വികാസത്തെപ്പററി നോക്കിയാൽ അത്ര ആദരണീയവുമല്ല. ഞാനും അക്കൊല്ലം മെട്രിക്ക പാസ്സായി. ഞങ്ങൾ പാസ്സായ പിറെറ കൊല്ലം മുതൽ പതിനാറു വയസ്സുതികയാതെ മെട്രിക്ക പരീക്ഷയിൽ ഇരിക്കാൻ പാടില്ല എന്ന നിയമം നടപ്പായി.

## കോളേജ് ഹോസ്റ്റലിൽ.

1907 ജനവരിയിൽ അദ്ദേഹം എൽഫിൻസ്റ്റൻ കോളേജിൽ ചേൎന്നു. അച്ഛന്നു അന്നു 40/-ക ശമ്പളമാണു് കിട്ടിയിരുന്നതു്. അതിനാൽ സ്വന്തം കൈയിൽ നിന്നു എല്ലാ ചെലവും ചെയ്തു ബോമ്പായിൽ താമസിച്ചു പഠിക്കാനുള്ള സ്ഥിതിയുണ്ടായിരുന്നില്ല. ഗോകുൽദാസ് തേജപാൽ ബോർഡിങ്ങിൽ ഫ്രീബോർഡറുടെ നിലയിൽ ചേൎത്തിക്കിട്ടാൻ ഒരു ഹരജി കൊടുത്തു. അതിൽ സ്ഥലം കിട്ടുമെന്നു പൂൎണ്ണമായും ആശിച്ചിരുന്നു. പക്ഷേ, മറുപടി കിട്ടാൻ അഞ്ചുപത്തുദിവസം താമസം നേരിട്ടു. അതുവരെക്കും എൽഫിൻസ്റ്റൺ കോളേജ് ഹോസ്റ്റലിൽതന്നെ താമസിച്ചു. ഹോസ്റ്റലിലെ ആദ്യത്തെദിവസത്തെ വൎണ്ണിച്ചുകൊണ്ടു് മഹാദേവ് പറയാറുണ്ടു്. അവിടുത്തെ വിദ്യാൎത്ഥികൾ സായ്പുമാരുടെമട്ടു്. ഏതു കാൎയ്യത്തിന്നും വേലക്കാരെ വിളി, പണം ചെലവഴിച്ചുവിടുന്ന പതിവു്, അടുക്കളയിലെ പലതരം കറികൾ, ഈരണ്ടുതരം പച്ചക്കറി,

പാല്പ്, പൂരി ഇവയെല്ലാം തിന്നുന്നതിലധികം ശേഷി ക്കുക—ഇതെല്ലാം കണ്ടു ഞാൻ ആശ്ചര്യപ്പെട്ടുപോയി. ആദ്യത്തെ ദിവസം എനിക്കു ഒരു കബളംപോലും ഉണ്ണാൻ കഴിഞ്ഞില്ല. ഇത്തരം ചിലവിൻെറ ഭാരം എങ്ങനെയാണു് അച്ഛനെക്കൊണ്ടു വഹിപ്പിക്കുക? പിതാജി വീട്ടിൽ എന്താണു് തിന്നുന്നതു്. ഏതു പ്രകാര മാണു് ജീവിക്കുന്നതു്, ഞാനോ ഇങ്ങനെ ദുർവ്യയം ചെയ്യുകയും! പിതാജി എന്താവശ്യപ്പെട്ടാലും തരാതിരി ക്കയില്ലെന്നുള്ള പൂൎണ്ണവിശ്വാസമുണ്ടായിരുന്നു. നിലം വിററിട്ടെങ്കിലും പഠിപ്പിക്കാൻ അദ്ദേഹം സന്നദ്ധ നായിരുന്നു. ഇതോക്കുമ്പോഴു മഹാദേവിന്നു കൂടുതൽ മനോവ്യഥ തോന്നി. ആദ്യത്തെ രാത്രി മുഴവനും കരഞ്ഞു കഴിച്ചുകൂട്ടി. ഗോകുൽദാസ് ബോർഡിങ്ങിൽ പ്രവേശനം കിട്ടുമെന്നു ആശയുണ്ടായിരുന്നു; അതിനാൽ മനസ്സുറപ്പിച്ചു് അവിടെ താമസിച്ചു; പത്തു ദിവസം വളരെ ദുഃഖത്തോടെ കഴിച്ചുകൂട്ടി.

ദാരിദ്ര്യത്തിൻെറ അനുഭവം.

അപ്പോഴേക്കു ബോർഡിങ്ങിൽ പ്രവേശനം ലഭിച്ചു. അതോടൊപ്പം കോളേജിൽനിന്നു ഒരു വിദ്യാൎത്ഥിവേതനവും കിട്ടി. അതിനാൽ അച്ഛന്നു ഒരു തരത്തിലുള്ള ഭാരവും നൽകേണ്ടി വന്നില്ല. ഏതാണ്ടു് ഇതേമാതിരി വിഷമത ഇൻറർ പാസ്സായതിന്നുശേഷവും ഉണ്ടായി. ഗോപാൽദാസ് തേജപാൽ ബോർഡിങ്ങിൽ താമസം, ഭക്ഷണം, വസ്ത്രം, കോളേജിലെ ഫീസിൽ ഏതാണ്ടു പകുതി [ബോമ്പായിൽ

40620

ഏററവും കുറഞ്ഞഫീസുള്ള കോളേജിലെ ഫീസ് ബോർഡിങ്ങിൽ നിന്നു കിട്ടിയിരുന്നു. വിദ്യാർത്ഥിക്ക അധികം ഫീസുള്ള കോളേജിലേക്ക പോകണമെങ്കിൽ ആ അധികമുള്ള സംഖ്യ സ്വന്തം കൈയിൽനിന്നുതന്നെ കൊടുക്കണം) ഇത്രയും സൌജന്യമായി കിട്ടിയിരുന്നു. എന്നാൽ, പുസ്തകങ്ങൾ, ട്രാം, റെയിൽവേ, ലഘുഭക്ഷണം മുതലായ ചില്ലറ ചിലവുകൾ വിദ്യാർത്ഥിവേതനം കൊണ്ടും നിറവേററിയിരുന്നു. ഇൻടർ പരീക്ഷയിൽ വിദ്യാർത്ഥിവേതനം കിട്ടുന്നതിന്നു വേണ്ടതിൽ ഒരു മാക്ക കുറച്ചാണു് കിട്ടിയതു്; അതിനാൽ പഠിപ്പുതുടരേണമോ വേണ്ടയോ എന്ന ആലോചനയിൽ പെട്ടുപോയി. അച്ഛനെ ഈ വിവരം അറിയിച്ചില്ല. കാരണം, അദ്ദേഹം എന്തു ചിലവുചെയ്താലും പഠിപ്പു തുടരണം എന്ന ആഗ്രഹക്കാരനായിരുന്നു. ആദ്യത്തെ കൊല്ലം മുതൽക്കുതന്നെ ശ്രീ. വൈകുണ്ഠഭായി ലല്ലുഭായിമെത്ത മഹാദേവ് ഭായിയുടെ സഹപാഠിയായിരുന്നു. രണ്ടു പേരും വലിയ ചങ്ങാതിമാരും ആയിരുന്നു. അദ്ദേഹത്തിന്നു മഹാദേവ് ഭായിയേക്കാൾ അധികം മാക്ക കിട്ടി. അതിനാൽ വിദ്യാർത്ഥിവേതനം ലഭിച്ചു. എന്നാൽ മഹാദേവിന്റെ വിഷമത മനസ്സിലാക്കിയ ഉടനെ അദ്ദേഹം അച്ഛന്റെ അനുമതിവാങ്ങി—അതു വേഗം ലഭിച്ചു—മഹാദേവിനോടോ, കോളേജിലെ മററാരോടെങ്കിലുമോ ഒന്നും പറയാതെ, തന്റെ വിദ്യാർത്ഥിവേതനം മഹാദേവിന്റെ പേരിലേക്ക മാററി. സർലല്ലുഭായിക്ക—ഇദ്ദേഹത്തിന്റെ മക്കളെപ്പോലെ മഹാദേവ് ഭായിയും ഇദ്ദേഹത്തെ 'ലല്ലുക്കാക്കാ' എന്നാണു് വിളിച്ചുവരുന്നതു്—

മഹാദേവ്ഭായിയുടെ പേരിൽ വലുതായ വാത്സല്യമുണ്ടായിരുന്നു; അവരെല്ലാവരും മഹാദേവ്ഭായിയെ കുടുംബത്തിലെ ഒരംഗമായിട്ടാണു് കരുതിയിരുന്നതു്.

## ശ്രീമാന്റെ സ്വഭാവം

ദാരിദ്ര്യത്തിന്റെ ഇത്തരം അനുഭവങ്ങൾ നിമിത്തം ചിലരുടെ മനസ്സിൽ ഏറെക്കുറെ കാഠിന്യം ഉളവായിത്തീരും. അവക്കു പണത്തിന്റെ വില വളരെ അധികമായിത്തോന്നും; പണത്തിന്നു അത്യാഗ്രഹവും ഉണ്ടാവും. എന്നാൽ ഇപ്രകാരമുള്ള ഒന്നിന്നും മഹാദേവ്ഭായിയുടെ മനസ്സിലേയ്ക്കു കടക്കാൻ കഴിഞ്ഞിട്ടില്ല. ഗോവൎദ്ധനരാം, ശ്രീമാൻ എന്നതിന്നു ഒരു പ്രത്യേക അത്ഥം നൽകിയിട്ടുണ്ടു്. "ആയാൾ ധനത്തിൽ ആഗ്രഹം വെക്കുകയില്ല; സാമ്പത്തികവിഷമതകൾകൊണ്ടു് ആയാളുടെ മനസ്സ് അല്പംപോലും വ്യാകുലപ്പെടുകയില്ല." ഈ വ്യാഖ്യാനപ്രകാരം അദ്ദേഹം ആദ്യംമുതൽക്കുതന്നെ ശ്രീമാനായിരുന്നു. കോളേജിലായിരുന്നകാലത്തു് മഹാദേവ്ഭായിയുടെ വ്യക്തിത്വം തന്റെ ഹൃദയത്തിൽ ഏതു പ്രകാരത്തിലാണു് പതിഞ്ഞിരുന്നതെന്നു വിവരിച്ചുകൊണ്ടു് ശ്രീ. വൈകുണ്ഠഭായി എഴുതുന്നു: "കോളേജിൽ പഠിക്കുന്ന വിദ്യാത്ഥികളുമായുള്ള സംബന്ധം മധുരമായിരിക്കുന്നതുപോലെ തന്നെ ചിലപ്പോൾ കയ്പായും അനുഭവപ്പെടും. ഞങ്ങൾ ബോമ്പായിലെ എൽഫിൻസ്റ്റൻ കോളേജിൽ നാലുകൊല്ലം ഒരുമിച്ചു കഴിച്ചുകൂട്ടി. ആ കാലത്തിലിടക്കു ഒരൊററ കറുത്ത വാക്കുപോലും അദ്ദേഹത്തിൽനിന്നു കേട്ടതായി ഞാൻ ഓക്കുന്നില്ല."

"ആദ്യം മുതല്ക്കുതന്നെ ഗാംഭീര്യം അദ്ദേഹത്തിന്റെ ഒരു പ്രധാന ലക്ഷണമായിരുന്നു. വിദ്യാർത്ഥികളുടെ ജീവിതത്തിലുണ്ടാവുന്ന വിനോദമൊന്നും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല എന്നല്ല ഞാൻ പറയുന്നതു്. എന്നാൽ അദ്ധ്യാപകന്മാരേയോ സഹപാഠികളേയോ നിന്ദിക്കുകയോ ധിക്കരിക്കുകയോ അദ്ദേഹം ചെയ്തിരുന്നില്ല. തമ്മിൽ കാണാനോ സംസാരിക്കാനോ ഇടവരുമ്പോഴെല്ലാം പഠിപ്പിനെപ്പററിയോ നാട്ടിലെ സ്ഥിതിയെപ്പററിയോ സംസാരിക്കാനാണു് അദ്ദേഹത്തിന്നു ഔത്സുക്യമുണ്ടായിരുന്നതു്. വർത്തമാനം പറയുന്നതിൽ അദ്ദേഹത്തിന്നു ആദ്യം മുതല്ക്കു തന്നെ താത്പര്യമുണ്ടായിരുന്നു. എന്നാൽ അതിലെ പ്രാവീണ്യം അദ്ദേഹത്തിന്റെ വ്യക്തിത്വം വികസിച്ചതോടുകൂടി വർദ്ധിച്ചുകൊണ്ടേ ഇരുന്നു."

# അദ്ധ്യായം 6.

## കളി, തമാശകളിൽ താത്പര്യമില്ല.

ഇവിടെ മഹാദേവിന്റെ ജീവിതത്തിലെ ഒരു പ്രധാനസംഗതി വിവരിക്കാം. അദ്ദേഹം ഏതെങ്കിലും കളിതമാശകളിൽ ഏർപ്പെട്ടിരിക്കുന്നതു താൻ കണ്ടിട്ടില്ലെന്നു വൈകുണ്ഠഭായി എഴുതിയിട്ടുണ്ടു്. ഏർപ്പെടുന്നതിരിക്കട്ടെ, അകത്തിരുന്നോ മൈതാനത്തിൽപോയോ കളിക്കുന്ന ഒരൊററ കളിയിലെങ്കിലും അദ്ദേഹത്തിന്നു താത്പര്യമുണ്ടായിരുന്നില്ല. ശീട്ടുകളിക്കുകതന്നെ ചെയ്തി

ട്ടില്ലാത്തവർ ഉണ്ടായിരിക്കുമോ എന്ന സംശയമാണ്. എന്നാൽ അദ്ദേഹം ഒരിക്കലും അതു കളിച്ചിട്ടില്ല. ഓട്ടം, ചാട്ടം, ക്രിക്കറ്റു മുതലായ വ്യായാമപരമായ കളികൾ ഇവയിലൊന്നിലും അദ്ദേഹം പങ്കെടുത്തിട്ടില്ല. മാച്ച് സ്പോർട്ട്സ് മുതലായവ കാണാൻ പോകുന്നതിന്നുള്ള ആഗ്രഹംപോലും അദ്ദേഹത്തിന്നുണ്ടായിട്ടില്ല. അഹമ്മദാബാദിൽ, സാധാരണ എല്ലാ വക്കീൽമാരും ഗുജറാത്ത് ക്ലബ്ബിലെ മെമ്പർമാരായിരിക്കും. അവിടെ ശീട്ട്, ചതുരംഗം, ബില്ലിയേർഡ്, ടെന്നീസ് മുതലായവ കളിക്കുക പതിവാണ്. മഹാദേവ് വക്കീലായി അഹമ്മദാബാദിൽ ഒരു കൊല്ലത്തിലധികം താമസിച്ചിട്ടുണ്ടായിരിക്കും; എന്നിട്ടും അദ്ദേഹം ഗുജറാത്ത് ക്ലബ്ബിൽ മെമ്പറായിട്ടില്ല. അതിന്നുപകരം ഭദ്രക്കിന്നടുത്തുള്ള ഹീമാഭായി ഇൻസ്റ്റിട്ട്യൂട്ടിലെ ഒരു മെമ്പറായി. അവിടത്തെ ഗ്രന്ഥാലയത്തിൽ പല പഴയ വിശിഷ്ടഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. അതിന്റെ വാർഷികബജററും വളരെ ചെറുതായിരുന്നു. എന്നാലും മഹാദേവ് മെമ്പറായശേഷം നല്ല നല്ല പുസ്തകങ്ങൾ ശുപാർശചെയ്തു വരുത്തി. അദ്ദേഹം അഹമ്മദാബാദിലായിരുന്നകാലത്തു ഞാനും ദുർല്ലഭമായേ ക്ലബ്ബിൽ പോയിരുന്നുള്ളു. ഞങ്ങൾ കോടതിയിൽനിന്നു നേരിട്ടു ഹീമാഭായി ഇൻസ്റ്റിട്ട്യൂട്ടിലേക്കു പോകും; അവിടെനിന്നു കുറച്ചു നേരം നടക്കാനും പോകും.

സാബർമതി നദിയിൽ, വർഷക്കാലത്തെ വെള്ളപ്പൊക്കമെല്ലാം അവസാനിച്ചാലും, ധാരാളം വെള്ളമുണ്ടായിരിക്കും. അതു ശുദ്ധവുമായിരിക്കും. അപ്പോൾ നീന്താൻ

TTAYAM PUBLIC LIB

നല്ല രസമുണ്ടു്. ഒരു വൎഷക്കാലത്തു് ബാപൂജിക്കൂടി നിയമേന നീന്താൻ വന്നിരുന്നു. എന്നാൽ മഹാദേവ് നീന്തൽ, പഠിക്കാൻപോലും പരിശ്രമിക്കുകയുണ്ടായിട്ടില്ല.

## വ്യായാമം—വെറും നടത്തംമാത്രം

ദിവസേന നവജീവൻ പ്രസ്സിലേക്കും സംസ്ഥാന സമിതിയിലേക്കും കാൽ നടയായി വന്നുപോകുന്നതു കണ്ടു് ഞാനദ്ദേഹത്തോടുകൂടി സൈക്കിൾ പഠിക്കാൻ ആഗ്രഹപൂൎവ്വം ആവശ്യപ്പെടുകയുണ്ടായി. ഞാൻ നാലുദിവസം കൊണ്ടു് പഠിപ്പിച്ചുകൊടുക്കാമെന്നു കൂടി പറഞ്ഞു. പക്ഷേ ഒരു ദിവസം മാത്രം പഠിക്കാൻവന്നു; അന്നു അല്പം മുറിപററി, അതിനാൽ അന്നുതന്നെ അതു അവസാനിപ്പിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: വല്ല മൎമ്മ സ്ഥലത്തും മുറിപററുകയും അധികം ദിവസം കിടക്കേണ്ടിവരികയും ചെയ്താലോ ? അത്തരം ആപത്തിൽ പെടുന്നതിനേക്കാൾ നല്ലതു് കാൽനടയായിപോകുന്നതാണു്. ഇതുകൊണ്ടു് വ്യായാമവും ലഭിക്കുന്നു. അദ്ദേഹത്തിന്നു നടക്കാൻ അതിയായ താത്പൎയ്യമുണ്ടായിരുന്നു. ഒരു തരത്തിലുള്ള പ്രത്യേക വ്യായാമവും അദ്ദേഹം ചെയ്തിട്ടില്ല; അതിനാൽ അദ്ദേഹത്തിൻെറ ദേഹം സുദൃഢമായിരുന്നില്ല: എന്നാൽ അതു സുദൃഢമല്ലെന്നും പറഞ്ഞുകൂടാ. അഹമ്മദാബാദിൽ അദ്ദേഹത്തിന്നു പല പ്രാവശ്യവും ആശ്രമത്തിൽനിന്നു നവജീവൻ പ്രസ്സിൽപോയി വരേണ്ടിവരും. അദ്ദേഹം വളരെവേഗം നടക്കും. അദ്ദേഹത്തിന്നു മണിക്കൂറിൽ നാലു മൈൽ വീതം നടക്കാൻ സാധിച്ചിരുന്നു. 1918ൽ

പട്ടാളത്തിൽ ആളെ ചേർത്തിരുന്നകാലത്തു്, അധികം ദൂരം നടക്കാനുള്ള പരിചയം സമ്പാദിക്കാനായി അദ്ദേഹം നാഡിയാഡിലെ ഹിന്ദു അനാഥാശ്രമത്തിൽ നിന്നു്—അവിടെയാണു് അദ്ദേഹം വസിച്ചിരുന്നതു്—നന്ന രാവിലെ എഴമ്നേററു്, ഒമ്പതു നാഴിക ദൂരം പോയിവന്നിരുന്നു. ഇങ്ങനെ 18 നാഴിക നടക്കുകയും പിന്നീടു പകൽ മുഴുവനും ബാപ്പുവിൻെറ എല്ലാതരത്തിലുള്ള പ്രവൃത്തികളും ചെയ്യുകയും പതിവായിരുന്നു. ബാപ്പുജി വർദ്ധയിലെ മഗൽവാഡിയിൽനിന്നു് സേവാഗ്രാമിലേക്കു താമസം മാററി. അന്നു തനിയ്ക്കൊററയ്ക്കു് അവിടെ താമസിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. അതിനാൽ മഹാദേവ്ഭായി മഗൽവാഡിയിൽത്തന്നെ താമസിച്ചു. അവിടെനിന്നു ഏകദേശം 12 മണിക്കു അഞ്ചര നാഴിക സേവാഗ്രാമിലേക്കു നടക്കുകയും വൈകുന്നേരം മടങ്ങി പോരുകയും ചെയ്തിരുന്നു. ചിലപ്പോഴൊക്കെ, വല്ല പ്രധാനകാര്യവും ഉണ്ടാവുമ്പോൾ രണ്ടു പ്രാവശ്യം, അതും ആ ഉച്ചവെയിലത്തു് പോയിവരേണ്ടിവരും. ആ ദിവസങ്ങളിൽ പതിനൊന്നിന്നുപകരം നടത്തം ഇരുപത്തിരണ്ടു നാഴികയാവും. അദ്ദേഹത്തിൻെറ ആരോഗ്യം തകരാറാവാനും, രക്തസമ്മർദ്ദം വർദ്ധിക്കാനും മററും ഒരുപക്ഷേ, ഇതായിരിക്കാം കാരണം. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ ശരീരം വെയിൽ കൊള്ളാൻ പററിയതല്ലായിരുന്നു.

കോമളമെങ്കിലും സുശക്തം.

ഇത്ര നടന്നാലും പ്രഭാതത്തിലും രാത്രിയിലും അദ്ദേഹത്തിൻെറ എഴുത്ത് വായന മുതലായവയെല്ലാം തുല്പിന്നോ ഒരിക്കലും ഭംഗം നേരിട്ടിരുന്നില്ല. അദ്ദേഹത്തിൻെറ മുഖ്യമായ വ്യായാമം നടത്തമായിരുന്നു; അതിനാൽത്തന്നെ അദ്ദേഹം തൻെറ ശരീരത്തിൻെറ ആരോഗ്യം സുരക്ഷിതമാക്കി വെക്കുകയും ചെയ്തിരുന്നു. മഹാദേവ്ഭായി കാഴ്ചയിൽ കോമളനും സുന്ദരനുമായിരുന്നു. എന്നാലും ബാപ്പുജിയുടെ കൂടെ സഞ്ചരിക്കുമ്പോൾ അദ്ദേഹം കൂലിപ്പണി മുതൽ എഴുത്തുപണിവരെയുള്ള എല്ലാം ചെയ്യും. പലപ്പോഴും അദ്ദേഹത്തിൻെറ സന്ദേശവാഹകനാവും. ഇങ്ങനെ, ശരീരത്തിന്നും മനസ്സിന്നും ക്ഷീണം തട്ടിക്കുന്ന പലപ്രവൃത്തികളും ചെയ്തിട്ടും മഹാദേവ് തളൎന്നിട്ടില്ല; നേരെ മറിച്ച് കാഴ്ചയിൽ ശക്തന്മാരാണെന്നു തോന്നുന്ന പലരും തളരുകയും അവരുടെ ധൈൎയ്യം ക്ഷയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്നു കാരണം രണ്ടാണ്. ഒന്നു്, നടക്കുന്ന സമ്പ്രദായം. രണ്ടു, ഭക്ഷണത്തിൽ സംയമം— അതായതു് എപ്പോഴും അല്പം കുറവായി ഭക്ഷിക്കുക. ബാപ്പുജിയുടെ കൂടെ സഞ്ചരിക്കുമ്പോൾ ഓരോസ്റ്റേഷനിലും അദ്ദേഹത്തിൻെറ പാൎട്ടിയിലുള്ളവൎക്ക് തിന്മാൻ കുന്നുകുന്നായി സാമാനങ്ങൾ വരും. അതിൽനിന്നു രക്ഷപ്പെടാനായി അദ്ദേഹം ഒരു ദിവസം മൂന്നു പ്രാവശ്യം മാത്രമേ ഭക്ഷണം കഴിക്കുകയുള്ളൂ എന്ന നിയമം വളരെ കാലത്തോളം പാലിച്ചുപോന്നു. മൂന്നു പ്രാവശ്യം ഭക്ഷിക്കുക

എന്നതിൻെറ താല്പര്യം ആ മൂന്നു പ്രാവശ്യമല്ലാതെ ചായയോ പാലോ ഒരു ധാന്യമണിപോലുമോ വായിലാക്കുകയില്ലാ എന്നായിരുന്നു. ഓർക്കാതെ വല്ലതും വായിലിട്ടുപോയാൽ അതിനെ ഒരു പ്രാവശ്യമായി ഗണിക്കും. ഗോകുൽദാസ് തേജപാൽ ബോർഡിങ്ങിൽ ചപ്പാത്തിയും റൊട്ടിയും ഉണ്ടാക്കുന്നതു അത്ര നന്നാവാറില്ല; പലപ്പോഴും കുട്ടികൾക്കു അജീർണ്ണം കൊണ്ടു രോഗമുണ്ടാവും. എന്നാൽ മഹാദേവ് കോളേജിൽ പഠിച്ചിരുന്ന നാലു കൊല്ലത്തിൽ ഒരിക്കലെങ്കിലും രോഗബാധിതനായിട്ടില്ല. ഇതിന്നു കാരണം അദ്ദേഹത്തിൻെറ നടക്കുന്ന പതിവും, വയറു നിറയുന്നതിന്നു മുമ്പായി കിണ്ണത്തിന്നു മുമ്പിൽനിന്നു എഴുന്നേല്ക്കുന്ന പതിവുമാണ്. വയറു വല്ലാതെ നിറയുന്നതുവരെ ഭക്ഷണം കഴിച്ച നിലയിൽ ഞാൻ അദ്ദേഹത്തെ ഒരിക്കലും കണ്ടിട്ടില്ല. അതുപോലെ തന്നെ ഏതു തരത്തിലുള്ള ഭക്ഷണമായാലും അതുകൊണ്ടു് അദ്ദേഹത്തിന്നു ആലസ്യം ഉളവായിട്ടുള്ളതും ഞാൻ കണ്ടിട്ടില്ല. കോമളനും സുന്ദരനുമായി കാണപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹം സുശക്തനും കാര്യക്ഷമനുമാണെന്നു തോന്നുന്ന ശരീരമുള്ളവരേക്കാൾ അധികം ജോലിചെയ്തിരുന്നു.

അദ്ദേഹത്തിന്നു കളികളിൽ താത്പര്യമുണ്ടായിരുന്നില്ല എന്നാലും ഇതു വിദ്യാഭ്യാസത്തിൻെറ, വളരെ ഉപയോഗപ്രദമായ ഒരു ഭാഗമാണെന്നു അദ്ദേഹം ധരിച്ചിരുന്നു; ജീവിതത്തിൻെറ വികാസത്തിൽ അതിന്നു മഹത്തായ സ്ഥാനമുണ്ടെന്നു അദ്ദേഹം കരുതിയിരുന്നു. അതിനാൽ അദ്ദേഹം തൻെറ മകൻ നാരായണനേയും മററു കുട്ടി

കളേയും പലതരം കളികൾ കളിക്കാൻ പ്രോത്സാഹിപ്പിച്ചിരുന്നു. ഏതെങ്കിലും കളിയിൽ നാരായണൻ വൈദഗ്ദ്ധ്യം കാണിച്ചാൽ അതിൽ അദ്ദേഹം വളരെ സന്തോഷിക്കും. ഒരിക്കൽ അദ്ദേഹം വിശ്രമാർത്ഥം സിംലയിൽ ഒരു മാസം താമസിക്കുകയുണ്ടായി. അപ്പോൾ നാരായണനു ബാഡ്മിണ്ടൻ പഠിപ്പിക്കാനായി താൻതന്നെ ഒപ്പം കളിച്ചിരുന്നു. അദ്ദേഹത്തിന്നു കളിയിലെ ആ പ്രയോഗം ആദ്യത്തേതും അവസാനത്തേതുമായിരുന്നു. നാരായണനു നീന്താനും സൈക്കിൾ ഓടിക്കാനും നല്ല പോലെ പഠിയണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. എപ്പോഴെങ്കിലും നാരായണൻ ഏതെങ്കിലും കളിയിൽ അഥവാ പ്രവൃത്തിയിൽ കുശലത കാണിച്ചാൽ അദ്ദേഹം വളരെ സന്തോഷിക്കും.

## അദ്ധ്യായം.7.

### സ്പോർട്ട്സ്മാൻഷിപ്പും വിനോദവൃത്തിയും.

അദ്ദേഹത്തിന്നു കളിക്കാൻ അറിഞ്ഞിരുന്നില്ല; കളിയിൽ താത്പര്യവും ഉണ്ടായിരുന്നില്ല. എന്നാലും സ്പോർട്ട്സ്മാൻഷിപ്പ് അദ്ദേഹത്തിൽ പൂർണ്ണമായി കാണപ്പെട്ടിരുന്നു. ഏതെങ്കിലും ഒരാളുടെ ദോഷം കാണുന്ന സമ്പ്രദായംതന്നെ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. അന്യരുടെ ഗുണം കാണാനും അതു സ്വീകരിക്കാനും അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. തമാശ പറയുന്നതിന്നോ അന്യരെ നിന്ദിക്കുന്നതിന്നോ വേണ്ടി അദ്ദേഹം തൻെറ

6*

ഒരു നിമിഷംപോലും വൃഥാവ്യയം ചെയ്യുിട്ടില്ല. ഈ അത്ഥത്തിൽ അദ്ദേഹം ഗംഭീരസ്വഭാവമുള്ളവനായിരുന്നു എന്നു പറയാം. എന്നാലും അദ്ദേഹത്തിൻെറ സ്വഭാവം വിനോദപൂണ്ണമായിരുന്നു; അതിനാൽ എത്ര മഹത്തായ കായ്യങ്ങൾ ചെയ്യുമ്പോഴും അതിൽ അനായാസേന; സ്വാഭാവികമായ രീതിയിൽ വിനോദം കൂട്ടിക്കലത്താനും, അതൊരു വിനോദമാണെന്നു തോന്നിക്കാൻ പററിയ ആനന്ദമയവും ഉത്സാഹജനകവുമായ ഒരന്തരീക്ഷം തൻെറ ചുററുപാടും ഉണ്ടാക്കാനും അദ്ദേഹത്തിന്നു സാധിച്ചിരുന്നു.

ആശ്രമത്തിൻെറ ആരംഭകാലത്ത് ഞങ്ങളുടെ തെരുവിൽ കാക്കാസാഹബ്ബ്, കിശോരലാൽഭായി, മഹാദേവ് ഭായി, മഗൻലാൽഗാന്ധി, പണ്ഡിതഖരേ മുതലായവരുടേയും എൻേറയും വീട്ട് ഒരേ വരിയിലായിരുന്നു. എത്രതന്നെ പണിത്തിരക്കുണ്ടെങ്കിലും അവിടെ സംഗീതം—ശാസ്ത്രീയവും സാധാരണവും—സാഹിത്യസമാലോചന, കലാവിവേചനം, തമാശ പറയൽ മുതലായവയെല്ലാം സാധാരണമായിരുന്നു. ബാപ്പുജിയെ പ്രത്യക്ഷമായികാണാതെ, അദ്ദേഹത്തിൻെറ ആദശങ്ങളെപ്പററി മാത്രംകേട്ടിട്ടുള്ളവർ—കാരണം, ബാപ്പുജിയുടെ അടുത്തും കഠിനമായ പ്രവൃത്തികളിലും ഗംഭീരമായ അവസരങ്ങളിലും കളിതമാശയുണ്ടാവാറുണ്ട്—ഞങ്ങളുടെ തെരുവിൽ വന്നു കണ്ടാൽ ഇതെല്ലാം ആശ്രമജീവിതത്തോടു പൊരുത്തമുള്ളവയാണോ എന്നു സംശയിച്ചേക്കാം. ആശ്രമത്തിൻെറ മറു ഭാഗത്തു താമസിച്ചിരുന്ന ഒരു സ്ത്രീ—അവരുടെ ഭത്താവു ശാന്തസ്വഭാവിയും അധികം സംസാരിക്കാത്ത

വന്നമായിരുന്നു—തന്റെ ഭർത്താവിനോടു പലപ്പോഴും പറയും: "നിങ്ങൾ എപ്പോഴും ജോലിചെയ്തുകൊണ്ടിരിക്കുന്നു; എന്നാൽ ആ തെരുവിൽ താമസിക്കുന്നവർ എന്തൊരു ജോലിയും ചെയ്യുന്നില്ലേ? പക്ഷെ, ഞങ്ങൾ അവിടെ പോകുമ്പോൾ ആ തെരുവ് 'ഗോകുലപുരി'യാണോ എന്നു തോന്നിപ്പോകുന്നു! "ഞങ്ങളുടെ തെരുവ് ഈ ഉപമക്കു യോജിച്ചതായിരുന്നുവെങ്കിൽ അതിൽ മഹാദേവിന്നു ഒരു വലിയ പങ്കുണ്ടായിരുന്നു". വിനോദങ്ങളിൽ പങ്കെടുക്കാനോ, അതു മനസ്സിലാക്കാനോ, അതിന്റെ രസം ആസ്വദിക്കാനോ സാധിക്കാത്തവരെ, ആംഗ്യംകൊണ്ടു കാര്യം മനസ്സിലാക്കാൻ കഴിയാത്തവരെപ്പററി പറയുമ്പോൾ മഹാദേവ് 'മഠയൻ' 'മന്തൻ' എന്നീ വാക്കുകൾ ഉപയോഗിക്കാറുണ്ടു്. തന്റെ കൂടെ ജോലിചെയ്യുന്നതിൽ വേണ്ടത്ര സാമർത്ഥ്യം കാണിക്കാതിരിക്കുക, നിസ്സാര കാര്യങ്ങൾ ബാപ്പുജിയുടെ അടുത്തു കൊണ്ടുപോയി അദ്ദേഹത്തിന്നു തലവേദനയുണ്ടാക്കുക, ബാപ്പുജിയുടെ സൂചനകളേയും കാര്യപരിപാടികളേയും ശരിയായി മനസ്സിലാക്കാതെ, അവയെ പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതെങ്ങിനെ, അവയുടെ പരിണാമം എന്തായിരിക്കും എന്നിവയൊന്നും ആലോചിക്കാതെ പെട്ടെന്നു ശരിയെന്നു പറയുക—ഈ വക ചെയ്യുന്നവരും അദ്ദേഹത്തിന്റെ ഈ വിശേഷണത്തിന്നു പാത്രീഭവിച്ചിരുന്നു. പ്രൊഫസർ ബ. ക. ഠാക്കാർ ഒരിടത്തു ഇങ്ങനെ എഴുതിയിട്ടുണ്ടു്. "മഹാദേവ് ദേശായിയെപ്പോലുള്ള വ്യുല്പന്നരായ ലേഖകന്മാർ കൂടി സുന്ദരമായ, അത്ഭുതകരമായ മുതലായ വിശേ

ഷണങ്ങളെ എല്ലായിടത്തും ഉപയോഗിച്ച് അവയെ ആദായകരമാക്കിക്കളയുന്നു. ആ ശബ്ദങ്ങളുടെ വിലയെ കുറച്ചു കളയുന്നു. ഇതു ഈ "മറയൻ" മുതലായ വാക്കു കൾക്കും ബാധകമാക്കാവുന്നതാണ്. ഈ നിന്ദാസൂചക മായ വിശേഷണങ്ങളേയും അദ്ദേഹം അത്ര നിന്ദിക്കേണ്ട തില്ലാത്ത അവസരങ്ങളിലും ആ വിശേഷണത്തിന്നു തികച്ചും അർഹരല്ലാത്ത വ്യക്തികൾക്കും ഉപയോഗിച്ചി രുന്നു. പ്രത്യേകിച്ചും ഗുണങ്ങളെ സ്വീകരിക്കുന്ന ആളാക യാൽ മഹാദേവഭായി ആവശ്യത്തിലധികം പുകഴ്ത്തിയി രുന്നുവെങ്കിൽ അതു ഹൃദയപൂർവ്വമായിരുന്നു; അദ്ദേഹ ത്തിന്നു നിന്ദചെയ്യുന്ന സമ്പ്രദായം തന്നെയുണ്ടായിരു ന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ പ്രസ്തുതവിശേഷ ണങ്ങൾ വളരെ സരളമായ രീതിയിൽ പ്രത്യേകിച്ച് തന്റെ അടുത്ത ചങ്ങാതിമാക്ക് മാത്രമേ ഉപയോഗിച്ചി രുന്നുള്ളു.

# അദ്ധ്യായം. 8.

## അദ്ധ്യയനശീലം

കോളേജിൽ അദ്ദേഹം തന്റെ അദ്ധ്യാപകരുടേയും ഉത്സാഹികളായ സതീർത്ഥ്യരുടേയും പ്രേമത്തിന്നു പാത്ര മായി എന്നു പറയേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ സഹപാഠികളിൽ ശ്രീ. വൈകുണ്ഠഭായിക്കു പുറമെ ബോം ബെ ക്രോണിക്കിളിലെ ശ്രീ. ബ്രെൽവി, അതിൽ കലാ വിവേചനപംക്തികളിൽ എഴുതുന്ന ശ്രീ. കെ. എച്ച്.

വക്കീൽ എന്നിവരോട് അദ്ദേഹത്തിന്ന പ്രത്യേകം സം ബന്ധമുണ്ടായിരുന്നു. ഈ ബന്ധം ജീവിതം മുഴുവൻ നിലനില്ക്കുകയും ചെയ്തു.

അദ്ദേഹം ജൂനിയർ ബി. എ. ക്ലാസ്സിലായിരുന്നപ്പോൾ കോളേജ് മാസികയിലേക്കു ഒരു കവിതയെഴുതി. അതുകൊണ്ടു് ഇംഗ്ലീഷദ്ധ്യാപകൻ അദ്ദേഹത്തെ വിളിച്ചു പറഞ്ഞു. "നിന്റെ കവിത വളരെ നന്നായിട്ടുണ്ടു്: പക്ഷെ, നീ ഈ ചെറുപ്രായത്തിൽ ഇംഗ്ലീഷിലോ മററു ഭാഷയിലോ കവിതയെഴുതരുതെന്നാണു് ഞാനുപദേശിക്കുക; നല്ലവണ്ണം വായിക്കുക, വലിയ വലിയ കവികളുടെ ഉത്തമകാവ്യങ്ങൾ പഠിക്കുക, പിന്നെ ഉത്സാഹം തോന്നിയാൽ എഴുതുക." അദ്ദേഹം ഈ ഉപദേശം ഉടനേതന്നെ സ്വീകരിച്ചു. പരിതഃസ്ഥിതികളെ നല്ലപോലെ നിരീക്ഷിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ നമ്മുടെ യുവാക്കന്മാർ വിമർശനത്തിന്നും പത്രപ്രവർത്തനത്തിന്നും മുതിരുന്നതിൽ തനിക്കുള്ള വ്യസനം മഹാദേവ്ഭായി പലപ്പോഴും പ്രകടിപ്പിക്കാറുണ്ടു്. വേണ്ടത്ര പഠിക്കാതെ എഴുതാൻ തുടങ്ങിയാൽ അതിൽ പ്രാമാണികത സ്ഥിരമായിവെക്കുവാൻ സാദ്ധ്യമല്ല. വിചാരം സ്ഥിരവും പക്വവുമാവുന്നതിന്നുമുമ്പായി എഴുതാൻ തുടങ്ങുന്നതുകൊണ്ടു് അവനവന്റെ പുരോഗതി നിലച്ചുപോകുന്നു; വ്യർത്ഥവും ഹീനവുമായ തരത്തിലുള്ള സാഹിത്യം വർദ്ധിക്കുന്നു. അദ്ദേഹം ഇത്തരം താക്കീതു ഉയർന്നുവരുന്ന ലേഖകന്മാൎക്കു വീണ്ടും വീണ്ടും നല്കിയിരുന്നു.

## വിവിധവിഷയങ്ങളിൽ താത്പര്യം

അദ്ദേഹത്തിന്നു ആദ്യം മുതല്ക്കുതന്നെ വായിക്കുവാൻ താത്പര്യമുണ്ടായിരുന്നു. കോളേജിലെ പാഠപുസ്തകങ്ങ ൾക്കുപുറമെ, ഓരോ വിഷയത്തെസ്സംബന്ധിച്ചും മററു പല സാഹിത്യവും അദ്ദേഹം വായിച്ചിരുന്നു. മററുള്ള വക്കു, അദ്ദേഹത്തിന്നു ഏററവും പ്രിയപ്പെട്ട വിഷയം സാഹിത്യമാണെന്നു തോന്നിയിരുന്നു, കാരണം, ഗുജറാത്തി ഇംഗ്ലീഷ്, സംസ്കൃതം മുതലായവയ്ക്കു പുറമേ ബങ്കാളി, ഹിന്ദി, മറാഠി മുതലായ സാഹിത്യങ്ങളും അദ്ദേഹം ധാരാളം വായിച്ചിരുന്നു. വിദ്യാൎത്ഥിയായിരുന്ന കാലത്തു തന്നെ കാവ്യം, നാടകം, നോവൽ മുതലായവ ധാരാളം വായിച്ചിരുന്നു. എന്നിട്ടും ബി. എ. യിൽ ഐച്ഛിക വിഷയമായി അദ്ദേഹം ദൎശനശാസ്ത്ര (Philosophy)മാണു് എടുത്തതു്. അതിലും ഔചിത്യമുണ്ടായിരുന്നു. കാരണം, ഈ വിഷയത്തിലും അദ്ദേഹത്തിന്നു താത്പര്യമുണ്ടായി രുന്നു. ഒരിക്കൽ, 'നിങ്ങൾക്കു് ഏതുതരം പുസ്തകങ്ങൾ വായിക്കാനാണു് താത്പര്യം' എന്നു ചോദിച്ചതിന്നു, അദ്ദേഹം വ്യക്തിയുടേയും സമുദായത്തിൻേറയും ജീവിത ത്തിലെ പ്രശ്നങ്ങളെപ്പററി സമാലോചിക്കുന്ന ഏതുതരം സാഹിത്യവും തനിക്കിഷ്ടമാണെന്നാണു് മറുപടി പറ ഞ്ഞതു്. കുട്ടിക്കാലം മുതല്ക്കുതന്നെ അദ്ദേഹത്തിൽ ധാൎമ്മികഭാവന കാണപ്പെട്ടിരുന്നു; ഇതു ഞങ്ങൾക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ടു്. ഇതുനിമിത്തം അദ്ദേഹത്തിന്നു ജന്മനാ ഉണ്ടായിരുന്ന ധാൎമ്മികവൃത്തിയ്ക്കു പോഷണം ലഭിച്ചു. അദ്ദേഹം ഐച്ഛികവിഷയമായി ദൎശനശാസ്ത്രം

എടുത്തതിനെപ്പററി ശ്രീ. വൈകുണ്ഠഭായി പറയുന്നു: "ആരംഭംമുതല്ക്കുതന്നെ മഹാദേവ്ഭായിയിൽ ധാർമ്മിക വൃത്തിയുണ്ടായിരുന്നു. തത്വജ്ഞാനത്തിൻെറ പഠനം കൊണ്ടു് അതു ജാഗ്രത്തായിത്തീർന്നു എന്നു കരുതാൻ കാരണമില്ല. എന്നാൽ ഈ വിഷയം അഗാധമായി പഠിച്ചതുകൊണ്ടു് അദ്ദേഹത്തിൻെറ ഭാവനകൾ സുദൃഢമായിത്തീർന്നു എന്നതിൽ യാതൊരു സംശയവുമില്ല. ക്രിസ്ത്യസ്ഥരാജ്യങ്ങളിലെ തത്വജ്ഞാനത്തിനുള്ള ശാസ്ത്രങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതിനു കോളേജിലെ പഠിപ്പുകാലത്തു കിട്ടിയ അവസരത്തെ അദ്ദേഹം പൂർണ്ണമായി ഉപയോഗപ്പെടുത്തി. അതിൻെറ പ്രഭാവം അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉളവാവുകയും അദ്ദേഹം അതിൻെറ ഗുണം സാധാരണ ജനങ്ങൾക്കു് എത്തിച്ചുകൊടുക്കുകയുംചെയ്തു്. പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിലെ ധർമ്മം, തത്വജ്ഞാനം, കാവ്യം മുതലായവ അദ്ദേഹം എത്രത്തോളം അഗാധമായി പഠിച്ചിട്ടുണ്ടെന്നു അദ്ദേഹം ഗാന്ധിജിയുടെ അനാസക്തിയോഗത്തിൻെറ ഇംഗ്ലീഷു തർജ്ജമയ്ക്കു My submission എന്നപേരിലെഴുതിയ പ്രസ്താവനയിൽനിന്നു ഊഹിക്കാവുന്നതാണു്.

## അദ്ധ്യായം 9.

### ഒരു സത്പുരുഷൻെറ സമാഗമം

അദ്ദേഹം കോളേജിൽ പഠിച്ചിരുന്നകാലത്തു് ഗോധ്രയിലെ ഒരു ഭക്തനുമായി സമ്പർക്കത്തിന്നിടയായി; അതു അദ്ദേഹത്തിൻെറ നിര്യാണംവരെ നീണ്ടുനിന്നു.

അദ്ദേഹം മഹാദേവ് ഭായിയുടെ ജീവിതത്തെത്തന്നെ ഭക്തിരസത്തിൽ മുക്കിക്കളഞ്ഞു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. മഹാദേവ് മെട്രിക്ക് ക്ലാസ്സിലായിരുന്നകാലത്തുതന്നെ പിതാജിക്കു ബാൽസാഡിലേക്കു മാററമായി എന്നു പറഞ്ഞുവല്ലോ. ബാൽസാഡിലേക്ക് ഈ ഭക്തൻ—പുരുഷോത്തം സേവക്റാം—വരിക പതിവായിരുന്നു. യുവാവായിരുന്നകാലത്ത് ഇദ്ദേഹത്തിന്നു ഒരവധൂതനെ പരിചരിക്കാനുള്ള അവസരം കിട്ടി. അദ്ദേഹത്തിൻെറ കൃപകൊണ്ടു് ഈ ഭക്തൻെറ വീക്ഷണഗതി മാറി. ഇദ്ദേഹം ഭ്രാന്തനെപ്പോലെ ഓടി നടക്കുവാൻ തുടങ്ങി. പലതീൎത്ഥങ്ങളിലും പോയി വളരെ ദീൎഘിച്ച തീൎത്ഥയാത്രക്കുശേഷം മനഃശാന്തി ലഭിക്കുകയും വീട്ടിലേക്കുതന്നെ മടങ്ങിവന്നു കുലത്തൊഴിലായ മൺപണി (മൺപാത്രനിൎമ്മാണം) ചെയ്യാൻ തുടങ്ങുകയും ചെയ്തു. ചെറിയ ഭംഗിയുള്ള പാത്രങ്ങൾ ഉണ്ടാക്കുന്ന ഇദ്ദേഹത്തിൻെറ തൊഴിൽ നല്ലനിലയിൽ നടന്നിരുന്നു. തൊഴിൽ കഴിഞ്ഞു കിട്ടുന്ന സമയം മുഴുവനും ഇദ്ദേഹം ഭജനത്തിന്നായി വിനിയോഗിച്ചിരുന്നു. ഇദ്ദേഹത്തിന്നു ഗുജറാത്തിയിൽ എഴുതാനും വായിക്കാനും അറിഞ്ഞിരുന്നു. സംസ്കൃതം തീരെ അറിയില്ല. ഗീതയോ ഉപനിഷത്തോ അദ്ദേഹം ഗുജറാത്തിയിൽപോലും വായിച്ചിട്ടില്ല. നമ്മുടെ സജ്ജനങ്ങളുടെ ഭജനകൾതന്നെയാണു് അദ്ദേഹത്തിൻെറ ഗീതയും ഉപനിഷത്തും. അദ്ദേഹം തൻെറ തൊഴിൽ ചെയ്തു് ഭജനയിൽ ആനന്ദിച്ചുകൊണ്ടു ദിവസംകഴിക്കുകയായിരുന്നു; അപ്പോൾ അദ്ദേഹത്തിൻെറ അടുത്തുപോകാറുണ്ടായിരുന്ന

ഒരു ഗോശ്രക്കാരനിൽനിന്നു അദ്ദേഹം വഴിതെററിപ്പോകുന്നവരെ നേരായ മാർഗ്ഗത്തിലേക്കു നയിക്കുന്ന ഒരു 'സാധു'വാണെന്നു പൊതുജനങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചു. ഇതുകൊണ്ടു് അദ്ദേഹത്തിൻെറ ശാന്തിക്കു ഭംഗം നേരിട്ടുവോ ഇല്ലയോ എന്നുപറയുവാൻ വയ്യ; എന്നാൽ ഗുജറാത്തിലെ പലക്കും ശാന്തിനൽകുന്ന ഭാരം—ഒരുപക്ഷേ, ദൈവത്താൽതന്നെയായിരിക്കാം—അദ്ദേഹത്തിൽ സമർപ്പിക്കപ്പെട്ടു. പല വിദ്വാന്മാക്കും, തത്വജ്ഞാനികൾക്കും ഭക്തന്മാക്കും പരിചയ്യകം ചെയ്തുവന്ന സ്വാഗ്ഗീയസ്നേഹം വസന്ൽജിഖിംജിക്കു ഇദ്ദേഹത്തെപ്പററിയ വിവരം കിട്ടി. അദ്ദേഹം മൺപാത്രമുണ്ടാക്കുന്ന ജോലി ഉപേക്ഷിച്ചു് 'മനുഷ്യരെ' മനുഷ്യരാക്കുന്ന പ്രവൃത്തി ഇദ്ദേഹത്തെക്കൊണ്ടു സ്വീകരിപ്പിച്ചു.

മഹാദേവ്ഭായി എഴുതുന്നു: ഞാൻ അച്ഛൻ മുഖാന്തിരമാണു് ഈ സത്പുരുഷനുമായി പരിചയപ്പെട്ടതു്. ഞാൻ കോളേജിൽ പഠിച്ചിരുന്ന കാലത്തു് സ്വാമി വിവേകാനന്ദൻെറ പുസ്തകങ്ങൾ വായിക്കാനും അതുകൊണ്ടു് ശ്രീ രാമകൃഷ്ണപരമഹംസരെപ്പററി ചിലതെല്ലാം മനസ്സിലാക്കാനും എനിക്കു സാധിച്ചിരുന്നു. ആ പരമഹംസരുടെ പ്രതിബിംബം ഈ മഹാപുരുഷനിൽ എനിക്കു കാണാൻ കഴിഞ്ഞു. ആ പരമഹംസരുടെ വാക്കുകളുടെ രഹസ്യം ഇദ്ദേഹത്തിൻെറ വാക്കുകളിൽ നല്ലപോലെ മനസ്സിലായി.

പിതാജി ബൽസാഡിലായിരുന്ന കാലത്തു് ഈ ഭക്തൻ അദ്ദേഹത്തിൻെറ ഒരു സുഹൃത്തിൻെറ ഭവനത്തിൽ ഇടയ്ക്കിടെ വരികയും പത്തിരുപതു ദിവസം പാക്കുകയും പതിവായിരുന്നു. ഭജനസംഘങ്ങൾ രൂപീകരിക്കുകയും ഭജനകൾ നടത്തുകയും ചെയ്യും. വിരാമകാലത്തു് മഹാദേവ് നാട്ടിലേക്കു പോകുമ്പോൾ, ഇദ്ദേഹം അവിടെ വന്നിട്ടുണ്ടെങ്കിൽ മഹാദേവ് ആ ഭജനസംഘത്തിൽ ചേരും. ഇദ്ദേഹം മഹാദേവിനെക്കൊണ്ടു് ഭജനകൾ പാടിക്കും. ബോമ്പായിൽ സെത്ത് വസൻജിഖീംജിയുടെ അടുക്കൽ ഈ ഭക്തൻ വരുമ്പോൾ മഹാദേവ് ഇദ്ദേഹത്തെ കാണാനായി അങ്ങോട്ടു്, വസൻജിപാർക്കിലേക്കു (ദാദർ) പോകുക പതിവാണു്. 1912ൽ ഒരിക്കൽ തൻെറ സഹോദരൻ, ഛോട്ടുഭായിയോടൊരുമിച്ചു് മഹാദേവ് ഈ ഭക്തനെ കാണാനായി ഗോധ്രയിലെ ഇദ്ദേഹത്തിൻെറ ഭവനത്തിലേക്കു പോയി. അതിനെ ഛോട്ടുഭായി ഇപ്രകാരം വിവരിച്ചിരിക്കുന്നു. രാത്രി പത്തുമണിക്കു സ്റ്റേഷനിൽ ഇറങ്ങി. ഭക്തനെ അടുത്തുതന്നെ കണ്ടു. മഹാദേവ് പറയാൻ തുടങ്ങി, "അദ്ദേഹത്തെ അടുത്തുതന്നെ കാണാൻ കഴിഞ്ഞല്ലോ". ഞങ്ങളെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ആ ഭക്തൻ പറഞ്ഞു: "സജ്ജനങ്ങൾ വന്നിരിക്കുന്നു." പിറെറ ദിവസം കുളത്തിൽ കുളിച്ചതിന്നുശേഷം ആ ഭക്തൻതന്നെ വാശിപിടിച്ചു് ഞങ്ങളുടെ വസ്ത്രം വാങ്ങിത്തിരുമ്മിത്തന്നു. അത്രയുമല്ല, വീട്ടിലേക്കു മടങ്ങിയശേഷം ഞങ്ങളെ എഴുന്നേല്ക്കാൻ പോലും അനുവദിച്ചില്ല. പറയാൻ തുടങ്ങി. "സജ്ജന

ങ്ങളെ പരിചരിക്കാനുള്ള ഭാഗ്യം എപ്പോഴും കിട്ടുമോ?" പിന്നെ ഭജനയാരംഭിച്ചു. ഭജന കഴിഞ്ഞശേഷം മഹാദേവ് പറഞ്ഞു: "ഞാൻ പരാധീനതയുടെ അവതാരമാണ്. വല്ലതും പഠിച്ചിട്ടുണ്ടെങ്കിൽ അതും അന്യരുടെ പ്രണംകൊണ്ടാണ്. ജനങ്ങൾ പരോപകാരം ചെയ്യുന്നു. ഞാനതിൻെറ ലാഭം എടുക്കുന്നു." ഭക്തൻ പറഞ്ഞു: "ഇത് വ്യസനിക്കത്തക്ക സംഗതിയല്ല. നാടകം കാണാൻ പോകാറില്ലേ? ഒരാൾ രാജാവായിവരുന്നു; മറെറാരാൾ ശിപായിയായും. എന്നാൽ അവരെല്ലാം അതു അഭിനയിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. രാജാവിന്നും താനൊരു നടനാണെന്നറിയാം. വല്ലതെററുംപററി പിന്നിൽപെട്ടുപോയാൽ മാനേജരുടെ അടികിട്ടും. ഇതേപ്രകാരം ലോകത്തിൽ അഭിനയിക്കുവാനായി പ്രഭു (ഈശ്വരൻ) നമ്മെ അയച്ചിരിക്കുകയാണ്. ഓരോരുത്തനും തനിക്കു കിട്ടിയ പണി ശരിയായി ചെയ്യണം. എവിടെയായാലും നമ്മെ നാടകം കളിക്കാനാണ് അയച്ചിട്ടുള്ളത് എന്ന് ഓർമ്മയുണ്ടായിരിക്കണം. എല്ലാവരുടേയും യജമാനൻ ഈശ്വരനാണ്. അദ്ദേഹം നൽകിയ പ്രവൃത്തികൾ നാം ശരിയായി ചെയ്യണം. അതിനാൽ ഇപ്രകാരമൊന്നും വിചാരിക്കേണ്ടതില്ല." അദ്ദേഹം ആഗ്രഹപൂർവ്വം ആവശ്യപ്പെട്ടതനുസരിച്ചു ഒരു ദിവസംകൂടി അവിടെ താമസിച്ചു. പോരുമ്പോൾ സ്റ്റേഷനിൽ കൊണ്ടുവന്നാക്കി, മഹാദേവിൻെറ കൈയിൽ യാത്രച്ചിലവിന്നു രണ്ടുറുപ്പികകൊടുത്തുകൊണ്ടു പറഞ്ഞു: "കുട്ടികളായ നിങ്ങളെ വെറും കൈയോടെ അയക്കാൻ ഭക്തന്നു സാദ്ധ്യമാണോ?" വഴിയിലെല്ലാം മഹാദേവ് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു.

ഇദ്ദേഹം തന്നെയാണ് ശരിയായ ഭക്തൻ. രണ്ടു ദിവസത്തിൽ ഇദ്ദേഹത്തിൻെറ സ്ഥിതിയിൽ വല്ല മാററവും കണ്ടുവോ ? നാം എന്തു വിചാരിച്ചു പോയാലും ഇദ്ദേഹത്തിൻെറ അടുത്തെത്തുമ്പോഴേക്കു എങ്ങിനേയോ തദ്രൂപമായിത്തീരുന്നു; ശാന്തരായിത്തീരുന്നു; എന്തൊരു വിനയമാണ്. ഏതു ചെറിയ പ്രവൃത്തിയും സ്വയം ചെയ്യുന്നു. എന്തൊരു സേവാഭാവമാണ് ? നമ്മെ എന്തെങ്കിലും ചെയ്യാൻ സമ്മതിച്ചുവോ ? ഇതു തന്നെയാണു പഠിക്കേണ്ടതു്. ഈ ഭക്തൻ 1926ൽ ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ അദ്ദേഹത്തെപ്പററി നവജീവനിൽ വാള്യം 8. ലക്കം 11; 14—11—26നു-) "ഒരു ഭക്തൻെറ ദേഹത്യാഗം" എന്ന തലക്കെട്ടിൽ മഹാദേവ് ഒരു ലേഖനമെഴുതിയിരുന്നു. അതിൽ അദ്ദേഹം എഴുതുന്നു: സാധാരണമായി ഗൂഢമാണെന്നു കരുതപ്പെടുന്ന കാര്യങ്ങൾ 'അദ്ദേഹം മനസ്സിലാക്കിത്തരുന്നതു് ആശ്ചര്യകരമായ വിധത്തിലാണ്. അദ്ദേഹത്തിന്നു അക്ഷരജ്ഞാനം അത്രയുണ്ടായിരുന്നില്ല. അതിനാൽ എല്ലാ കാര്യങ്ങളും പ്രാകൃതീകമായ രീതിയിലാണ് മനസ്സിലാക്കിത്തരിക.............ഗീതയുടെ സിദ്ധാന്തമെന്തു് ? ഇങ്ങനെ തന്നെത്താൻ ചോദിച്ചുകൊണ്ടു് പറയും. 'നോക്കു ഗീതാ എന്നു വീണ്ടും വീണ്ടും പറയുമ്പോൾ ഗീതാഗീ, താഗീ, താഗീ, എന്നായിത്തീരുന്നു. ദേഹബുദ്ധിയെ ത്യജിച്ചവൻ ഗീതയെ മനസ്സിലാക്കിക്കഴിഞ്ഞു..........' ഒരിക്കൽ ഒരു സമർത്ഥനായ പണ്ഡിതനെ മോക്ഷത്തിൻെറ അർത്ഥം മനസ്സിലാക്കിക്കൊടുത്തുകൊണ്ടു് അദ്ദേഹം ആശ്ചര്യപ്പെട്ടു

2080

ത്തുകയുണ്ടായി. മോക്ഷം എന്നതിൽ രണ്ടു ശബ്ദങ്ങളാണുള്ളത്. 'മോഹം', 'ക്ഷയം' മോഹത്തിൻെറക്ഷയം—ഇതുതന്നെയാണ് 'മോക്ഷം'" എന്നാൽ പ്രധാനമായി അദ്ദേഹം ഭജനകൾ മുഖേന തന്നെയാണ് ഉപദേശം നൽകിയിരുന്നതു്. അതിലും വിശേഷം കാണാൻ വരുന്ന ആൾക്കു ഏതുതരം ജിജ്ഞാസയുണ്ടോ ഏതുപ്രകാരത്തിലുള്ള ഉപദേശമാണോ ആയാൾക്കാവശ്യമായിട്ടുള്ളതു് അത്തരം ഭജന അദ്ദേഹത്തിൻെറ വായിൽനിന്നു പുറപ്പെടും. അദ്ദേഹം ഊന്നി ഊന്നിപ്പറയും, 'അഹങ്കാരത്തിൽനിന്നും ദേഹാസക്തിയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം (സാധനം) നമ്രതയും സേവനവുമാണ്'.

മേലോട്ടേയ്ക്കായി ഗമിക്കുന്നിതെല്ലാരും
താഴോട്ടേയ്ക്കാരും ഗമിക്കുന്നില്ല.
താഴോട്ടേയ്ക്കാരോ ഗമിച്ചിടുമായവൻ
വേഗത്തിലെത്തുന്നതഗ്രത്തിങ്കൽ.
മാമകസോദരാ പാർക്കുകിലീവിധ-
മാകുന്ന 'രാമരസ'ത്തിൻഗുണം.
പണ്ടുകുടിച്ചു ധ്രുവനും പ്രഹ്ലാദനും
രോഹിദാസനമിതുകുടിച്ചു,
വന്ദ്യൻ കബീരുംകുടിച്ചുമദിച്ചഹാ
വന്നീടുന്നില്ലിതിൽ തൃപ്തിയാക്കും. (മാമകസോദരാ)

മഹാദേവ് എഴുതുന്നു: "ഈ 'രാമരസ'ത്തെപ്പററിയ ഭജന പാടുന്ന സമയം അദ്ദേഹത്തിൽ കാണപ്പെട്ടിരുന്ന ലഹരിയും മദവും ഞാൻ മററാരിടത്തും കണ്ടിട്ടില്ല.' മഹാദേവ്ഭായിക്കു ഏതാണ്ടു 15 കൊല്ലത്തോളം കാലം ഈ ഭക്തനുമായി ഇടയ്ക്കിടെ ഇടപെടാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ടു്.

# അദ്ധ്യായം 10.

## "ഭോലേശംഭു".

മഹാദേവ് ഭായിയുടെ ജീവിതത്തിൽ ഇത്തരം ഭഗവദ് ഭക്തിയും സജ്ജന സംസർഗ്ഗത്തിനുമുള്ള ആഗ്രഹം ഉണ്ടായിരുന്നതോടൊപ്പം ഒരുപ്രകാരത്തിലുള്ള സരളതയും ഉണ്ടായിരുന്നു. അതിന്നും ഇവിടെ അനുസ്മരിക്കേണ്ടതാണ്. ആദ്യത്തിൽ മഹാദേവ് 'ഭോലേശംഭു' എന്ന പേരിലാണ് എഴുതിയിരുന്നതു്; വാസ്തവത്തിൽ അദ്ദേഹം ഒരു ഭോലേശംഭു (സാധുശിവൻ) തന്നെയായിരുന്നു. ദുർഗ്ഗാബഹനും സരളചിത്തയായിരുന്നു. എന്നാൽ മഹാദേവ് ഭായി അതിലുമധികം സരളഹൃദയനായിരുന്നു. ഞങ്ങൾ ഹൈസ്കൂളിലും കോളേജിലും പഠിച്ചിരുന്ന കാലത്ത് 'മൊഹമ്മദ് ഛൈൽ' എന്നുപേരായ ഒരു ജാലവിദ്യക്കാരൻ സുപ്രസിദ്ധനായിരുന്നു. ഒരു ദിവസം തീവണ്ടിയിൽ വെച്ച് മഹാദേവ് ഭായി അദ്ദേഹത്തെ കണ്ടു. അദ്ദേഹം ഒരു യാത്രക്കാരൻെറ മോതിരം നോക്കാനായി കൈയിൽ മേടിക്കുകയും ജനലിൽക്കൂടി അതു പുറത്തേയ്ക്കു വലിച്ചെറിയുകയും ചെയ്തു. ആയാൾ കരയാൻ തുടങ്ങി. അപ്പോൾ അടുത്തുള്ള ഒരാളോട് മൊഹമ്മദ്ഛൈൽ പറഞ്ഞു: "നോക്കൂ, നിങ്ങളുടെ പോക്കററിൽ കൈയിട്ടുനോക്കൂ". അദ്ദേഹം കീശയിൽ കൈയിട്ടപ്പോൾ, പൊടി പുരണ്ട ആ മോതിരം ആയാളുടെ കൈയിൽ കിട്ടി; ഇതുകണ്ടു മഹാദേവ് മുഗ്ദ്ധനായിത്തീർന്നു! അക്കാലത്തു ഒരു "ഹിന്ദുസ്ഥിരിചൽ മാഗസിൻ" പ്രസിദ്ധപ്പെടുത്തിയിരുന്നു.

അതിൽ അദ്ധ്യാത്മവാദത്തെപ്പററിയ ലേഖനങ്ങളോടൊപ്പം, ഭൂതങ്ങളെപ്പററിയ കാൎയ്യങ്ങൾ, പ്രത്യക്ഷമായി ഭൂതത്തിനെ കണ്ടവിവരം, മുതലായ ചമല്ക്കാരപൂൎണ്ണമായ പലസംഗതികളും വന്നിരുന്നു. ഈ വക കാൎയ്യങ്ങളെല്ലാം മഹാദേവ് വിശ്വസിച്ചിരുന്നു; അദ്ദേഹം കൽക്കത്തെയിൽ നിന്നു ആ മാസിക വരുത്താൻ തുടങ്ങി. അതിൽ ഒരിക്കൽ ഒരു പരസ്യംകണ്ടു: ഏതൊരാളുടേയും രണ്ടു കൈപ്പടങ്ങളുടേയും പടവും, അതോടൊപ്പം ജനിച്ചസ്ഥലം, തീയതി, സമയം ഇവയും അയക്കുന്നതായാൽ ആയാളുടെ ജീവിതത്തിലെ എല്ലാ കാൎയ്യങ്ങളും എഴുതി അയക്കുന്നതാണു്. മഹാദേവ് എല്ലാം അയച്ചുകൊടുത്തു. അധികം, താമസിയാതെ 2ക 8ണക്കു ഒരു വി. പി. വന്നു. മഹാദേവ് അതു കണ്ടു ആശ്ചൎയ്യപ്പെട്ടു. ഏററവും അടുത്തിരിയ്ക്കുന്നവൎക്കു പോലും ഇത്രയും കാൎയ്യങ്ങൾ പറയാൻ സാദ്ധ്യമാവില്ലെന്നു അദ്ദേഹത്തിന്നു തോന്നി.

അക്കാലത്തു റാണെ എന്നു പേരായ ഒരാൾ ജൂഹുവിൽ താമസിച്ചിരുന്നു. അദ്ദേഹം പ്രകൃതിയിൽ കിട്ടുന്ന വസ്തുക്കളെ അതേമാതിരി എടുത്തു മുറിച്ചു വളച്ചു് വളരെ കലാപൂൎണ്ണമായ രീതിയിൽ അലങ്കരിക്കും. അദ്ദേഹം സ്വപ്രയത്നം കൊണ്ടു തൻെറ ചെറിയ ബങ്കളാവും അതിൻെറ ചുററുമുള്ള ഉദ്യാനവും പ്രകൃത്യാ ലഭിക്കുന്ന സാധനങ്ങളെ അതേരൂപത്തിൽ ഉപയോഗിച്ചു സുന്ദരവും കലാമയവുമായ രീതിയിൽ അലങ്കരിച്ചിരുന്നു. ഞങ്ങൾ, വിദ്യാൎത്ഥികൾ പ്രത്യേകമായി അതു നോക്കാൻ പോയിരുന്നു. അദ്ദേഹം എല്ലാ വ്യാഴാഴ്ചയും കൂടിക്കാഴ്ച അനുവദി

ച്ചിരുന്നു. കൈകളിലെ രേഖകളും നെററിയും മുഖവും നോക്കി ഭൂതവും ഭാവിയും എല്ലാം പറഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ബങ്കളാവും ഉദ്യാനവും കാണേണ്ടതു തന്നെയാണ്. അതു കാണാനുള്ള ആഗ്രഹം സ്വാഭാവികമായി ഉണ്ടാവുകയും ചെയ്യും. എന്നാൽ മഹാദേവ് ഒന്നു രണ്ടു പ്രാവശ്യം തൻെറ ഭാവിയെപ്പററിച്ചോദിക്കാനും അദ്ദേഹത്തിൻെറ അടുക്കൽ പോയിവന്നിട്ടുണ്ട്. മഹാദേവ് കുട്ടിയായിരുന്ന കാലത്ത് അദ്ദേഹത്തിന്നു ത്രികാലങ്ങളും കാണിക്കുന്ന കണ്ണാടിയിലും ആശ്ചര്യകരമായ സംഗതികൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വിശ്വസിച്ചിരുന്നുവെങ്കിലും, അദ്ദേഹം തൻെറ ജീവിത പരിപാടി രൂപീകരിക്കാൻ ഇവയെ ഒന്നിനേയും ആധാരമാക്കിയിട്ടില്ല. ഒരിക്കൽ സിംലയിൽ (1938ൽ) മഹാദേവ് ഭായി തൻെറ മകൻ നാരായണനോടുകൂടി കാററുകൊള്ളാൻ നടക്കുകയായിരുന്നു. വഴിയിൽ വൈരാഗിയെപ്പോലുള്ള ഒരാൾ ഒരു വിചിത്രമായ രീതിയിൽ, കണ്ണിമയ്ക്കാതെ നോക്കുന്നതും അതുപോലുള്ള മററുപ്രവൃത്തികൾ ചെയ്യുന്നതും കണ്ടു. മഹാദേവ് അവിടെനിന്ന് അതുനോക്കാൻ തുടങ്ങി. നാരായണൻ മുന്നോട്ടു പോകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. മഹാദേവ് പറഞ്ഞു. "ആ സാധു പല ദിവ്യരഹസ്യങ്ങളും അറിയുന്ന ഒരാളായിരിക്കണം; അദ്ദേഹം യോഗമുദ്രകൾ കാണിക്കുകയാണെന്നു തോന്നുന്നു. നമുക്ക അദ്ദേഹവുമായി ഒരു കൂടിക്കാഴ്ച നടത്തണം." നാരായണൻ പറഞ്ഞു. "അച്ഛാ, അങ്ങയ്ക്കു ഏതൊന്നിലും ശ്രദ്ധയുണ്ട്; നമുക്കങ്ങോട്ടു പോകേണ്ട" ഇങ്ങനെ

പറഞ്ഞുകൊണ്ടു് നാരായണൻ അദ്ദേഹത്തെ വലിച്ചു മുന്നോട്ടു കൊണ്ടുപോയി. ഒടുവിൽ മഹാദേവ് മററാരെക്കൊണ്ടോ അദ്ദേഹത്തെപ്പററി അന്വേഷണം നടത്തിച്ചതിൽ അതൊരു ധൂർത്തനാണെന്നു മനസ്സിലാവുകയും ചെയ്തു. വല്ലവരും സിദ്ധിയെപ്പററിയോ, ചമല്ക്കാരങ്ങളെപ്പററിയോ അത്തരം ഔഷധങ്ങളെപ്പററിയോ, മന്ത്രതന്ത്രങ്ങളെപ്പററിയോ പറയുന്നതുകേട്ടാൽ മഹാദേവ്ഭായി അതിലും വിശ്വസിക്കും. എന്നാൽ, അദ്ദേഹത്തിന്നു ഒരിക്കലും സ്വാർത്ഥം സാധിക്കേണമെന്ന ഭാവം ഉണ്ടായിരുന്നില്ല. അതിനാൽ ഇത്തരം കാര്യങ്ങളിൽപ്പെടാതെ രക്ഷപ്പെട്ടു; അതുകൊണ്ടു യാതൊരു ദുഷ്പരിണാമവും ഉണ്ടായതുമില്ല.

1910ൽ ബി. ഏ. പാസ്സായശേഷം എം. ഏക്കു പഠിക്കാമെന്നായിരുന്നു വിചാരം. അദ്ദേഹം സംസ്കൃതമെടുത്തു ശങ്കരഭാഷ്യം പൂർണ്ണമായി പഠിക്കണമെന്നാഗ്രഹിച്ചു; എന്നാൽ, ആ കൊല്ലം രാമാനുജ ഭാഷ്യമാണുണ്ടായിരുന്നതു്. അതിനാൽ അദ്ദേഹം എം. ഏയ്ക്കു പഠിക്കുന്ന വിചാരംതന്നെ ഉപേക്ഷിച്ചു. എൽ. എൽ. ബിക്കു പഠിക്കുവാൻ തീർച്ചയാക്കി. താൻ അച്ഛന്നു ഒരു ഭാരമാവരുതെന്ന വിചാരമുണ്ടായിരുന്നതിനാൽ അദ്ദേഹം ഒരു ജോലിയിൽ ഏർപ്പെട്ടുകൊണ്ടു് പഠിക്കാൻ തീർച്ചയാക്കി. ഓറിയൻറൽ ട്രാൻസ്ലേററരുടെ ആപ്പീസിൽ 60ക. ശമ്പളത്തിൽ ഒരു ജോലികിട്ടി. 'പരേ'ലിൽ മുറി വാടകക്കു വാങ്ങി ദുർഗ്ഗാബെന്നിനോടുകൂടി താമസിക്കുവാൻ തുടങ്ങി. രാമനാരായൺ വി. പാഠക്, ഗിജുഭായി ബധേക്, ഇവർ അദ്ദേഹത്തിൻെറ സമീപസ്ഥന്മാരായിരുന്നതിനാൽ അവരോടു വളരെ സൌഹാർദ്ദമായിത്തീർന്നു.

ഒരു കഠിന പരീക്ഷ

അവസാനത്തെ എൽ. എൽ. ബി. പരീക്ഷയുടെ കാലത്തു ഒരു കഠിനമായ അനുഭവം ഉണ്ടായി. "ഇകൃറിററി" (നൈതികനിയമം) എന്ന വിഷയത്തിൽ അദ്ദേഹത്തിന്നു ഇതരവിഷയങ്ങളെ അപേക്ഷിച്ച് അധികം അറിവുണ്ടായിരുന്നു. എന്നാലും രണ്ടാമത്തെ ദിവസം ആ വിഷയം വേഗം എഴുതി എഴുന്നേററുപോന്നു. ആശിച്ചപോലെ എഴുതാൻ കഴിയാഞ്ഞതിനാൽ അമ്പരന്നു എഴുന്നേററുപോയതായിരിക്കണമെന്നു ചങ്ങാതിമാർ വിചാരിച്ചു. എന്നാലും തോന്നിയതെല്ലാം എഴുതിയാലും പാസ്സാവാതിരിക്കയില്ല. വീട്ടിൽവന്നു ഉറക്കെ കരയാൻ തുടങ്ങി. അദ്ദേഹത്തിൻെറജ്യേഷ്ഠൻ ഛോട്ടുഭായി തൻെറ സ്വാഭാവികമായ രീതിയിൽ അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ തുടങ്ങി. "പ്രാഥമികപാഠശാലയിലെ കുട്ടികളെപ്പോലെ കരഞ്ഞുകൊണ്ടിരിയ്ക്കുയാണോ? ലജ്ജ തോന്നനില്ലേ? ആളുകൾ കണ്ടാൽ എന്തുപറയും? രണ്ടാമതു പരീക്ഷയ്ക്കു പോകേണ്ടിവരുമായിരിക്കാം, വീട്ടിൽ നിന്നു പണം വരുത്തേണ്ടതില്ലല്ലോ? ആരാ പറയാനുള്ളതു്?" എന്നാൽ വേഗം എഴുന്നേററു പോരാനും കരയാനും കാരണം മറെറാന്നാണു്. ആ അവസരത്തിൽ ഭഗ്ഗാബെഹൻ ബോമ്പായിൽ ഉണ്ടായിരുന്നില്ല. മഹാദേവ് തൻെറ മുറിയിൽ വളരെ വൈകുന്നതുവരെ കിടന്നു വായിച്ചിരുന്നു. അടുത്തു താമസിച്ചിരുന്ന ഒരു സ്ത്രീ, അദ്ദേഹത്തിൽ അനുരക്തയായിട്ടായിരിക്കാം, ആ ഏകാന്തതയെ മനസ്സിലാക്കി, അദ്ദേഹത്തിൻെറ മുറിയിലേക്കു വന്നു്

പെട്ടെന്നു് അദ്ദേഹത്തിൻെറ കിടക്കയിൽ കിടന്നു. അവൾ മഹാദേവിനോടു മല്ലിടാൻതന്നെ തുടങ്ങി എന്നു പറയാം. മഹാദേവ് അമ്പരന്നു് നിശ്ചേഷ്ടനായി. ദുർഗ്ഗാ ബന്നിനോടുള്ള വിശ്വസ്തയും പാപഭീരുതയും നിമിത്തം അദ്ദേഹത്തിന്നു അത്തരം പ്രവൃത്തി ശാരീരികരൂപത്തിൽ തന്നെ അസംഭാവ്യമായിരുന്നു. അല്പസമയത്തിന്നുശേഷം സ്വാസ്ഥ്യത ലഭിച്ചപ്പോൾ അദ്ദേഹം ആ സഹോദരിയ്ക്കു കാര്യം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു; അവൾക്കു തൻെറ ധർമ്മം എന്താണെന്ന ബോധം ഉളവാക്കി, ഉടനെ അവിടെനിന്നു പോവാൻ പറഞ്ഞു. എന്നാൽ മഹാദേവിന്നു അതിന്നുശേഷം അന്നു രാത്രി ഉറക്കം വന്നില്ല. പിറേറന്നു വളരെ അസ്വാസ്ഥ്യത തോന്നി. അതിനാൽ ഒന്നും എഴുതാതെ എഴുന്നേററുപോന്നു. ഇതു അദ്ദേഹം ദുർഗ്ഗാബന്നിനോടല്ലാതെ മററാരോടും പറഞ്ഞിട്ടില്ല. പിറെറക്കൊല്ലം എൽ. എൽ. ബി. പരീക്ഷയുടെ കാലത്തു് ഞങ്ങൾ ഒരുമിച്ചാണു് താമസിച്ചിരുന്നതു്. അപ്പോൾ ഒരിക്കൽ കിടന്നുകൊണ്ടു് ഞങ്ങൾ ഇത്തരം അനുഭവങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഈ കാര്യം എന്നോടും പറഞ്ഞു.

ഞങ്ങൾ ബന്ധപ്പെട്ടതെങ്ങിനെ ?

മഹാദേവും ഞാനും 1913ൽ ഒരുമിച്ചാണു് എൽ. എൽ. ബി. പാസ്സായതു്. അതിന്നുമുമ്പുതന്നെ ഞാൻ അപ്രത്യക്ഷമായി അദ്ദേഹത്തോടു പരിചയപ്പെട്ടിട്ടുണ്ടു്. ഇൻടർ പാസ്സായശേഷം എൻെറ ഒരു അടുത്ത ചങ്ങാതി മനുഭായിമെത്ത സെൻറസേവിയേർസ് കോളേജിൽ പഠി

ക്കന്നതിന്നായി അഹമ്മദാബാദിൽനിന്നു ബോമ്പയ്ക്കു, പോയി. അദ്ദേഹവും ഗോകുൽദാസ് തേജ്പാൽ ബോർഡിങ്ങിലാണ് താമസിച്ചിരുന്നതു്. അവിടെ അദ്ദേഹവും മഹാദേവും ഉത്തമസുഹൃത്തുക്കളായി. ഞാൻ അഹമ്മദാബാദിൽഗുജറാത്തി കോളേജിൽത്തന്നെയായിരുന്നു. ചങ്ങാതിയുടെ ചങ്ങാതി എന്നനിലയിൽ ഞാൻ മഹാദേവ്ഭായിയുമായി കത്തിടപാടു നടത്താൻ തുടങ്ങി. 1911 ഒടുവിൽ, അഞ്ചാം ജോർജ്ജ് ചക്രവർത്തി ഇന്ത്യയിലേക്കു വന്നപ്പോൾ, അദ്ദേഹത്തെ സ്വീകരിക്കാനായി എപ്പോളോ ബനൗകാശയത്തിൽ വിശാലമായ ഏംഫിതിയേററർ ഉണ്ടാക്കിയിരുന്നു. ആ അവസരത്തിലാണ് ഞങ്ങൾ ആദ്യമായി തമ്മിൽക്കണ്ടതു്. ഈ തിയേറററിലേക്കുപോകാൻ മഹാദേവ്ഭായിയാണ് എനിക്കുള്ള പാസ്സും കൊണ്ടുവന്നു തന്നതു്. അതിന്നുശേഷം ഞാൻ എൽ. എൽ. ബീക്കു പഠിക്കുവാനായി ബോമ്പയ്ക്കുപോയി. ഒരു ഇൻഷ്യൂറൻസ് കമ്പനിയിൽ ജോലിചെയ്തു ഒരു മുറി വാടകയ്ക്കുവാങ്ങി സാൻടാക്രൂസിൽ താമസമാക്കി. മഹാദേവ് പരേലിലാണ് താമസിച്ചിരുന്നതു്. ഞങ്ങൾ ഇടയ്ക്കിടെ ലാ കാളേജിലും വീട്ടിലേക്കുപോകുമ്പോൾ ലോക്കൽ ട്രെയിനിലും കാണാറുണ്ടായിരുന്നു. ഫൈനൽ എൽ. എൽ. ബീക്കു അവസാനത്തെകൊല്ലം ഞങ്ങൾ വളരെ വിദ്യാൎത്ഥികൾ ഗ്രാൻഡ് റോഡ് സ്റ്റേഷന്നടുത്തു്, അന്നു പുതുതായുണ്ടായിരുന്ന 'പാർവ്വതി മാൻഷ'നിലേക്ക് താമസം മാററി. അന്നു പഠിക്കുന്നതിന്നായി ഞാൻ ജോലിയും രാജിവെച്ചു. പക്ഷേ മുറി വിട്ടുകൊടുത്തില്ല. ഒററയ്ക്കു

താമസിച്ചു. മഹാദേവ് മുറിക്കൂടി വിട്ടുകൊടുത്തു. മന്ന ഭായി കുടുംബസമേതം പാർവ്വതിമാൻഷനിലാണ് താമസിച്ചിരുന്നതു്. ഞങ്ങൾ രണ്ടുപേരും അദ്ദേഹത്തിൻെറ അടുത്താണ് ഭക്ഷണം കഴിച്ചിരുന്നതു്. അന്നു മഹാദേവിന്നും എനിക്കും വളരെ അടുത്തു ഇടപെടാൻ സാധിച്ചു. ഞങ്ങളുടെ സംബന്ധം ഏകോദരസഹോദരന്മാരെക്കാൾ കൂടുതൽ അടുപ്പമുള്ളതായിത്തീൎന്നു.

## മററു പരീക്ഷാഫലട്ടങ്ങൾ

അദ്ദേഹം തൻെറ എല്ലാ കാൎയ്യങ്ങളും ബാപ്പുജിയോടു പറഞ്ഞിട്ടുണ്ടു്. അക്കൂട്ടത്തിൽ എൽ. എൽ. ബി. പരീക്ഷയുടെ കാലത്തുണ്ടായ ഈ സംഗതിയും പറഞ്ഞിട്ടുണ്ടായിരിക്കണം. പിന്നീടു മഹാദേവിന്നു ഇത്തരം നാല നുഭവങ്ങളുണ്ടായിട്ടുണ്ടു്—രണ്ടെണ്ണം ഭാരതീയവനിതകളിൽനിന്നും രണ്ടെണ്ണം യൂറോപ്യൻ വനിതകളിൽനിന്നും. ഭാരതീയ വനിതകളുടെ കാൎയ്യത്തിൽ കുറെ അധികം ആഴത്തിലേയ്ക്കിറങ്ങി; എങ്കിലും ശാരീരികശുദ്ധി പരിപാലിക്കാൻ കഴിഞ്ഞു. മനസ്സിന്നു പററിയ മാലിന്യം അദ്ദേഹത്തിന്നു പശ്ചാത്താപകണ്ണീർകൊണ്ടു കഴുകിക്കളെവാൻ കഴിഞ്ഞു എന്നു് എൻെറ ആത്മാവു് പറഞ്ഞുകൊണ്ടിരിക്കുന്നു. യൂറോപ്യൻ വനിതകളുടെ കാൎയ്യത്തിൽ അദ്ദേഹം ആദ്യം മുതല്ക്കുതന്നെ വളരെ ജാഗ്രതയോടുകൂടി പെരുമാറിയിരുന്നു. ആ നാലു സഹോദരിമാരേയും അദ്ദേഹം സന്മാൎഗ്ഗത്തിലേക്കു നയിച്ചു. ഇതിനെപ്പററി കിശോരലാൽഭായി വളരെ ഭംഗിയായ ഭാഷയിൽ എഴുതിയിട്ടുണ്ടു്. അതിനാൽ അദ്ദേഹത്തിൻെറ വാക്കുകൾ ഇവിടെ

ഉദ്ധരിക്കാം. "മഹാദേവ് ഭായിയുടെ സുജനത, സ്ത്രീദാക്ഷിണ്യം, സാഹിത്യം, സംഗീതം, കല മുതലായവയിലുള്ള നൈപുണ്യം, കോമളമായഭാവനകൾ നിറഞ്ഞതും സ്നേഹവശമായിത്തീരുന്നതുമായ സ്വഭാവം, ഹൃഷ്ടപുഷ്ടവും മനോഹരവുമായ യുവത്വം—ഈ എല്ലാ കാരണങ്ങളാലും ഇദ്ദേഹത്തിന്നു ഒന്നിലധികം പ്രാവശ്യം വളരെ വിഷമം പിടിച്ച പരിതസ്ഥിതികളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. സാധാരണയായി സ്ത്രീകൾ ആക്രമണസ്വഭാവമുള്ളവരായിരിക്കയില്ല. എന്നാൽ ചിലപ്പോൾ ജീവിതത്തിലെ അസന്തുഷ്ടി, ദുഃഖം മുതലായവയാലും മററുചിലരുടെ കൈയിൽ കുടുങ്ങുകയാലും ചിലസ്ത്രീകൾ സമഭാവനയുള്ളവരും സമർത്ഥന്മാരുമായ പുരുഷന്മാരെ ആരായുന്നതിൽ ആക്രമണശീലം കാണിക്കുന്നതു കാണാം. മഹാദേവ് ഭായിക്കു രണ്ടു നാലുപ്രാവശ്യം അത്തരം അനുഭവങ്ങളുണ്ടായിട്ടുണ്ട്. ഹനുമാനെപ്പോലുള്ള നൈഷ്ഠികബ്രഹ്മചാരിയാണ് താനെന്നു് അവകാശപ്പെടുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ വിശ്വസ്തഭാവന ഹനുമാനേക്കാൾ ഒട്ടും കുറവായിരുന്നില്ല. ആ വിശ്വസ്തത സ്വാമിയുടെ നേക്ക് മാത്രമല്ല പത്നിയുടെ നേക്കും അത്രതന്നെ തീവ്രമായിരുന്നു. ആ വിശ്വസ്തതയാണ് അദ്ദേഹത്തെ രക്ഷിച്ചതു്. അദ്ദേഹം ഈ സഹോദരിമാരെ വളരെ ഔത്സുക്യപൂർവ്വം സന്മാർഗ്ഗത്തിലേക്കു നയിച്ചു് ആ വഴിക്കുതന്നെ മേല്പ്പോട്ടു കയറാൻ സഹായിച്ചു. അതോടൊപ്പം തൻെറ ചാരിത്രത്തെ സംരക്ഷിക്കുകയും ചെയ്തു.

KOTTAYAM PUBLIC LIBRARY

"ഹനുമാനെപ്പോലെ നൈഷ്ഠികബ്രഹ്മചാരിയാവാൻ അദ്ദേഹത്തിന്നു ഭാഗ്യമുണ്ടായില്ല. എന്നാൽ പരസ്ത്രീകളെ അദ്ദേഹം മോഹിച്ചിട്ടില്ല. അതിൽനിന്നു രക്ഷപ്പെടുന്നതിന്നുള്ള ചാരിത്രബലം അദ്ദേഹത്തിന്നു സിദ്ധിച്ചിരുന്നു. ഇതിൽ അദ്ദേഹത്തിന്നു പലകഷ്ടങ്ങളും മാനസികക്ലേശങ്ങളും പരിതാപംപോലും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഈ അനുഭവങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ സ്വാഭാവികമായ നമ്രത വർദ്ധിക്കുകയും ചെയ്തു."

# അദ്ധ്യായം 12.

## ഓറിയൻറൽ ട്രാൻസ്ലേറററുടെ ആപ്പീസ്സിൽ

എൽ. എൽ. ബിക്കു പഠിക്കുന്നകാലത്തു അദ്ദേഹം ഓറിയൻറൽ ട്രാൻസ്ലേറററുടെ ആഫീസ്സിൽ ജോലിചെയ്കയായിരുന്നു. അവിടെനിന്നു കിട്ടിയ പഠിപ്പ് അദ്ദേഹത്തിന്റെ ഭാവിജീവിതത്തിൽ വളരെ ഉപയോഗപ്രദമായിത്തീർന്നിട്ടുണ്ട്. പത്രങ്ങളിലും പുസ്തകങ്ങളിലും സർക്കാരിന്റെ ദൃഷ്ടിയിൽ ആപൽക്കരമാണെന്നു തോന്നുന്നഭാഗങ്ങളെ ഇംഗ്ലീഷിൽ തർജ്ജമചെയ്തു മേലധികാരിയുടെ തീരുമാനത്തിന്നു കൊടുക്കുക—ഇതായിരുന്നു അദ്ദേഹത്തിന്റെ ജോലി. അതോടൊപ്പംതന്നെ, അത്തരം പദാനുപദതർജ്ജമയ്ക്കു പുറമെ, മുഴുവൻ ലേഖനത്തിന്റെയും പലപ്പോഴും മുഴുവൻ പുസ്തകത്തിന്റെയും സാരാംശവും അദ്ദേഹത്തിന്നു ഇംഗ്ലീഷിൽ എഴുതിക്കൊടുക്കേണ്ടിവന്നിരുന്നു. ബാപ്പുജിയുടെ കത്തിടപാടുകളും അദ്ദേഹത്തിന്റെ വാരികകളും നടത്തുവാൻ അദ്ദേഹത്തെ സഹാ

യിക്കുന്നതിൽ, ഒരു ഭാഷയിൽനിന്നു മറെറാരു ഭാഷയിലേക്കു, വേഗത്തിൽ എന്നാൽ തെററു കൂടാതെ തർജ്ജമ ചെയ്യുന്നതിന്നും, നീണ്ടകത്തുകളിൽനിന്നും ലേഖനങ്ങളിൽനിന്നും പ്രധാനസംഗതികൾ പെറുക്കിയെടുത്തു അവയെ അവതരിപ്പിക്കുന്നതിന്നും അദ്ദേഹത്തിന്നുണ്ടായിരുന്ന പ്രത്യേകസാമത്ഥ്യത്തിൻെറ അടിക്കല്ലിട്ടതു് ഈ ആപ്പീസിൽ അദ്ദേഹം മൂന്നുവഷത്തോളം ചെയ്ത ജോലിയാണെന്നു തീച്ചയായും പറയാവുന്നതാണു്.

ആപ്പീസിൽ മററുള്ളവർ മുഴുവൻ സമയവും ജോലിയിൽ ഏർപ്പെട്ടിരിക്കെ മഹാദേവ് തൻെറ പ്രവൃത്തി ഒന്നു രണ്ടു മണിക്കൂർകൊണ്ടുചെയ്തു് പലപ്പോഴും അന്യരെ സഹായിക്കുകയോ സ്വയമായി വല്ലതും പഠിക്കുകയോ ചെയ്യും. അന്നത്തെ ഓറിയൻടൽ ട്രാൻസ്ലേററർ മി. ശാംസുദ്ദീൻ കാദറിൻെറ പ്രത്യേകപ്രേമത്തിന്നു ഇദ്ദേഹം പാത്രമായിരുന്നു; അസിസ്റ്റാണ്ടു് ഓറിയൻററൽ ട്രാൻസ്ലേററർ മി. സംജാണാ—പിന്നീട്ട് ടൈംസ് ഓഫ് ഇന്ത്യയിൽ ത്രൂ ഇന്ത്യൻ ഐസിൻെറ ലേഖകൻെറ രൂപത്തിൽ സുപ്രസിദ്ധനായിത്തീന്നതും ഇദ്ദേഹമാണു്—വയസ്സിൽ അല്പം മീതെയായിരുന്നുവെങ്കിലും ഇദ്ദേഹത്തിൻെറ ആത്മമിത്രമായിത്തീന്നിരുന്നു. ഉത്തമവും സുപ്രസിദ്ധവുമാണെന്നു കരുതപ്പെടുന്ന ഗുജറാത്തിപുസ്തകങ്ങളുടെ കഠിനമായ വിമർശനവും ഇംഗ്ലീഷുസാഹിത്യപഠനവുമായിരുന്നു അവരുടെ മൈത്രിയുടെ ബീജം. തീരെ തെററുകൂടാതെ ഇംഗ്ലീഷെഴുതാൻ പഠിക്കണമെന്ന ആഗ്രഹത്തിൽ രണ്ടുപേരും സഹധമ്മികളാണു്.

ശ്രീ. മോഹൻലാൽ പണ്ഡ്യയുടെ "വനസ്പതി മരുന്നുകൾ" എന്ന പുസ്തകത്തെ—അതിൽ മരുന്നുകളുടെ നിലയിൽ ബോമ്പുണ്ടാക്കാനുള്ള പല സൂചനകളും നൽകപ്പെട്ടിരുന്നു—പ്പററി "നിരോധനാർഹം" എന്നു റിപ്പോർട്ടുചെയ്യാനുള്ള ഭാഗ്യം മഹാദേവ്ഭായിക്കാണുണ്ടായത്. മോഹൻലാൽപണ്ഡ്യ സത്യാഗ്രഹസമരത്തിലെ ഭടനെന്ന നിലയിൽ ഗുജറാത്തു മുഴുവനും അറിയുന്ന ഒരാളാണ്. എന്നാൽ ബാപ്പുജി ഹിന്ദുസ്ഥാനത്തിൽ വരുന്നതിന്നുമുമ്പ് അദ്ദേഹം ഭീകരപ്രസ്ഥാനത്തിൽപ്പെട്ട ഒരാളായിരുന്നു; അദ്ദേഹം ബോമ്പുണ്ടാക്കുന്നതിന്നുപോലും പ്രയത്നിച്ചിട്ടുണ്ട്. മാണ്ഡലെ ജയിലിൽവെച്ചു തിലകൻ എഴുതിയ ഗീതാരഹസ്യവും ഇദ്ദേഹത്തിൻെറ ആപ്പീസിലേക്കു പരിശോധനാർത്ഥം (സെൻസർഷിപ്പ്) വന്നിരുന്നു. അപ്പോൾ അതു കൈയെഴുത്തിൻെറ രൂപത്തിൽ ഒന്നാമതായി കാണുന്നതിന്നുള്ള ഭാഗ്യവും ഇദ്ദേഹത്തിന്നു ലഭിച്ചു.

പിന്നെ കച്ചിലേക്കുവന്നു.

ഫൈനൽ എൽ. എൽ. ബി പരീക്ഷ കഴിഞ്ഞ ഉടനെ അദ്ദേഹത്തിന്നു രോഗം ബാധിച്ചു. പഠിപ്പു പൂർത്തിയായിക്കഴിഞ്ഞു. അതിനാൽ ആപ്പീസിൽനിന്നു കുറച്ചധികം കാലത്തേയ്ക്കു കല്പനയെടുത്ത് നല്ല കാലാവസ്ഥയുള്ള എങ്ങോട്ടെങ്കിലും മാറിത്താമസിക്കേണമെന്നു ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതിനിടയിൽകുറച്ചു കാലത്തേക്കു സ്വദേശത്തേക്കു പോകുന്ന ഒരു കച്ചുകുടുംബക്കാരുമായി മഹാദേവിന്നു പരിചയപ്പെടാൻ സംഗതിയായി; അവർക്കു ഒരു കുട്ടിയെ പ്രത്യേകിച്ചു പഠിപ്പിക്കാൻ

രാളെ ആവശ്യമായിരുന്നു. മഹാദേവ് ഇവരോടു കാര്യം തികച്ചും പറഞ്ഞു. "എന്റെ പ്രധാന ഉദ്ദേശ്യം കാലാവസ്ഥ മാറിത്താമസിക്കണമെന്നതാണ്. അതി നാൽ കുട്ടിയെ നിശ്ചിതസമയത്തു പഠിപ്പിച്ച് ബാക്കി സമയം മുഴുവനും ഞാൻ എന്റെ ഇഷ്ടംപോലെ എന്തു ചെയ്യാനും സ്വതന്ത്രനായിരിക്കും. നിങ്ങൾ നിങ്ങളുടെ കച്ചവടസംബന്ധമായോ മറ്റോ ഉള്ള ഒരു കാര്യവും എന്നെ ഏല്പിക്കരുത്. ഈ നിബന്ധന ശരിയായി നിറവേറുമെങ്കിൽ ഞാൻ കൂടെ പോരാം." എന്നാൽ ഈ നിബന്ധനയെ നിറവേററുന്ന പ്രശ്നം തന്നെ വന്നില്ല; മഹാദേവ് ആ കുടുംബത്തിന്റെ ഹൃദയം ആകമാനം ആകർഷിച്ചു. കുട്ടി അനുഗ്രഹത്തിൽ മോഹിതനായിത്തീർന്നു എന്നു പറയാം.

## മോർലെയുടെ "ഓൺകോംപ്രൊമൈസി" ന്റെ പരിഭാഷ

ഓറിയന്റൽ ട്രാൻസ്ലേറററുടെ കച്ചേരിയിൽ ജോലി ചെയ്തിരുന്നകാലത്തു—1918ലാണെന്നു തോന്നുന്നു—ബോമ്പായിലെ ഗുജറാത്ത് ഫോർബസ് സഭക്കാർ ലോർഡ് മോർലെയുടെ "ഓൺ കോംപ്രൊമൈസ്" എന്ന പുസ്തകം പരിഭാഷപ്പെടുത്തുന്നതിന്നു 1000ക. സമ്മാനം കൊടുക്കുന്നതാണെന്ന് ഉൽഘോഷിച്ചു. മഹാദേവ് ഈ സ്പർദ്ധയിൽ ചേർന്നു മൂന്നു നാലു ഏടുകൾ പരിഭാഷപ്പെടുത്തി മാതൃകയായി പരിശോധകന്മാർക്ക് അയച്ചുകൊടുത്തു. ഈ സ്പർദ്ധയിൽ സാഹിത്യക്ഷേത്രത്തിൽ പ്രസിദ്ധരും വിദ്വാന്മാരുമെന്നു കണക്കാക്കപ്പെടുന്ന ചില വ്യക്തികളും ഉണ്ടായിരുന്നു. എന്നാലും പരിശോധകന്മാർ മഹാദേവിന്റെ

മാതൃകയെ സ്വീകരിക്കുകയും ഈ പ്രവൃത്തി അദ്ദേഹത്തിന്നു ഏല്പിച്ചുകൊടുക്കുകയും ചെയ്തു. മററു സുപരിചിതരായ വ്യക്തികൾ സ്പർദ്ധയിൽ ഉണ്ടായിരിക്കേ, സാഹിത്യക്ഷേത്രത്തിൽ തീരെ അപരിചിതനായ ഒരു പുതിയ ഗ്രാജ്യുവേററിനെ ഒരു ഗഹനമായ ഗ്രന്ഥത്തിൻെറ തജ്ജമക്കു തിരഞ്ഞെടുത്തതു കണ്ടു പലരും ആശ്ചയ്യപ്പെട്ടുപോയി. അതിന്നുശേഷം 1914ൽ സൂറത്തിൽ സാഹിത്യ പരിഷത്തുണ്ടായി. അതിന്നു ഞങ്ങൾ പോയിരുന്നു. ഞങ്ങൾ അവിടെ ചുററിനടക്കുമ്പോൾ ചിലർ മഹാദേവ് ഭായിയെ ചൂണ്ടിക്കാണിച്ചു്, "കോംപ്രൊമൈസ്കാരൻ മഹാദേവ ഹരിഭായി ദേശായി അതാണു്" എന്നു പറയുന്നതു് ഞങ്ങൾ കേട്ടിരുന്നു. അദ്ദേഹം അഹമ്മദാബാദിൽ വക്കീലായിത്താമസിച്ചിരുന്ന കാലത്താണു് ഈ പുസ്തകം പൂത്തിയാക്കിയതു്. പക്ഷേ ആശ്രമത്തിൽ ചേൎന്നതിന്നുശേഷം അതു മുഴുവനും ഒന്നു തിരുത്തിയെഴുതിയിട്ടുണ്ടു്. അതിൻെറ ആരംഭത്തിലെ ചില അദ്ധ്യായങ്ങൾ തിരുത്തുന്നതിൽ കാക്കാസാഹിബ്ബും ധാരാളം സഹായം ചെയ്തിട്ടുണ്ടു്. 1925ൽ "സത്യാഗ്രഹത്തിൻെറ പരിമിതി" എന്ന പേരിൽ ഈ പുസ്തകം നവജീവൻകാർ പ്രസിദ്ധപ്പെടുത്തി.

# അദ്ധ്യായം 13.

<u>അഹമ്മദാബാദിൽ വക്കീൽ.</u>

1913 അവസാനം എൽ. എൽ. ബി. പാസ്സായി. അക്കൊല്ലം ആരും തന്നെ ഒന്നാം ക്ലാസ്സായിട്ടില്ല. അതിന്നു മുമ്പിലത്തെ കൊല്ലം "ഇകചിററി" എന്ന വിഷയത്തെപ്പററി എഴുതുമ്പോഴാണല്ലോ മഹാദേവ് എഴുന്നേററുപോയതു്; അതിൽ ഇക്കൊല്ലം അദ്ദേഹം ഒന്നാമനായി. ബിരുദദാനത്തിന്നുശേഷം എന്തുചെയ്യേണമെന്നാലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു് അച്ഛന്നു അഹമ്മദാബാദ് വിമൺസ് ട്രെയിനിങ്ങ് കോളേജിലെ ഹെഡ് മാസ്റ്ററായി മാററം കിട്ടിയതു്. അതിനാൽ അഹമ്മദാബാദിൽ പ്രാക്ടീസ്സുചെയ്യുന്നതായാൽ വീട്ടുചിലവിൻെറ കാര്യത്തെപ്പററി ആലോചിക്കേണ്ടതില്ല. ഞാൻ അദ്ദേഹത്തെ അഹമ്മദാബാദിലേക്കു പിടിച്ചു വലിക്കുന്നുമുണ്ടായിരുന്നു. അതിനാൽ അവസാനം, 1914 ജൂൺ മാസത്തിൽ അദ്ദേഹം ജോലി രാജിവെച്ചു അഹമ്മദാബാദിലേയ്ക്കുവന്നു. അഹമ്മദാബാദ് ഡിസ്ത്രിക്ക് കോടതിയിൽ സന്നതെടുത്തു. ആകെ അദ്ദേഹം പതിനഞ്ചോ പതിനെട്ടോ മാസം അഹമ്മദാബാദിൽ താമസിച്ചിരിക്കും. വക്കീലിൻെറ നിലയിൽ അദ്ദേഹത്തിന്നു ഒരൊററ കേസുമാത്രമേ കിട്ടിയിട്ടുള്ളൂ. മഹീകാം ഠാ ഏജൻസിവകയായി ഏതോ ഡർബാർ മുഖേന ബോംബെ ഗവൺമെൻറിന്നു ഒരു ഹരജി അയക്കേണ്ടതുണ്ടായിരുന്നു. രാമനാരായണ പാഠക് അവിടെ സാദരയിൽ വക്കീലായിരുന്നു. അദ്ദേഹം മുഖേനയാണു് ഈ ഹരജിയെഴുതുന്ന പ്രവൃത്തി മഹാദേവിന്നു ലഭിച്ചതു്. അതിൻെറ ഫീസ് 125 ക. കിട്ടുകയും ചെയ്തു.

## പണ്ഡ്യാജിയുടെ ഹരജി തയ്യാറാക്കി.

ഇതിന്നു പുറമെ ശ്രീ. മോഹൻലാൽ പണ്ഡ്യയും ബോംബെ ഗവർണ്ണരുടെ പേരിൽ ഒരു ഹരജി എഴുതി കൊടുക്കുന്ന പ്രവൃത്തിയും അദ്ദേഹംചെയ്തു. അദ്ദേഹത്തിൻെറ "വനസ്പതി മരുന്നുകൾ" എന്ന പുസ്തകത്തെപ്പററി മഹാദേവ്ഭായിയാണു് റിപ്പോർട്ടുചെയ്തതെന്നു പറഞ്ഞുവല്ലോ. അദ്ദേഹം ബറോഡാ നാട്ടുരാജ്യത്തിലെ 'ഡേരിസൂപ്രഡെണ്ടാ'യിരുന്നു. 1912ൽ ഇന്ത്യാഗവമ്മെണ്ടിന്നു ഗെയ്ക്കവാറിൻെറ പേരിൽ അപ്രീതിയുണ്ടായപ്പോൾ അവർ ഗെയ്ക്കവാറിനെക്കൊണ്ടു പണ്ഡ്യാജിയെ ജോലിയിൽനിന്നു പിരിച്ചയപ്പിച്ചു. പിന്നീടു പോലീസുകാർ അദ്ദേഹത്തിൻെറ പേരിൽ രാജദ്രോഹകുററം ചുമത്തുവാൻ വളരെ പരിശ്രമിച്ചു. ഒരു കൊല്ലത്തോളം അദ്ദേഹം പോലീസിന്നു വിവരം കിട്ടാത്തനിലയിൽ ഒളിച്ചു നടന്നു. പിന്നീടു് പുറത്തുവരാൻ തുടങ്ങി. സക്കാരിന്നു അദ്ദേഹത്തിന്നെതിരായി ഒരു തെളിവും കിട്ടിയില്ല. എങ്കിലും അദ്ദേഹത്തിൻെറ പിന്നിൽ രഹസ്യപ്പോലീസിനെ നിത്തി അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിച്ചു. അന്നു സി. ഐ. ഡി. യെ ചതിച്ചു് ഒരു ദിക്കിൽനിന്നു മറെറാരു ദിക്കിലേക്കു പോകുന്നതു് ഒരു പരാക്രമമായി പരിഗണിക്കപ്പെട്ടിരുന്നു; അതിനാൽ പണ്ഡ്യാജി രഹസ്യപ്പോലീസിനെയും കുറച്ചൊന്നുമല്ല, വിഷമിപ്പിച്ചതു്. പണ്ഡ്യാജിയും ഞാനും ഒരേ ഗ്രാമക്കാരാണു്; കൂടാതെ ഞങ്ങൾക്കുതമ്മിൽ കുടുംബബന്ധവുമുണ്ടു്. ഞാൻ വക്കീലായപ്പോൾ പണ്ഡ്യാജി എന്നോടു ഈ സി. ഐ. ഡി. ക്കാരുടെ ഉപദ്രവം ഇല്ലാതാക്കിത്തരാനാവശ്യപ്പെട്ടു.

ഞങ്ങൾകൂടിയാലോചിച്ചു; ബോംബെ ഗവൎണ്ണൎക്ക് ഹരജി അയക്കാൻ തിൎച്ചയാക്കി. അപ്പോഴേക്ക മഹാദേവും അഹമ്മദാബാദിലേക്ക വന്നു. അതിനാൽ ഈ ഹരജി അദ്ദേഹത്തിനെക്കൊണ്ടുതന്നെ തയ്യാറാക്കിച്ചു. ഇതു അദ്ദേഹം വക്കീലായി ചെയ്ത രണ്ടാമത്തെ പ്രവൃത്തിയാണു്. ഈ ഹരജിക്ക യാതൊരു ഫലവും ഉണ്ടായില്ലെന്നു പറയേണ്ടതില്ല. എന്നാൽ അഹമ്മദാബാദിൽ വന്നപ്പോൾ പണ്ഡ്യജി തന്റെ കഥ അദ്ദേഹത്തോടു പറഞ്ഞു. ഉടനെ ബാപൂജി അദ്ദേഹത്തോടു ഉപദേശിച്ചു: "സി. ഐ. ഡി. ക്കാരെ മറന്നുകളയുക, എല്ലാപ്രവൃത്തികളും പരസ്യമായി ച്ചെയ്യുക; അവർ വല്ല വിവരവും ചോദിച്ചാൽ എല്ലാം തുറന്നു പറയുക, അപ്പോൾ അവൎക്കു് നിങ്ങളെപ്പററി ഒന്നും അറിവാനുണ്ടാവില്ല. എന്നിട്ടും നിങ്ങൾക്ക വിഷമം തോന്നുന്നതായാൽ ഇവിടെ ആശ്രമത്തിൽ എന്റെ അടുക്കെ വന്നു താമസിച്ചുകൊൾക.

ചിത്രാംഗദ തൎജ്ജമ

മഹാദേവ്ഭായി അഹമ്മദാബാദിൽ താമസമാക്കി. അക്കാലത്തു ഞങ്ങൾ രണ്ടുപേരുംകൂടി രവീന്ദ്രനാഥ ടാഗോറിന്റെ 'ചിത്രാംഗദ' എന്ന നാടകം തൎജ്ജമ ചെയ്തു. അന്നു ഞങ്ങൾ രവീന്ദ്രനാഥ ടാഗോറിന്റെ എല്ലാ ബങ്കാളി കൃതികളും ഗുജറാത്തിയിലേക്ക തൎജ്ജമ ചെയ്യുവാൻ തീൎച്ചയാക്കിയിരുന്നു. 'തോണി മുങ്ങൽ' തൎജ്ജമ ചെയ്യാൻ തീൎച്ചയാക്കി അതിന്റെ ഏടുകൾ പോലും ഭാഗിച്ചെടുത്തിരുന്നു. പക്ഷെ, ഞങ്ങളുടെ പ്രവൃത്തിയുടെ പ്രവാഹം മറെറാരു വഴിക്ക തിരിഞ്ഞു; അതിനാൽ ആ വിചാരം മനസ്സിൽതന്നെ കിടന്നതേയുള്ളു. അതിന്റെ ഏതാണ്ടൊരു ഫലത്തിന്റെ രൂപത്തിൽ ഞങ്ങൾ "ബിദായ് അഭിശാപ്," "പ്രാചീന സാഹിത്യം" എന്ന രണ്ടു പുസ്തകങ്ങൾ തൎജ്ജമ ചെയ്തു.

# അദ്ധ്യായം 14

## പരസ്പരസഹായ സംഘങ്ങളുടെ ഇൻസ്പെക്ടർ.

ഇതിനിടയിൽ പിതാജിക്കു പിരിയേണ്ട ദിവസം അടുക്കാൻ തുടങ്ങി. പിതാജി പിരിഞ്ഞുപോയാൽ തൻെറ മാത്രം വരവുകൊണ്ടു അഹമ്മദാബാദിലെ ചിലവുകഴിക്കുന്നതു വിഷമകരമായിത്തീരുമെന്ന വിചാരം കൊണ്ടു മഹാദേവ്, അസ്വസ്ഥനാവാൻ തുടങ്ങി. വൈകുണ്ഠഭായി ബോമ്പായിലെ സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്കിൽ ജോലിചെയ്യുകയായിരുന്നു. അന്നു പരസ്പര സഹായസംഘപ്രസ്ഥാനങ്ങളുടെ പ്രാരംഭകാലമായിരുന്നു. ഈ ബാങ്കു ഗ്രാമത്തിലെ പരസ്പരസഹായസംഘങ്ങൾക്കു പണം കടം കൊടുത്തിരുന്നു. അതിൽ ആ ഗ്രാമീണസംഘങ്ങളുടെ പ്രവൎത്തനം ശരിയായി നടക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കാനായി ബാങ്കിന്നു സ്വന്തമായി ഒരു ഇൻസ്പെക്ടരെ നിയമിക്കുന്നതാവശ്യമായിവന്നു. അതിനാൽ അദ്ദേഹം മഹാദേവിനോട് ഇതിനെപ്പററിപ്പറഞ്ഞു. മഹാദേവ് ആ ജോലി സ്വീകരിച്ചു; ഗുജറാത്തിലേയും മഹാരാഷ്ട്രത്തിലേയും സംഘങ്ങളെ പരിശോധിക്കുന്ന പ്രവൃത്തി അദ്ദേഹത്തിന്നു ഏല്പിച്ചുകൊടുത്തു. അദ്ദേഹത്തിൻെറ പ്രവൃത്തികളെപ്പററി വൈകുണ്ഠഭായി എഴുതുന്നു: "അദ്ദേഹം മററു പ്രവൃത്തികളെപ്പോലെ ഇതും വളരെ ഭംഗിയായി ചെയ്തിരുന്നു. ഏതുസംഘം പരിശോധിക്കാൻ പോയാലും—അതു ഗുജറാത്തിലായാലും ശരി മഹാരാഷ്ട്രത്തിലായാലും ശരി—സംഘത്തിലെ പ്രവൎത്തകന്മാരോടും മെമ്പർമാരോടും വളരെ സൌഹാൎദ്ദമായ നിലയി

ലാണു് പെരുമാറിയിരുന്നതു്. സംഘങ്ങളുടെ പരിതഃസ്ഥിതി മെമ്പർമാരുടെ ആവശ്യം മുതലായവയെപ്പററിയ അദ്ദേഹത്തിൻെറ റിപ്പോർട്ടു് ആവശ്യമായ എല്ലാ വിവരങ്ങളും സൂചനകളും അടങ്ങിയതായിരുന്നു; കൂടാതെ ശൈലിയും ഭാഷയും നോക്കിയാൽ അവ മനനം ചെയ്യുന്നതിന്നുപോലും പററിയവയായിരുന്നു.

"അദ്ദേഹത്തിൻെറ പ്രവർത്തനകാലത്തു ഒരു സംഭവമുണ്ടായി. അതിവിടെ എടുത്തു പറയുന്നതു ഉചിതമായിരിക്കും. ഖെഡാജില്ലയിലെ ഒരു സംഘം പരിശോധിച്ച ശേഷം മഹാദേവ്ഭായി ഒരു പ്രത്യേക കാര്യം ശിപാർശ്ശ ചെയ്തു; അതു പ്രവൃത്തിയിൽ കൊണ്ടുവരാനായി നേരെ ബാങ്കിലേക്കയച്ചു കൊടുക്കുകയും ചെയ്തു. ഗവമ്മെണ്ടിൻെറ പരസ്പരസഹായവിഭാഗത്തിൽ ആ പ്രദേശത്തു ശമ്പളം വാങ്ങാതെ പ്രചാരം ചെയ്യുന്ന ഒരാളുണ്ടു്. ആയാൾ പ്രസ്തുതസംഘം ആവശ്യപ്പെട്ട കടം, പ്രത്യേക കാരണമൊന്നും കൂടാതെ നിഷേധിച്ചിരുന്നു. അതിനാലാണു് മഹാദേവ്ഭായി തൻെറ റിപ്പോർട്ടു് ബാങ്കിലേക്കയച്ചതു്. ഇതു ആ സഹോദരന്നു് ഒരവഹേളനമായി തോന്നി. സാധാരണസമ്പ്രദായപ്രകാരം ഈ റിപ്പോർട്ടു് തൻെറ മുഖാന്തിരം വരേണ്ടതാണെന്നു അദ്ദേഹം പരസ്പരസഹായസംഘം റജിസ്ത്രാർക്കെഴുതി. ഇപ്രകാരം ചെയ്യാൻ തുടങ്ങിയാൽ ഭരണത്തിൽ ചുമതലക്കുറവു വന്നു ചേരാനിടയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. വാസ്തവത്തിൽ ആ പ്രചാരകന്നു പണം കടം കൊടുക്കുന്ന കാര്യത്തിൽ ഇടപെടേണ്ടതില്ലായിരുന്നു; നയപ്രകാരം അദ്ദേഹത്തിന്നു

യാതൊരു ചുമതലയും ഉണ്ടായിരുന്നില്ല. എന്നാലും പരസ്പരസഹായസംഘത്തിലെ ഏറ്റവും ഉയന്ന ഉദ്യോഗസ്ഥൻ മഹാദേവ് ഭായിക്കു സാധാരണ സമ്പ്രദായപ്രകാരം ജോലിചെയ്യാനായി താക്കീതു നൽകാനും, മഹാദേവ്ഭായി ചെയ്ത ശുപാർശി പരിശോധിക്കാൻ പ്രസ്തുത പ്രചാരകനെ അയച്ചുകൊടുക്കാനും ബാങ്കിനോടാജ്ഞാപിച്ചു. അന്വേഷണമെല്ലാം കഴിഞ്ഞശേഷം മഹാദേവ് സമർപ്പിച്ച നിഷ്പക്ഷവും കാര്യപൂർണ്ണവുമായ മറുപടി വായിച്ചപ്പോൾ മേലുദ്യോഗസ്ഥന് തൻെറ കല്പന നടപ്പാക്കണമെന്നാഗ്രഹമില്ലാതായി. നേരെമറിച്ചു നേരിട്ട് കത്തിടപാടുനടത്തി മഹാദേവ് പ്രസ്തുത സംഘത്തിൻെറ വിഷമതകളെ ദൂരീകരിച്ച് അതിനെ സഹായിക്കുകയാണ് ചെയ്തതെന്നും അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടു.

"മഹാദേവ് ഭായി ഈ പുതിയ സ്ഥാപനത്തിൽ സത്യസന്ധത, നിർഭയത, സേവഭാവം ഇവയുളവാക്കി. അതിന്നായി ബാങ്കിൻെറ അന്നത്തെ മാനേജർ എന്ന നിലയിൽ എന്നെന്നും ഞാൻ അദ്ദേഹത്തിന്നു കടപ്പെട്ടവനാണ്."

"ബാങ്കിനോടുണ്ടായ ഈ സംബന്ധം നിമിത്തം മഹാദേവ് ഭായിക്കു ഗ്രാമങ്ങളിലെ സാമുദായികവും സാമ്പത്തികവുമായ പ്രശ്നങ്ങളോടു ആദ്യമായി പരിചയം നേടുവാൻ സാധിച്ചു."

## ഭംഗിയായ അക്ഷരവും ഭാഷയും സാഹിത്യ ശൈലിയും.

"എന്റെ ഓർമ്മയിൽ പതിഞ്ഞിട്ടുള്ള മറെറാരു സംഗതി, അദ്ദേഹം ഗവമ്മേണ്ടിലേക്കയച്ചിരുന്ന റിപ്പോർട്ടുകളിൽപോലും സാഹിത്യശൈലി കാണപ്പെട്ടിരുന്നുവെന്നതാണ്. അദ്ദേഹത്തിന്റെ ഭംഗിയേറിയ അക്ഷരം* ഞങ്ങളുടെ ആപ്പീസിൽ എല്ലാവരുടേയും മനസ്സിനെ അപഹരിച്ചിരുന്നു. അദ്ദേഹത്തിന്നു യാത്രകളിൽ വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നിരുന്നു. എന്നാലും അദ്ദേഹത്തിന്റെ കത്തുകളിൽ കൃഷികന്മാരോടു വലുതായ അനുഭാവവും ഗ്രാമീണജീവിതത്തോടു സ്വാഭാവികമായ പ്രേമവും കാണപ്പെട്ടിരുന്നു. മഹാദേവ് കവിയായിരുന്നുവോ തത്വജ്ഞാനിയായിരുന്നുവോ എന്നെനിക്കു പറവാൻ വയ്യ. ഏതായാലും അദ്ദേഹത്തിന്റെ കത്തുകളിൽ

---

* ചമ്പാരൻ സത്യാഗ്രഹകാലത്ത് ബീഹാറിലെ ലഫ്ടനെൻറ് ഗവർണ്ണർ ഗാന്ധിജിയോടു് 'അങ്ങയുടെ അടുക്കൽ ഇത്ര ഭംഗിയുള്ള—കലാപൂർണ്ണവുമായ— അക്ഷരത്തിൽ എഴുതുന്ന ആ ആളിൽ ഞാൻ മുഗ്ദ്ധനായിരിക്കുന്നു' എന്നു പറഞ്ഞു. അതിനെപ്പററി ബാബുജി പറഞ്ഞു, എനിക്കു ലഫ്ടനെൻറ് ഗവർണ്ണരുടെ അടുക്കലേക്കു നിങ്ങളെ അയക്കേണ്ടിവന്നാൽ ഞാൻ നിങ്ങളുടെ അക്ഷരത്തെപ്പററിയാണ് പറയുക, വൈസറോയി ലോർഡ് ചെംസ്ഫോഡിന്റെ പ്രൈവെററു സെക്രട്ടറി, സർജോൺമേഫിയും മഹാദേവിന്റെ അക്ഷരത്തിൽ മുഗ്ദ്ധനായിരുന്നു. ഇവരിരുവരും ഉത്തമ സുഹൃത്തുക്കളായിത്തീരാനുണ്ടായ ആദ്യത്തെ കാരണം അദ്ദേഹത്തിന്റെ അക്ഷരംതന്നെയാണ്. അദ്ദേഹം ഒരിക്കൽ മഹാദേവിനോടു പറഞ്ഞു! "വൈസറോയിയുടെ സ്റ്റാഫിൽ ഇത്ര നല്ല അക്ഷരത്തിൽ എഴുതാൻ സാധിക്കുന്ന ഒരാൾപോലുമില്ല. വൈസറോയിക്കുകൂടി നിങ്ങളുടെ അക്ഷരത്തോടു ഈർഷ്യയുണ്ടെന്നാണ് തോന്നുന്നതു്.

വന്നിരുന്ന വർണ്ണനകളിൽ അന്നുവരെ ഉറങ്ങിക്കിടന്നിരുന്ന കവിത്വം സ്പഷ്ടമായി ദർശിക്കുവാൻ കഴിഞ്ഞിരുന്നു. കോളേജിൽ നല്ലപോലെ വായിക്കുന്നവനും വായിക്കുന്നതിൽ നല്ലപോലെ രസിക്കുന്നവനുമെന്ന നിലയിലാണു് ഞങ്ങൾ അദ്ദേഹത്തെ അറിഞ്ഞിരുന്നതു്. എന്നാൽ ഇക്കാലത്തെ എന്റെ പരിചയംകൊണ്ടു അദ്ദേഹത്തിൽ ഒന്നാംകിടയിലുള്ള സാഹിത്യകലയുമുണ്ടെന്നു കാണുവാൻ എനിക്കു കഴിഞ്ഞു. അദ്ദേഹത്തിന്നു ഗുജറാത്തിയും ഇംഗ്ലീഷും ഒരേ മാതിരി സ്വാധീനമായിരുന്നു."

ഒരിക്കൽ കാക്കാസാഹിബ്ബ് ചോദിക്കുകയുണ്ടായി. "നിങ്ങൾക്കു എങ്ങിനെയാണു് മറാട്ടി ഇത്ര നന്നായി പഠിഞ്ഞതു്?" അപ്പോൾ മഹാദേവ് പറഞ്ഞു: "ഞാൻ പരസ്പരസഹായസംഘങ്ങളുടെ ഇൻസ്പെക്ടരുടെ നിലയിൽ കാളവണ്ടിയിൽ ഇരുന്നു് മഹാരാഷ്ട്രത്തിൽ ധാരാളം സഞ്ചരി

---

ബാപ്പുജി ബീഹാറിലെ ലഫ്ടനെൻറ് ഗവർണ്ണരെപ്പററി പറഞ്ഞപ്പോൾ മഹാദേവ്ഭായി പറഞ്ഞു: നരഹരിയുടെ അക്ഷരവും ഭംഗിയുള്ളതാണല്ലോ, സോഷ്യൽ സർവ്വീസ് കോൺഫ്രൻസിലെ അദ്ധ്യക്ഷന്റെ നിലയിൽ അങ്ങു ചെയ്ത ഭാഷണം ടൈപ്പ്ചെയ്തു കൊണ്ടുവരിക്കാമെന്ന് ഞാൻ പറഞ്ഞപ്പോൾ അങ്ങുതന്നെ പറഞ്ഞു, "നരഹരി വളരെ ഭംഗിയായി എഴുതിത്തന്നിട്ടുണ്ട്; ഞാനെന്തിനാണ് അതുപേക്ഷിച്ച് ടൈപ്പ് ചെയ്തുവായിക്കുന്നതു്?" ബാപ്പുജി പറഞ്ഞു: "കാര്യം ശരിയാണ് അയാളുടെ അക്ഷരം വടിവുള്ളതാണ്. എനിയ്ക്കു അതിഷ്ടവുമാണ്. എന്നാലും അത്ര കലാമയമല്ല." പിന്നെ മഹാദേവ് ഛഗൻലാൽ ഗാന്ധിയുടെ അക്ഷരവും നല്ലതാണെന്നു പറഞ്ഞു. അപ്പോൾ ബാപ്പുജി മറുപടി പറഞ്ഞു! "ഛഗൻലാലിന്റെ അക്ഷരം നല്ലതാണെന്നുതന്നെ പറയാം; പക്ഷേ, അതു കോപ്പിയെഴുത്താണെന്ന് പറയേണ്ടിവരും."

ച്ചിട്ടുണ്ട്. കൂടെയുണ്ടാവാറുള്ള മഹാരാഷ്ട്രക്കാരുടെ സഞ്ചിയിൽനിന്നു മുറുക്കാൻ തിന്നു തിന്നു ഞാൻ മറാഠി പഠിച്ചു. ഞാൻ മഹാരാഷ്ട്രത്തിലെ ഗ്രാമീണരോടു ധാരാളം വർത്തമാനം പറഞ്ഞിട്ടുണ്ടു്."

## അജ്ജൂൻ ഭക്തൻെറ ഭജനകളുടെ പ്രസിദ്ധീകരണം.

ഒരിക്കൽ അദ്ദേഹം അംകലേശ്വർ താലൂക്കിലെ ഘടകോൻ ഗ്രാമത്തിൽ പോയിരുന്നു. അവിടെ അജ്ജൂൻ എന്നു പേരായ ഒരു ഭക്തനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭജനകൾ ആളുകൾ ചൊല്ലുന്നതുകേട്ടു. മഹാദേവ്ഭായിക്കു അവ ഭക്തിരസം നിറഞ്ഞവയാണെന്നു തോന്നി. ഭക്തൻെറ കുട്ടികളോടു ചോദിച്ചു് ആ ഭജനകളുടെ കൈയ്യെഴുത്തു കോപ്പി വാങ്ങി. കുട്ടികൾ പറഞ്ഞു: "പണമില്ലാത്തതിനാൽ ഞങ്ങൾക്കിതു പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞില്ല." മഹാദേവ് അവയെ ശരിപ്പെടുത്തി നവജീവൻ പ്രസ്സുവകയായി "അജ്ജൂൻ വാണി" എന്ന പേരിൽ 1925ൽ അച്ചടിപ്പിച്ചു.

അക്കാലത്തെ പരസ്പരസഹായസംഘങ്ങളുടെ ബലഹീനതകളെയും മഹാദേവ്ഭായി ബാങ്കിൻെറ മുമ്പിൽ നല്ലപോലെ പ്രകടിപ്പിച്ചിരുന്നു. പല പണക്കച്ചവടക്കാരും സംഘത്തിലെ മെമ്പർമാരായിരുന്നു് തങ്ങൾക്കു തരാനുള്ള സംഖ്യ തരാൻ സാധിക്കാത്ത കടക്കാർക്കു സംഘത്തിൽനിന്നു പണം കടം കൊടുപ്പിക്കുകയും അതു തങ്ങളുടെ കടത്തിലേക്കു വസൂലാക്കുകയും ചെയ്തിരുന്നു. ഒരു സംഘത്തിലെ സെക്രട്ടറി പണം പറരുകപോലും

ചെയ്തിരുന്നു. മഹാദേവ് ഭീഷണിപ്പെടുത്തി ആയാളെക്കൊണ്ടു പണം വെപ്പിച്ചു. മഹാദേവിന്നു ഇൻസ്പെക്ടരുടെ നിലയിൽ പല ഗ്രാമങ്ങളും ചുററിസഞ്ചരിക്കേണ്ടതുണ്ടായിരുന്നു. അതിന്നായി അദ്ദേഹം കൂടെ ഒരാളെ വെക്കുകയും തന്റെ ഭക്ഷണം ഉണ്ടാക്കുന്നതിന്നുള്ള എല്ലാ സാധനങ്ങളും കൂടെക്കൊണ്ടുപോവുകയും ചെയ്തിരുന്നു. വല്ല സ്ഥലത്തും സത്രമോ അതുപോലുള്ള സ്ഥലങ്ങളോ ഇല്ലെങ്കിൽ മാത്രമേ അദ്ദേഹം സെക്രട്ടറിയുടെ കൂടെ താമസിച്ചിരുന്നുള്ളു. അങ്ങനെ ഒരിക്കൽ മഹാദേവ് ഒരു സംഘം സെക്രട്ടറിയുടെ ഭവനത്തിൽ രാത്രി ഉറങ്ങുകയായിരുന്നു. അതിനെപ്പററി ഹൃദയം അലിയുന്നവിധത്തിൽ ഒരു ദിവസം എന്നോടു പറയുകയുണ്ടായി: ആ സെക്രട്ടറി മൂക്കററം കള്ളുകുടിച്ചു വീട്ടിലേക്കുവന്നു; രാത്രി മുഴുവനും ഭാര്യയെ ഉപദ്രവിച്ചുകൊണ്ടിരുന്നു. വീട്ടിൽ ഒരപരിചിതൻ ഉറങ്ങുന്നുണ്ടെന്നോർത്ത് ആ സ്ത്രീ തന്റെ കരച്ചിൽ പുറത്തുകേൾക്കാതെ ഒതുക്കുവാൻ പ്രയത്നിച്ചു. എന്നാലും മഹാദേവ് അതുകേട്ടു. എഴുന്നേററു അയാളെ പറഞ്ഞു സമാധാനപ്പെടുത്തിയാലോ എന്നാലോചിച്ചു. പക്ഷെ, രാത്രി സമയം വൈകിയിരുന്നു. ആ അസമയത്തു ഭാര്യാഭർത്താക്കന്മാരുടെ ശണ്ഠയിൽ ഇടപെടുന്നതു ഉചിതമല്ലെന്നു തോന്നി. അതിനെപ്പററിയും മഹാദേവ് കഠിനമായി റിപ്പോർട്ട് ചെയ്തു. മഹാദേവിന്റെ ഈ റിപ്പോർട്ട് റജിസ്ട്രാർക്ക് വളരെയധികം കട്ടപ്പമായിത്തോന്നി. പരസ്പര സഹായപ്രസ്ഥാനം അപ്പോൾ ആരംഭിച്ചിട്ടേ ഉള്ളു; ആരംഭദശയിൽത്തന്നെ ഇത്ര കഠിനമായിപ്പെരുമാറുന്നതാ

യാൽ സംഘങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കാൻ സാധിക്കയില്ല. മഹാദേവ്ഭായിയുടെ ഹൃദയം ഈ വിചാരധാരയെ എതിൎത്തു. കൂടാതെ കട്ടപ്പുമറിയ യാത്രകളെക്കൊണ്ടും അദ്ദേഹത്തിൻെറ മനസ്സു മടുത്തിരുന്നു. അതിനാൽ അദ്ദേഹം ആ ജോലി രാജിവെച്ചു.

## ഹോംറൂൾ ലീഗിനോടുള്ള സംബന്ധം.

അക്കാലത്തു ഒന്നാം ലോകമഹായുദ്ധം ശക്തിയായി നടക്കുകയായിരുന്നു; ഭാരതത്തിൽനിന്നു ഏററവും അധികം സഹായം സമ്പാദിക്കണമെന്നു ഇംഗ്ലണ്ടു് ആശിച്ചിരുന്നു. അന്നത്തെ ഇന്ത്യാസെക്രട്ടറി മി. മൊൺടാഗു ഒരു പ്രസംഗത്തിൽ യുദ്ധം അവസാനിച്ച ഉടനെ ഹിന്ദുസ്ഥാനത്തിന്നു സ്വരാജ്യംനല്കണം, ഹിന്ദുസ്ഥാനത്തിലെ ഭരണസമ്പ്രദായം ചൈതന്യരഹിതവും മരവിച്ചതുമാണു് എന്നും മററും പറയുകയുണ്ടായി. ഈ പ്രസംഗത്തിന്നും ഇന്ത്യൻ നേതാക്കന്മാരുടെ ഹൃദയത്തിൽ വലുതായ പ്രഭാവമുണ്ടായി. ബോമ്പായിലെ ഹോംറൂൾലീഗ്, ശ്രീ. ബ്രെൽവി മുഖേന മഹാദേവ്ഭായിയെക്കൊണ്ടു് ഈ പ്രസംഗം തൎജ്ജമ ചെയ്യിപ്പിച്ചു അച്ചടിപ്പിച്ചു. ഈ തൎജ്ജമ വളരെ നന്നായിരുന്നതുകൊണ്ടു് ശ്രീ. ശങ്കർലാൽ ബാങ്കർ മഹാദേവിനെ ഹോംറൂൾലീഗിൽത്തന്നെ നിയമിക്കേണമെന്നാഗ്രഹിച്ചു. ശ്രീ. ജമനാദാസ് ദ്വാരകദാസ് ബോമ്പായിലെ ഒരു പ്രമുഖ നേതാവായി പരിഗണിക്കപ്പെട്ടിരുന്നു. അദ്ദേഹം മഹാദേവിനോടു തൻെറ സെക്രട്ടറിയായിരിക്കാൻ ആവശ്യപ്പെടാൻ തുടങ്ങി. വൈകുണ്ഠഭായി അദ്ദേഹത്തെ വിടാൻ ഇഷ്ട

പ്പെട്ടിരുന്നതുമില്ല. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഇൻസ്പെക്ടരുടെ നിലയിൽ ജോലിചെയ്യേണ്ടതില്ല; പക്ഷേ, ഞാൻ നിങ്ങൾക്ക ഞങ്ങളുടെ ബാങ്കിൻെറ ഹൈദരബാദ് ശാഖയുടെ മാനേജരുടെ സ്ഥാനം തരാനേർപ്പാട്ട് ചെയ്യാം." പക്ഷെ, ഇതൊന്നും തന്നെ മഹാദേവിൻെറ മനസ്സിന്നു യോജിച്ചതായിരുന്നില്ലെന്നു നമുക്കിപ്പോൾ കാണാം. അദ്ദേഹത്തിൻെറ ഭാവി അദ്ദേഹത്തെ ബാപ്പൂജിയിൻെറ അടുക്കലേക്കാകർഷിക്കുകയായിരുന്നു. എന്നാലും അദ്ദേഹം പതിനഞ്ചു ദിവസം ശ്രീ. ജമനദാസ് ദ്വാരകദാസിൻെറ സെക്രട്ടറിയായിരുന്നു. ശ്രീ ജമനദാസ് ഭറൂഡയഞ്ച ജില്ലയിലെ രാഷ്ട്രീയ പരിഷത്തിൻെറ അദ്ധ്യക്ഷനായി വരിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗം മഹാദേവാണ് തയ്യാറാക്കിയതു്. മഹാദേവ് ഈ ഒരൊററ പ്രവൃത്തി മാത്രമേ അദ്ദേഹത്തിൻെറ സെക്രട്ടറിയുടെ നിലയിൽ ചെയ്തിട്ടുള്ളൂ.

---

# അദ്ധ്യായം 15.

## ബാപ്പൂജിയുമായുണ്ടായ പ്രഥമപരിചയം.

ഇനി അദ്ദേഹം ബാപ്പൂജിയുടെ അടുക്കലേക്കുവന്നതെങ്ങനെയെന്നു വിവരിക്കാം. 1915 ഏപ്രിൽ മാസത്തിൽ ബാപ്പൂജി അഹമ്മദാബാദിൽവന്ന് 'കോച്ച്റബ്ബി' നാട്ടത്ത് ഒരു ബങ്കളാവ് വാടകക്കെടുത്തു ആശ്രമം ആരംഭിച്ചു. കുറച്ചു ദിവസത്തിന്നുശേഷം അദ്ദേഹം ആശ്രമ

ത്തിന്റെ ഉദ്ദേശ്യങ്ങളേയും നിയമങ്ങളേയും വിവരിക്കുന്ന
ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയും ആശ്രമത്തിന്റെ
പേരിനേയും നിയമാവലിയേയും പററി നാട്ടിലെങ്ങുമുള്ള
സുഹൃത്തുക്കളുടെ അഭിപ്രായം ആവശ്യപ്പെടുകയും ചെയ്തു.
ഈ ലഘുലേഖയുടെ ഏതാനും പ്രതികൾ ഗുജറാത്ത്
ക്ലബ്ബിന്റെ മേശപ്പുറത്തുവന്നു കിടന്നിരുന്നു. അതിലൊ
ന്നെടുത്തു ഞങ്ങൾ വായിക്കുകയും അതിനെപ്പററിയ അഭി
പ്രായമെഴുതി അയക്കാൻ തീർച്ചയാക്കുകയും ചെയ്തു. ആദ്യം
ഞങ്ങൾ രണ്ടുപേരും സ്വതന്ത്രരൂപത്തിൽ എഴുതി;
പിന്നെ രണ്ടുപേരുടേയും അഭിപ്രായം കൂട്ടിച്ചേർത്തു ഒന്നായി
ബാപ്പൂജിക്കയച്ചുകൊടുത്തു. അതിന്നു മറുപടി എഴുതി
അയക്കേണ്ടതില്ലെന്നും, അതു ശരിയാണെന്നു തോന്നുന്ന
തായാൽ ഞങ്ങളെ നേരിട്ടു വിളിച്ചാൽ മതിയെന്നും
അതിൽ എഴുതിയിരുന്നു. ആ എഴുത്തിന്റെ കോപ്പി
ഇപ്പോൾ എന്റെ കൈവശമില്ല. എന്നാലും നിർബന്ധ
മായ ബ്രഹ്മചര്യംകൊണ്ടു പല ദോഷങ്ങളും ഉണ്ടാവാനിട
യുണ്ടെന്നും കുടിൽവ്യവസായങ്ങളിൽ ആഗ്രഹം വെക്കുന്നതു്
കൊണ്ടു് നാട്ടിന്റെ സാമ്പത്തികപുരോഗതി തടയപ്പെട്ടേ
ക്കാനിടയുണ്ടെന്നും മററുമുള്ള സംഗതി വിവരിച്ചുകൊണ്ടു
ഞങ്ങളുടെ പുസ്തകപാണ്ഡിത്യം ഞങ്ങൾ പ്രദർശിപ്പിച്ചു.
അഞ്ചാറു ദിവസത്തേക്കു മറുപടിയൊന്നും വന്നില്ല; അതി
നാൽ ഗാന്ധിജിക്കു ഞങ്ങളുടെ എഴുത്തു് അത്ര പ്രധാന
പ്പെട്ടതാണെന്നു തോന്നിയിരിക്കയില്ലെന്നു ഞങ്ങൾ അനു
മാനിച്ചു.

ഈ അവസരത്തിൽ അഹമ്മദാബാദിലെ പ്രേമാ
ഭായി ഹാളിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാൻ
ബാപ്പൂജിവന്നു. അദ്ദേഹം അവിടെനിന്നു ആശ്രമത്തി

ലേക്കു മടങ്ങുകയായിരുന്നു. ഞങ്ങൾ അദ്ദേഹത്തിൻെറ പിന്നാലെ പോയി. അദ്ദേഹം വളരെ വേഗത്തിലാണു് നടന്നിരുന്നതു്; അതിനാൽ ഞങ്ങൾ എലിസ് ബ്രിഡ്ജിൽവെച്ചു് അദ്ദേഹത്തിൻെറ ഒപ്പമെത്തി. ഞങ്ങളുടെ കത്തിനെപ്പററി പറഞ്ഞു: അദ്ദേഹം പറഞ്ഞു. "ഉവ്വ്, രണ്ടാളുകൾ ഒപ്പിട്ട ഒരു കത്തു വന്നിട്ടുണ്ടു് അതു നിങ്ങൾ രണ്ടുപേരുമാണോ? ഞാൻ നിങ്ങളെ വിളിക്കാൻ വിചാരിച്ചുകൊണ്ടിരിക്കയാണു്. മററുസംസ്ഥാനങ്ങളിൽനിന്നും വളരെ നല്ല നല്ല കത്തുകൾ വന്നിട്ടുണ്ടു്; സർ. ഗുരുദാസ് ബാനർജ്ജിയുടെ കത്തു വളരെ നല്ലതായിട്ടുണ്ടു്. ഗുജറാത്തിൽനിന്നു വളരെ കുറച്ചുമാത്രമേ വന്നിട്ടുള്ളു. അതിൽ നിങ്ങളുടേതു് എനിക്കു ശരിയായി തോന്നിയിട്ടുണ്ടു്. ഞാൻ തീച്ചയായും നിങ്ങൾക്കു സമയം തരാം. ഇപ്പോൾ സമയമുണ്ടെങ്കിൽ നിങ്ങൾ എൻെറകൂടെ ആശ്രമത്തിലേക്കു വരിക. നമുക്കു സംസാരിക്കാം.

## ആദ്യത്തെ ദീക്ഷ.

ഞങ്ങൾ സന്തോഷത്തോടെ കൂടെപ്പോകാൻ തുടങ്ങി. ബാപുജി ഞങ്ങളോടു ചോദിച്ചു: "എന്തുചെയ്യുന്നു?". "വക്കീൽ പണി" എന്നു മറുപടി കൊടുത്തു. അപ്പോൾ ചോദിച്ചു: "നിങ്ങളുടെ കയ്യിൽ പുതിയ ഇന്ത്യൻ ഇയർബുക്കുണ്ടോ? എനിക്കതിൽനിന്നു ചിലതെല്ലാം നോക്കാനുണ്ടു്." ഞാൻ പറഞ്ഞു. "എൻെറ വക്കൽ കഴിഞ്ഞ കൊല്ലത്തേതുണ്ടു്. എന്നാൽ, പുതിയതു് അന്വേഷിച്ചു് എത്തിച്ചുതരാം." അപ്പോൾ പറഞ്ഞു: "ഇതു എന്തു വക്കീലാണു്? ഞാൻ ക്ഷൌരംചെയ്തിരുന്നകാലത്തു്

അതിനുള്ള എല്ലാ സാമഗ്രികളും പുതുതായി വെച്ചിട്ടുണ്ടായിരുന്നു."

ആശ്രമത്തിലെത്തിയതിന്നുശേഷം ഞങ്ങളുടെ കത്തു തിരഞ്ഞെടുത്തു. അതിൽനിന്നു വായിക്കാനും അതിനെപ്പററി ചർച്ചചെയ്യാനും തുടങ്ങി. ഏതാണ്ട് ഒന്നരമണിക്കൂറോളം തൻെറ ആദർശവും വിചാരസരണിയും പറഞ്ഞു മനസ്സിലാക്കിത്തന്നു. ഞങ്ങൾ ഇടയ്ക്കിടെ ഓരോ അഭിപ്രായങ്ങൾ പറഞ്ഞിരുന്നു; എന്നാലും ഞങ്ങൾ അധികവും കേൾക്കുകതന്നെയാണു് ചെയ്തതു്. ഈ ഒന്നരമണിക്കൂർ നേരത്തെ വാഗ്ധോരണി ഞങ്ങൾ ഇരുവരുടേയും ഹൃദയത്തിൽ അഗാധമായ പ്രവാഹം ഉളവാക്കി. ഏതാണ്ട് പത്തുമണിക്കു ഞങ്ങൾ ആശ്രമത്തിൽനിന്നു മടങ്ങി. കാർമേഘങ്ങൾ ധാരാളമുള്ള രാത്രിയായിരുന്നു. കുറേശ്ശ മഴ ചാറുന്നുമുണ്ടായിരുന്നു. ഞങ്ങളിരുവരും ഒന്നും മിണ്ടാതെ വേഗം വേഗം നടന്നു. എന്നാലും ഞങ്ങളുടെ മനസ്സിലെ വിചാരം ഒന്നുതന്നെയായിരുന്നു. എല്ലീസ് ബ്രിഡ്ജിലെത്തിയപ്പോൾ മഹാദേവ് പറഞ്ഞു: "നരഹരി, എനിക്കു ഈ മനുഷ്യൻെറ ചരണങ്ങളിൽ ഇരിക്കാൻ തോന്നുന്നു." ഞാൻ മറുപടി കൊടുത്തു: "അങ്ങനെ ചെയ്യാൻ സാധിച്ചാൽ അതു നമുക്കു ഒരു വലിയ ഭാഗ്യമാണു്. പക്ഷേ ഇപ്പോൾ ഒരു തീരുമാനവും ചെയ്യാൻ വയ്യ." പിന്നെ, ഞങ്ങൾ ഒന്നും സംസാരിക്കാതെ അവനവൻെറ വീട്ടിലേക്കുപോയി. ഇതായിരുന്നു ഞങ്ങളുടെ ആദ്യത്തെ ദീക്ഷ. ഇങ്ങനെയാണു് ആശ്രമത്തിൽ ചേരുന്നതിനുള്ള സങ്കല്പത്തിൻെറ ആദ്യത്തെ ഉദയം.

1916ൽ ലോർഡ്ഢ് മോർലെയുടെ 'ഓൺ കോംപ്രോമൈസ്' എന്ന പുസ്തകം മഹാദേവ് ഏതാണ്ട മുഴുവനും തർജ്ജമ ചെയ്തു. അതു അച്ചടിപ്പിക്കുന്നതിന്നുമുമ്പായി ലോർഡ്ഢ് മോർളെയുടെ അനുമതി വാങ്ങണം. സമ്മതം ചോദിക്കുന്ന എഴുത്തിൻെറ പകർപ്പു തയ്യാറാക്കി മഹാദേവ് എന്നോടു പറഞ്ഞു. "ലോർഡ് മോർളെയെപ്പോലുള്ള ഒരാൾക്കു കത്തെഴുതുന്നതിന്നു ഇംഗ്ലണ്ടിലെ സമ്പ്രദായങ്ങളും ആചാരങ്ങളും മററും നല്ലപോലെ അറിയുന്ന—ഇംഗ്ലണ്ടിൽനിന്നു പുതുതായി വന്ന—വല്ലവൎക്കും ഈ കത്തു കാണിക്കുന്നതു നന്നായിരിക്കും." ഞാൻ പറഞ്ഞു: "മററു വല്ലവർക്കും കാണിക്കുന്നതിന്നു പകരം നമുക്കു ഗാന്ധി സാഹബ്ബിൻെറ (അന്നു ഞങ്ങൾ അദ്ദേഹത്തെ ഗാന്ധി സാഹബ്ബ് എന്നാണു് പറഞ്ഞിരുന്നതു്) അടുത്തു തന്നെ എന്തുകൊണ്ടു പോയിക്കൂടാ?" ഞങ്ങൾ കത്തും എടുത്ത് ആശ്രമത്തിലേക്കു പോയി. മഹാദേവ് 'കോംപ്രൊമൈസിൻെറ തർജ്ജമയെപ്പററി എല്ലാവിവരവും പറഞ്ഞശേഷം ആ കത്ത് ബാപുജിക്കു കാണിച്ചു കൊടുത്തു. അദ്ദേഹം കത്തുവായിച്ചു അല്പം ദുഃഖത്തോടെ പറഞ്ഞു. ഇംഗ്ലീഷുകാർ, നാം മുഖസ്തുതി പറയുന്നവരും സ്വരാജ്യത്തിന്നു കൊള്ളാത്തവരുമാണെന്നു പറയുന്നതു് വെറുതെയാണോ? ഇത്തരം ഒരു കത്തിൽ നിങ്ങൾ മോർളെയുടെ പാണ്ഡിത്യത്തെപ്പററിയും തത്വജ്ഞാനത്തെപ്പററിയും ഇത്ര പുകഴ്ത്തുന്നതു തീരെ അനുചിതമാണു്. അദ്ദേഹത്തിന്നു കത്തെഴുതുമ്പോൾ നിങ്ങളുടെ തുവലും കൈയും വിറയ്ക്കുന്നതെന്തിന്നാണു്? നിങ്ങൾക്കു കാര്യം

മാത്രം പറയുന്ന ഒരു കത്തേ എഴുതേണ്ടതുള്ളൂ. അതിൽ 'ഫോർബ്സ് സഭ'ക്കാർ ഈ ജോലിക്കു നിങ്ങളെ തിരഞ്ഞെടുത്തതെങ്ങിനെ എന്നും നിങ്ങൾ അതു വളരെ ശ്രദ്ധവെച്ച് തർജ്ജമ ചെയ്തിട്ടുണ്ടെന്നും വരണം. ഇത്തരം കത്തിൽ പത്തുപതിനഞ്ചുവരിമാത്രമേ ഉണ്ടാവേണ്ടതുള്ളൂ. അതിലും ദീർഘിച്ച കത്തെഴുതിയാൽ ഒരുപക്ഷേ, ലോർഡ്മേയർ്‍ളെ അതു മുഴുവനും വായിച്ചില്ലെന്നുതന്നെ വരാം. നിങ്ങൾക്കു വേണമെങ്കിൽ ഞാൻ കത്തെഴുതിത്തരാം. എഴുതിക്കൊൾക."

സ്വഭാഷാവാസനയുടെ ദീക്ഷ.

അന്നു ഗുജറാത്തി ഭാഷയേയും സാഹിത്യത്തേയും സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് ഞങ്ങൾ വളരെ സംസാരിച്ചു. ഇതിന്നിടയിൽ പലപ്പോഴും ആവേശപൂർണ്ണനായി മഹാദേവ് ധാരാളം ഇംഗ്ലീഷു ശബ്ദങ്ങളും വാക്യങ്ങളും ഉപയോഗിച്ചിരുന്നു. എല്ലാം കേട്ടതിന്നുശേഷം അല്പം പരിഹാസത്തോടുകൂടി ചിരിച്ചുകൊണ്ടു് ബാപ്പുജി മഹാദേവിനോടു പറഞ്ഞു: "തന്റെ അമ്മയോടു് ഇങ്ങനെയെല്ലാം പറഞ്ഞാൽ അമ്മയ്ക്കു മകൻ വളരെയെല്ലാം പഠിച്ചിട്ടുണ്ടെന്നു അറിയാൻ കഴിയും; പക്ഷേ ആ പാവത്തിന്നു ഒന്നും മനസ്സിലാവുകയില്ല." അതിന്നുശേഷം അഭ്യസ്തവിദ്യരായ നാം ഗുജറാത്തി ഭാഷയുടെ നേരെ അവജ്ഞകാണിച്ചു എത്രമാത്രം അപരാധികളായിത്തീൎന്നിട്ടുണ്ടെന്നതിനെപ്പററിയും ഞങ്ങൾ സംസാരിച്ചു. ഗുജറാത്തി ഭാഷയെ ഉപാസനചെയ്യേണ്ടതാണെന്ന രണ്ടാമത്തെ ദീക്ഷയും ഞങ്ങൾക്കു കിട്ടി; ഞങ്ങൾ ബാപ്പുജിയുടെ

പ്രശംസകന്മാരായിത്തീൎന്നു. എന്നാൽ സ്വൎഗ്ഗീയമോഹൻലാൽ പണ്ഡ്യയും സ്വൎഗ്ഗീയ ദയാൽജിഭായിയും ഗാന്ധിജിയുടെ പിന്നിൽ ഭാന്തുപിടിച്ചവരായിത്തീൎന്നിട്ടുണ്ടായിരുന്നുവെന്നു പറയാം. പണ്ഡ്യാജി എന്റേയും ദയാൽജിഭായി മഹാദേവ്ഭായിയുടേയും ഒരു തരത്തിൽ കാരണവന്മാരായിരുന്നു. ഞങ്ങളെ രണ്ടു പേരേയും ഗാന്ധിജിയുടെ അടുക്കലേക്കാകൎഷിച്ചതിൽ ഈ രണ്ടു കാരണവന്മാൎക്കും കൈയുണ്ടായിരുന്നുവെന്നു സമ്മതിക്കാതെ തരമില്ല.

പിന്നെ മഹാദേവ്ഭായി സെൻട്രൽ കോ–ഓപ്പറേററീവ് ബാങ്ക്മുഖേന പരസ്പരസഹായ സംഘങ്ങളുടെ ഇൻസ്പെക്ടരായിപ്പോയി. അദ്ദേഹത്തിന്റെ അച്ഛൻ ജോലിയിൽനിന്നു പിരിഞ്ഞു; അതിനാൽ . മഹാദേവ് അഹമ്മദാബാദിലേക്കു വരുന്നതു കുറയുവാൻ തുടങ്ങി. ഞാൻ ഇടയ്ക്കിടെ ആശ്രമത്തിലേക്കു പോവുക പതിവായിരുന്നു. മഹാദേവ് അഹമ്മദാബാദിലേക്കുവരുമ്പോൾ ഞങ്ങളിരുവരും ഒന്നിച്ചു ആശ്രമത്തിലേക്ക് പോകും. ഇതിനിടയിൽ മഹാദേവിന്റെ ഒരു അനുജൻ റാകോർ മരിച്ചു. ആയാളുടെ സ്മരണക്കായി തന്റെ പുതിയ ജോലിയിൽനിന്നു സമ്പാദിച്ച 500 ക മഹാദേവ് ബാപുജിയ്ക്കു സംഭാവന ചെയ്തു.

# അദ്ധ്യായം 16.

## ഗിർമിട്ട സമ്പ്രദായം ഇല്ലാതാക്കാനുള്ള പ്രക്ഷോഭണം.

ആശ്രമത്തിലേക്കുള്ള എൻെറ പോക്കുവരവു വർദ്ധിച്ചു. ആഫ്രിക്ക, ഫിജി മുതലായ സ്ഥലങ്ങളിലേക്ക ഇന്ത്യൻ കൂലിക്കാരെ അഞ്ചുകൊല്ലത്തെ കരാറിൽ വെള്ളക്കാരായ ജമിന്ദാർമാർ കൃഷിപ്രവൃത്തിക്കായി കൂട്ടികൊണ്ടുപോവുക പതിവായിരുന്നു. ഈ സമ്പ്രദായം അഗ്രിമെൻറ് എന്ന ശബ്ദത്തിൻെറ അപഭ്രംശമായ "ഗിർമിട്ട്" എന്ന പേരിൽ സുപ്രസിദ്ധമായിരുന്നു. ഇതിനെ നിർത്തൽ ചെയ്യാനായി മോർളേ-മിൻറോ ഭരണപരിഷ്കാരപ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട ഡില്ലിയിലെ നിയമസഭയിൽ 1912ൽ ഗോഖലെ ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. പക്ഷേ, സർക്കാർ അതിന്മേൽ ഒന്നും ചെയ്തില്ല.

1916 മാർച്ചിൽ പണ്ഡിത മാളവ്യാജി കേന്ദ്രനിയമനിർമ്മാണ സഭയിൽ വീണ്ടും ഈ പ്രമേയം അവതരിപ്പിച്ചു. വൈസ്റോയ് ഫോർഡിഞ്ച് പ്രഭു പ്രമേയം സ്വീകരിച്ചുകൊണ്ട്, സർക്കാർ ഈ സമ്പ്രദായത്തെ സമയം വരുമ്പോൾ (in due course) റദ്ദാക്കുന്നതാണെന്നു വാഗ്ദാനം ചെയ്യുന്നു" എന്നു പറഞ്ഞു. ബാപ്പുജിക്ക ഇതുകൊണ്ടു സന്തോഷമായില്ല; അദ്ദേഹം സർക്കാരുമായി കത്തിടപാടു നടത്താൻ തുടങ്ങി. 'സമയം വരുമ്പോൾ' എന്നതിന്നു വൈസ്റോയി നൽകിയ അർത്ഥം "മറെറാരു വ്യവസ്ഥ നടപ്പാക്കാൻ എത്ര സമയം വേണ്ടിവരുമോ അത്ര സമയത്തിന്നുള്ളിൽ" എന്നായിരുന്നു. ഇതുകൊണ്ടു

നേതാക്കന്മാൎക്ക സന്തോഷമുണ്ടായില്ല. 1917 ഫെബ്രുവരിയിൽ ഈ സമ്പ്രദായത്തെ ഉടനെ നിൎത്തൽ ചെയ്യാനുള്ള ഒരു ബിൽ കേന്ദ്രസഭയിൽ അവതരിപ്പിക്കാൻ അനുമതി ചോദിച്ചു. ആ സമയത്തു ലാർഡ് ചെംസ്ഫോർഡ് ആയിരുന്നു വൈസ്റോയി. അദ്ദേഹം അനുമതി നൽകിയില്ല. ഇതിനെ പ്രതിക്ഷേധിച്ചുകൊണ്ടു നാട്ടിൽ മുഴുവനും പ്രക്ഷോഭണം നടത്തേണ്ടതാണെന്നു ബാപ്പുജിക്കു തോന്നി. ആവശ്യം വരുന്നതായാൽ ഇതു സത്യാഗ്രഹത്തിന്നു പററിയ ഒരു കാരണമാകയാൽ, സത്യാഗ്രഹംപോലും അനുഷ്ഠിക്കേണ്ടതാണെന്നു അദ്ദേഹത്തിന്നു തോന്നി. നേതാക്കന്മാരുമായി ആലോചനകൾ നടത്തിയതിന്നുശേഷം അദ്ദേഹം പറഞ്ഞു: 'ഉടനെ നിൎത്തൽ ചെയ്യണം' എന്ന വാക്കുകൾക്കു നമ്മൾ ഒരൎത്ഥം കൊടുക്കും, സൎക്കാർ മറെറാരൎത്ഥവും കൊടുക്കും. അതിനാൽ നമ്മുടെ പ്രമേയം '1917' ജൂലായി 30-നുക്കു മുമ്പായി ഈ സമ്പ്രദായം നിൎത്തൽ ചെയ്യണം' എന്നാവണം." ഈ പ്രക്ഷോഭണത്തിന്നിടയിൽ ബാപ്പുജി വൈസ്റോയിയോടും നേതാക്കന്മാരോടും നടത്തിയിരുന്ന കാൎയ്യാലോചനകളിൽ പ്രസ്താവയോഗ്യമായതെല്ലാം അദ്ദേഹം ആശ്രമത്തിലെ പ്രാൎത്ഥനക്കുശേഷം പറഞ്ഞിരുന്നു. ബാപ്പുജി അഹമ്മദാബാദിലാവുമ്പോൾ പണ്ഡ്യാജി ആശ്രമത്തിലേക്കു ദിവസേന പോയിരുന്നു; ഞാനും അദ്ദേഹത്തിൻെറ കൂടെ പോകും. ആശ്രമത്തിലേക്കു കാണാൻ വരുന്നവരോടു ഗാന്ധിജി, സത്യാഗ്രഹം ആരംഭിക്കുന്നതായാൽ ജയിലിലേക്കു പോകാൻ തയ്യാറാണോ എന്നും

ചോദിച്ചിരുന്നു. പണ്ഡ്യാജിയും ഞാനും അതിന്നു സമ്മതിച്ചു. മഹാദേവ് അക്കാലത്തു് ബാങ്കിലെ ഇൻസ്പെക്ടരുടെ ജോലിയിലായിരുന്നു. ആശ്രമത്തിൽ ബാപ്പുജി പറയുന്ന എല്ലാകാര്യത്തെപ്പററിയും ഞാൻ അദ്ദേഹത്തിന്നു നീണ്ടകത്തുകൾ എഴുതിയിരുന്നു. അതു ബോംബായിലെ ഞങ്ങളുടെ സുഹൃൽസംഘത്തിൽ വായിക്കുകയും ചെയ്തിരുന്നു. നാട്ടെങ്ങുമുണ്ടായ പ്രക്ഷോഭണത്തിൻേറയും ബാപ്പുജിയുടെ ഉറച്ച നിലയുടേയും ഫലമായി ജൂലായി 30-ാംനു-ക്കു മുമ്പായി ഈ ഗിർമിട്ടു സമ്പ്രദായം നിർത്തൽ ചെയ്തതായി വൈസ്റോയി ഉൽഘോഷിച്ചുവെന്നു പറയേണ്ടതില്ല.

---

# അദ്ധ്യായം 17.

## ഞാൻ ആശ്രമത്തിൽ ചെന്നു.

ഇക്കാലത്തുതന്നെ, അതായത്ു് 1917 ഏപ്രിൽ മാസത്തിൽ ബാപ്പുജി ചമ്പാരനിൽ സത്യാഗ്രഹം ആരംഭിച്ചു. അദ്ദേഹത്തിന്നു ചമ്പാരൻ ജില്ല വിട്ടുപോവാൻ നോട്ടിസു് കൊടുത്തു. അതിനെ അനുസരിക്കാത്ത കുററത്തിന്നു അദ്ദേഹത്തെ വിചാരണ ചെയ്യേണ്ടതിൻെറ തലേന്നാൾ അദ്ദേഹം തൻെറ പല സുഹൃത്തുക്കൾക്കു കത്തയക്കുകയും താനെടുത്ത പ്രവൃത്തി ഓരോരുത്തക്കും ഭാരമേല്പിക്കുകയും ചെയ്തു. ആശ്രമത്തിലേക്കു മഗൻലാൽ

ഭായിയുടെ പേരിൽ, പല സൂചനകളും അടങ്ങിയ ഒരു കത്തു എഴുതിയിരുന്നു. അതിൽ എന്നെപ്പററി നരഹരിഭായി ആശ്രമത്തിലെ ആരംതന്നെയാണെന്നു കരുതിക്കൊൾക എന്നു് എഴുതിയിരുന്നു. 'ആയാളെ എനിക്കു ബോധിച്ചിട്ടുണ്ടു്; അഹമ്മദാബാദിലെ ഏതുകാൎയ്യവും ആയാളെ ഏല്പിക്കാൻ മടിക്കേണ്ടതില്ല.' മഗൻലാൽ ഭായി എനിക്കു ആ കത്തു വായിക്കുവാൻ തന്നപ്പോൾ എൻെറ സന്തോഷത്തിന്നു അതിരില്ലാതായി. ഞാൻ ആ വേനൽക്കല്പനയിൽ ആശ്രമത്തിൽ താമസിക്കാൻ തീൎച്ചയാക്കി. അതിന്നു ബാപ്പുജിയുടെ അനുമതി വാങ്ങുകയും ചെയ്തു. ഞാൻ ആശ്രമത്തിലേക്കു താമസിക്കാൻ പോയകാലത്തു ഗുജറാത്ത് കോളജിലെ സാംകൽ ചന്ദ്രഷായും, കാക്കാസാഹബ്ബും ആശ്രമത്തിലുണ്ടായിരുന്നു. ആശ്രമത്തിൽ ഒരു രാഷ്ട്രീയപാഠശാല ആരംഭിക്കേണ്ടതിനെപ്പററി അവർ ആലോചിച്ചുവെച്ചിരുന്നു; അതിലെ പാഠ്യപദ്ധതിയെപ്പററിയും മററും അവർ നടത്തിയിരുന്ന എല്ലാകാൎയ്യാലോചനകളിലും ഞാൻ പങ്കെടുത്തിരുന്നു. അവസാനം അവർ വൈശാഖപൌൎണ്ണമി അതായതു ബോധിജയന്തി (മേയ് 7-ാംനു-)ദിവസം പാഠശാല ആരംഭിക്കാൻ തീൎച്ചപ്പെടുത്തി. ബാപ്പുജിയുടെ അനുമതി കിട്ടിയാൽ പാഠശാലയിൽ ചേരാൻ ഞാൻ സന്നദ്ധനാണെന്നു അതിന്നു രണ്ടു ദിവസം മുമ്പുതന്നെ ഞാൻ പറഞ്ഞിരുന്നു. ബാപ്പുജിയുടെ അനുമതിയുണ്ടെന്നുതന്നെ വിചാരിച്ചുകൊൾക എന്നു മഗൻലാൽഭായി എന്നോടു പറഞ്ഞു.

ഞാൻ പെട്ടെന്നാണ് ഇങ്ങനെ തീരുമാനിച്ചതു്. എൻെറ കുടുംബക്കാരോടോ മററു ബന്ധുക്കളോടോ ഇതിനെപ്പററി ഒന്നും ചോദിച്ചിരുന്നില്ല. ചോദിച്ചാൽ സമ്മതിക്കുകയില്ലെന്നു എനിക്കു തീച്ച്യുണ്ടായിരുന്നു. എൻെറ ഈ തീരുമാനം അറിഞ്ഞപ്പോൾ കുടുംബത്തിൽ വലുതായ ഒരു കോളിളക്കമുണ്ടായി. കാരണവന്മാരെപ്പോലെ എൻെറ കായ്യത്തിൽ താത്പയ്യം പ്രദശിപ്പിച്ചിരുന്ന ചില സ്നേഹിതന്മാക്കും വക്കീൽമാക്കും ഈയാൾ തങ്ങളോടു അഭിപ്രായം പോലും ചോദിച്ചില്ലെന്നു തോന്നി. ഒരു സബ്ബ് ജഡ്ജി എന്നോടു അദ്ദേഹത്തെക്കാണാനാവശ്യപ്പെട്ടു. അദ്ദേഹം എന്നൊപറഞ്ഞു മനസ്സിലാക്കി എൻെറ തീരുമാനം മാററിക്കണമെന്നാഗ്രഹിച്ചിരുന്നു. ദാദാസാഹബ്ബ് മാവലങ്കർ മാത്രം ഇതുകേട്ടു അഭിനന്ദിക്കാനായി ആശ്രമത്തിലേക്കു വന്നു. മഹാദേവും ഞാനും വളരെക്കാലമായി ഇതാലോചിച്ചുകൊണ്ടിരിക്കയായിരുന്നു; പക്ഷെ, പെട്ടെന്നാണ് അവസാനതീരുമാനം ചെയ്തതു്. അതിനാൽ അദ്ദേഹത്തിന്നു സന്തോഷമായി; സൌകയ്യം കിട്ടിയ ഉടനെ എന്നെക്കാണാനായി ആശ്രമത്തിലേക്കു വരികയും ചെയ്തു.

## മഹാദേവിൻെറ ഇംഗ്ലീഷു് ബാപുജിയുടെ ശ്രദ്ധയെ ആകഷിച്ചു.

അദ്ദേഹം വന്ന അവസരത്തിൽ ബാപുജിയും ആശ്രമത്തിലുണ്ടായിരുന്നു. ബാപുജി സത്യാഗ്രഹത്തിൻെറ സ്വരൂപം മനസ്സിലാക്കിക്കൊടുക്കുന്നതിന്നായി ഗുജറാത്തി

2080 91 40620

യിൽ ഒരു ലഘുലേഖ എഴുതിയിരുന്നു. അതിനെ ഇംഗ്ലീഷിലേക്കാക്കേണ്ട ഭാരം അദ്ദേഹം അദ്ധ്യാപകന്മാരായ ഞങ്ങൾക്കു തന്നു. ഇംഗ്ലീഷുഭാഷയിൽ ബാപ്പുജിയുടെ പരീക്ഷയിൽ ഞങ്ങൾക്കാർക്കും ജയിക്കാൻ കഴിയില്ല എന്നു ഞങ്ങൾക്കറിയാമായിരുന്നു. അതിനാൽ ഞങ്ങൾ അല്പം വിഷമതയിൽപ്പെട്ടു. അതേ ദിവസം മഹാദേവ് എത്തിച്ചേർന്നു. അതിനാൽ ഞാൻ തർജ്ജമയുടെ പ്രവൃത്തി അദ്ദേഹത്തെ ഏല്പിച്ചു. വൈകുന്നേരം നാലുമണിക്കു ഞങ്ങൾ അതും എടുത്തു ബാപ്പുജിയുടെ അടുക്കലേക്കു പോയി. ബാപ്പുജി തർജ്ജമ ശരിപ്പെടുത്തുകയായിരുന്നു; അപ്പോൾ അതിനെപ്പററി ബാപ്പുജിയോടു വളരെ ചർച്ച ചെയ്തു. മഹാദേവ്ഭായിയുടെ ഈ തർജ്ജമയും അതു ശരിപ്പെടുത്തുമ്പോൾ അദ്ദേഹം ചെയ്ത ചർച്ചയും ബാപ്പുജിയുടെ ഹൃദയത്തിൽ മഹാദേവ്ഭായിക്കു സവിശേഷമായ ഒരു സ്ഥാനം ഉളവാക്കി.

---

## അദ്ധ്യായം 18.

### ബാപ്പു മഹാദേവിനെ ആവശ്യപ്പെട്ടു.

ആഗസ്റ്റ് മാസത്തിൽ മഹാദേവ്ഭായി ബാങ്കിലെ ഇൻസ്പെക്ടരുടെ ജോലി രാജിവെച്ചു. പിന്നെ അദ്ദേഹത്തെ പലരും ആവശ്യപ്പെട്ടുവെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. അതിന്നിടയിൽ അദ്ദേഹം ബോമ്പായിൽ ബാപ്പുജിയേയും കണ്ടിരുന്നു. ബാപ്പുജി അദ്ദേഹത്തോടു പറഞ്ഞതെല്ലാം അദ്ദേഹം എനിക്കയച്ച താഴെ കാണുന്ന കത്തിൽ എഴുതിയിട്ടുണ്ടു്. ആ കത്തു എല്ലാ സ്ഥിതികളും മനസ്സിലാക്കിത്തരുന്നതാകയാൽ അതിനെ അങ്ങിനെതന്നെ ഇവിടെ ഉദ്ധരിക്കുന്നു.

ബോംബെ,
2—9—1917

ഭായി നരഹരി,

ഈ കത്തു ഞാൻ വളരെ സ്വകാര്യമായിട്ടാണ് എഴുതുന്നത്; ഇതിലെഴുതിയ കാര്യങ്ങൾ നിങ്ങളല്ലാതെ മററാരും അറിയരുത് എന്നു ആദ്യംതന്നെ പറഞ്ഞിട്ടാണ് ഈ കത്തെഴുതുന്നത്. ഞാൻ ഗാന്ധിജിയുടെ അടുക്കലേക്കു എല്ലാ ദിവസവും നിയമേന പോകാറുണ്ടെന്നു എഴുതിയിരുന്നുവല്ലോ. ആഗസ്റ്റ് 31-ാംനു-രാവിലെ ബാപ്പുജി എന്നോടു ചില കാര്യങ്ങൾ പറഞ്ഞു; അതുകേട്ടു ഞാൻ പ്രേമത്തിലും ആശ്ചര്യത്തിലും നിമഗ്നനായി. അന്നത്തെ സംക്ഷിപ്തവും എന്നാൽ കടലാസ്സിൽ എഴുതാൻ കഴിയാത്തതുമായ സംഭാഷണം കടലാസ്സിൽ എഴുതാൻ പ്രയത്നിക്കുകയാണ്. "നിങ്ങളോടു ഞാൻ ദിവസേന വരാൻ പറയുന്നതിന്നു കാരണമുണ്ട്. നിങ്ങൾ എൻെറ അടുക്കലേക്കു വന്നു താമസിക്കുക തന്നെ ചെയ്യണം. കഴിഞ്ഞ മൂന്നു ദിവസങ്ങളായി ഞാൻ നിങ്ങളുടെ യോഗ്യത മനസ്സിലാക്കിക്കഴിഞ്ഞു. ഇതു നിങ്ങൾക്കു സമ്മതമാണോ ? എനിക്കു ഒരു ദിവസം എൻെറ എല്ലാ കാര്യങ്ങളും ഏല്പിക്കാൻ പ്രാപ്തനായ ഒരാളെ കിട്ടണം; പിന്നെ എനിക്കു ശാന്തിയോടെ, നിശ്ചിന്തനായിരിക്കാൻ സാധിക്കണം. നിങ്ങളുടെ രൂപത്തിൽ എനിയ്ക്കുതിന്നുള്ള ആളെ കിട്ടിയിരിക്കുന്നു. ഹോംറൂൾ ലീഗിനേയും ജമ്നാദാസ്മെത്തയേയും എല്ലാം ഉപേക്ഷിച്ച് നിങ്ങൾ എൻെറ അടുക്കലേക്കു തന്നെ

വരാൻ ഒരുങ്ങണം. ഈ ജീവിതത്തിൽ ഞാൻ ഇത്തരം വാക്കുകൾ വളരെ കുറച്ചുപേരോടു മാത്രമേ പറഞ്ഞിട്ടുള്ളൂ. മൂന്നു വ്യക്തികളോടു മാത്രം—പോളക്, മിസ് ശ്ലേശിൻ, മഗൻലാൽഭായി. ഇന്നു നിങ്ങളോടു അതേ വാക്കു പറയേണ്ടിവന്നിരിക്കുന്നു; ഞാൻ സന്തോഷസമേതം അങ്ങനെ പറയുന്നു. കാരണം, ഞാൻ നിങ്ങളിൽ മൂന്നു ഗുണങ്ങൾ പ്രധാനമായി കാണുന്നുണ്ടു്—പ്രാമാണികത, വിശ്വസ്തത; ഉത്സാഹം. ഞാൻ മഗൻലാലിനെ ഒരു ദിവസം കൂടെ കൂട്ടിക്കൊണ്ടുപോയി; അന്നു പുറമെ നോക്കിയാൽ ആയാളിൽ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നു മഗൻലാലിനെക്കണ്ടു നിങ്ങൾ അത്ഭുതപ്പെട്ടു പോകുന്നില്ലേ? ആയാൾ ഒന്നും പഠിച്ചിട്ടുണ്ടായിരുന്നില്ല. ഞാൻ ആദ്യമായി ആയാളെ പ്രസ്സിന്റെ പണി പഠിപ്പിച്ചു. ആദ്യം ആയാൾ ഗുജറാത്തി കമ്പോസ് പഠിച്ചു. പിന്നെ ഇംഗ്ലീഷും അതിന്നുശേഷം ഹിന്ദി, തമിഴ് മുതലായ എല്ലാ അക്ഷരങ്ങളും കുശലതാപൂർവ്വം കമ്പോസ് ചെയ്യാൻ പഠിച്ചു. അതും വളരെ വേഗം ഞാൻ നോക്കിക്കൊണ്ടിരിക്കുമ്പോഴേയ്ക്കു എല്ലാം പഠിച്ചുകഴിഞ്ഞു. ഇതിന്നുശേഷം ആയാൾ പല വലിയ കാര്യങ്ങളും ചെയ്തു കാണിച്ചിട്ടുണ്ടു്. പക്ഷേ, മഗൻലാലിന്റെ കാര്യം അവിടെയിരിക്കട്ടെ; നിങ്ങളുടെ ഉത്സാഹവും സാമർത്ഥ്യവും മഗൻലാൽഭായിയിൽ കാണുന്നില്ല. നിങ്ങളുടെ ഗുണങ്ങൾ നിമിത്തം നിങ്ങൾ എനിക്കു പല ജോലികൾക്കും ഉപയോഗപ്രദമായിത്തീരുമെന്നാണു് എന്റെ വിശ്വാസം." [ഇതു മുഴുവൻ ഞാൻ മൌനമായി, അല്പം

ആശ്ചയ്യത്തോടും അല്പം ലജ്ജയോടുംകൂടി കേട്ടുകൊണ്ടിരുന്നു. ഇടയ്ക്കു എൻെറ വായിൽനിന്നു "ഞാൻ ചെയ്തതൊന്നും അങ്ങയ്ക്കു കാണിച്ചുതന്നിട്ടില്ലല്ലോ ? എന്നു പുറപ്പെട്ടുപോയി. അതിന്നു മറുപടിയായി വീണ്ടും പറഞ്ഞു.] "നിങ്ങൾ അതെങ്ങനെ അറിഞ്ഞു ? ഞാൻ വളരെ കുറച്ചു സമയം കൊണ്ടു ആളെ മനസ്സിലാക്കും. പോളക്കിനെ അഞ്ചുമണിക്കൂർ കൊണ്ടാണു് മനസ്സിലാക്കിയതു്. വത്തമാനപത്രത്തിൽ എൻെറ ലേഖനം കണ്ടു പോളക് എനിക്കു കത്തെഴുതുകയും എന്നെ കാണാൻ വരികയും ചെയ്തു. അപ്പോഴേക്കും ഞാൻ ആയാളെ പരിശോധിച്ചു കഴിഞ്ഞു; പിന്നെ ആയാൾ എൻെറ സ്വന്തമായി. ആയാൾ വിവാഹം ചെയ്തതും വക്കീലായതുമെല്ലാം എൻെറ ഒരുമിച്ചിരിക്കുമ്പോഴാണു്. ആയാൾ വിവാഹം കഴിക്കുന്നതിന്നു മുമ്പു, സന്താനങ്ങൾക്കായി കുറച്ചുവല്ലതും സമ്പാദിച്ചുവെക്കണമെന്നു ആഗ്രഹമുള്ളതായി പറഞ്ഞു. ഞാൻ ആയാളോടു സ്പഷ്ടമായി പറഞ്ഞു: 'നിങ്ങൾ ഇപ്പോൾ എൻെറ ആളാണു്. നിങ്ങളെപ്പററിയും നിങ്ങളുടെ സന്താനങ്ങളെപ്പററിയും ഞാനാലോചിച്ചു കൊള്ളാം. ഞാൻ നിങ്ങളുടെ വിവാഹം നടത്തുന്നു; നിങ്ങൾ വിവാഹം ചെയ്തുകൊൾക. അതിൽ ഒരാപത്തുമില്ല'. അതനുസരിച്ചു് എൻെറ വീട്ടിൽ വെച്ചുതന്നെയാണു് ആയാളുടെ വിവാഹം നടത്തിയതു്. പോകട്ടെ, അതെല്ലാം കഴിഞ്ഞുപോയി. ഇപ്പോൾ ഞാൻ നിങ്ങളോടു ഹോം റൂളിൻേറയും ജമ്നദാസിൻേറയും കാര്യം വിട്ടുകളയാൻ പറയുന്നു. ഹൈദരാബാ

ദിലേയ്ക്കു പോയ്ക്കൊൾക, ആറുമാസമോ ഒരു കൊല്ലമോ ലൌകികസുഖങ്ങൾ അനുഭവിച്ചു കൊൾക. ഹൈദരാബാദിൽ പോയി നിങ്ങൾക്കു സൌകര്യം തോന്നുമ്പോൾ ആ നിമിഷം രാജി സമർപ്പിച്ച് എൻെറ അടുക്കലേക്കു വർണം." [ഇതുകേട്ടു ഞാൻ ഇന്നുതന്നെ വരാൻ തയ്യാറാണെന്നു പറഞ്ഞു.] "നിങ്ങൾ തയ്യാറായിരിക്കുമെന്നു എനിക്കറിയാം. പക്ഷേ, നിങ്ങൾ ജീവിതം കുറച്ചു മനസ്സിലാക്കണം; സുഖഭോഗങ്ങൾ അനുഭവിച്ചു തൃപ്തിപ്പെടണം എന്നാണ് എൻെറ ആഗ്രഹം. നിങ്ങളുടെ 'കോ-ഓപ്പറേഷനെപ്പററിയ അറിവും എനിക്കു ആവശ്യമായിരിക്കും. നമുക്കു ആ വിഭാഗത്തിലെ ദോഷങ്ങളെ ദൂരീകരിക്കണം. കുറച്ചു ദിവസം യാതൊരു ചിന്തയും കൂടാതെ, സുഖങ്ങളെ അനുഭവിച്ചശേഷം എൻെറ അടുക്കലേക്കുതന്നെ വരിക. എനിക്കു ആശ്രമത്തിലേയ്ക്കോ പാഠശാലയിലേയ്ക്കോ, മറേറതെങ്കിലും ജോലിക്കോ അല്ലാ നിങ്ങളെ ആവശ്യമായിരിക്കുന്നതു്; പ്രത്യുത എൻെറ സ്വന്തം കാര്യങ്ങൾക്കാണ്. നിങ്ങൾ ആറുമാസമോ ഒരുകൊല്ലമോ ജീവിതസുഖങ്ങൾ അനുഭവിക്കുക; അതുവരെ ഞാൻ ഏതെങ്കിലും തരത്തിൽ എൻെറ ജോലി നടത്തിക്കൊള്ളാം."

ഏതാണ്ടു അരമുക്കാൽ മണിക്കൂർ നേരം ഞാൻ ഈ അമൃതുപാനം ചെയ്തുകൊണ്ടേ ഇരുന്നു. അപ്പോഴേക്കു ആളുകൾ അധികം വരാൻ തുടങ്ങി, ഞങ്ങളുടെ സ്വകാര്യസംഭാഷണം അവസാനിപ്പിക്കുകയും ചെയ്തു. ഞാൻ

ദിവസേന ഹാജര കൊടുക്കുന്നുണ്ട്. ഇന്നുരാത്രി 'പാൽ ഗഢ'വരെ അദ്ദേഹത്തിൻെറ ഒരുമിച്ചു നടക്കാനാണെ് ആഗ്രഹം. ശങ്കർഭായി*ക്കായി പഴങ്ങൾ അദ്ദേഹത്തിൻെറ കൈയ്യിൽ കൊടുത്തയക്കുന്നതു് ഒരു പ്രകാരത്തിലും എനിക്ക മോശമായി തോന്നുന്നില്ല; കാരണം അദ്ദേഹം അത്ര മമതയോടുകൂടിയാണു് സംസാരിക്കുന്നതു്. ഇന്നു രാവിലെ ഞാനദ്ദേഹത്തോടു 'ബാങ്കർ എന്നോടു കോപിച്ചിരിക്കുന്നു' എന്നു പറഞ്ഞു. "ഇതുകേട്ടു എന്തിന്നു്?" എന്നുചോദിച്ചു. "ഞാൻ മിനിഞ്ഞാന്നൊടുത്ത നിശ്ചയം നിമിത്തം" എരപ്പോൾ ബാപ്പു പറഞ്ഞു: എന്നാൽ അയാളുടെ കോപം സഹിച്ചേക്കൂ. സഹിക്കുകതന്നെ വേണ്ടിവരും." "അദ്ദേഹം പറയുന്നതിതാണു്." 'നിങ്ങൾ ഹൈദരാബാദിലേക്ക പോകുന്നില്ല; ഇവിടെത്തന്നെ താമസിക്കുകയാണു്, പിന്നെ നിങ്ങൾ ജോലിചെയ്യുന്നതിനെ അപേക്ഷിച്ചു് നിങ്ങൾ ഹോം റൂൾ ലീഗിലേക്കു് വരുന്നതിൽ ഗാന്ധിജിക്ക എന്തു വിരോധമാണുണ്ടാവുക?" "എനിക്ക പകരം സംഘടനാ സാമർത്ഥ്യമുള്ള മററു വല്ലവരേയും നിങ്ങൾക്ക കിട്ടുമെന്നു ഞാനദ്ദേഹത്തോടു പറഞ്ഞു. "ഇല്ല, നിങ്ങളെപ്പോലെ ആരേയും കിട്ടുകയില്ല". "എൻെറ സ്ഥിതി തുലോം വിഷമമാണു". ഞാൻ എനിയ്ക്കുണ്ടെന്നു കരുതുന്നതിനേക്കാൾ അധികമാണു് ഇവർ എനിയ്ക്കു കല്പിക്കുന്ന വില." അതുകേട്ടു ബാപ്പു പറഞ്ഞു: ജനങ്ങൾ കല്പിക്കുന്ന വിലയെ നാം സ്വീകരിക്കുന്നതായാൽ നമുക്ക മരിക്കുകതന്നെ വേണ്ടിവരും.

*എൻെറ ജ്യേഷ്ഠൻ; അക്കാലത്തു രോഗിയായിരുന്നു.

അദ്ദേഹം അങ്ങനെ പറഞ്ഞു കൊള്ളട്ടെ; നിങ്ങൾ അതിനെ അത്ര ഗണ്യമാക്കേണ്ടതില്ല. നിങ്ങൾ ബോമ്പായിൽ ഇരിക്കുന്നേടത്തോളംകാലം ദിവസേന രണ്ടു മണിക്കൂർനേരം ലീഗിന്നുവേണ്ട സേവനം ചെയ്തുകൊൾക; അതിന്നു യാതൊരു വേതനവും വാങ്ങുകയും ചെയ്യേണ്ട. അനുമതി."

ഇതാണ് സ്ഥിതി. കത്തു ദീർഘിക്കുന്നുണ്ട്. എന്നാലും ഈ കാര്യങ്ങൾ നിങ്ങളോടു പറയാതിരുന്നാൽ പിന്നെ ആരോടാണ് പറയുക. കത്തുവായിച്ചു എനിക്കു തന്നെ മടക്കി അയച്ചുതരണം. കാരണം, ബാപ്പുജി പറഞ്ഞവാക്കുകൾ ഏതാണ്ട് അതേ നിലയിലാണ് ഇതിൽ എഴുതിയിരിക്കുന്നത്. ഒരുപക്ഷേ കാലക്രമേണ അതു മറന്നുപോയെന്നും വരും. അച്ഛനോടോ മററാരോടെങ്കിലുമോ ഹോംറൂളിൽ ചേരുന്നതിന്നുള്ള നിശ്ചയത്തിന്നു ഒരു കാരണവും പറഞ്ഞിട്ടില്ല. ഇതു കത്തിൽ എഴുതുന്നതായാൽ ഭ്രാന്തനാണെന്നു തോന്നും. എപ്പോഴെങ്കിലും ഈ കത്തു പിതാജിക്കും ഗിന്നി*ക്കും ഒരുപക്ഷെ വായിച്ചുകേൾപ്പിക്കും.

ഹൈദരാബാദിൽ 300ക തരുന്നതായാൽ വരാമെന്നു കമ്പിയടിച്ചിട്ടുണ്ട്. അതിന്നു മറുപടി കിട്ടിയിട്ടില്ല. ഹൈദരാബാദിലേക്കു പോകാതിരുന്നാൽ, ബാപ്പുജി പറയുന്നതുവരെ ഇവിടെ, ബാങ്കിൽതന്നെ ഇരിക്കും; കുറച്ചു ദിവസത്തിന്നുള്ളിൽ വീട്ടുവാടകക്കെടുക്കുന്നതാണ്. ബാപ്പുജി വിളിച്ചു ഉടനെ പോകാൻ വേണ്ട ഒരുക്കം ഇപ്പോൾ മുതല്ക്കുതന്നെ ചെയ്യണം. ഈ ഒരുക്കം ഒരു വലിയ സാധനയാണ്; ഭഗവാൻ എനിക്കു വിവേകം

*ഗൃഹിണി എന്നതിന്നുള്ള ബങ്കാളി വാക്ക്,

നല്ലട്ടെ! ഗോഖലേജിയുടെ തർജ്ജമ* നാളെ ആരംഭിക്കാം. രാവിലെ മാത്രം കുറേശ്ശ ചെയ്യാം; കാരണം വൈകുന്നേരം രണ്ടു മണിക്കൂർ സമയം ഹോംറൂൾലീഗിനുള്ളതാണ്. നിങ്ങളുടെ ഗിന്നിക്കു ഇപ്പോൾ ക്ഷേമം തന്നെയല്ലേ ?

നിങ്ങളുടെ

മഹാദേവ്

കുറിപ്പു:—ഈ ജീവിതം വ്യർത്ഥമാണെന്നോർത്തു, എനിയ്ക്കു പലപ്പോഴും മനസ്സു മടുക്കാറുണ്ടായിരുന്നു. ഇപ്പോൾ അതു ജീവിക്കാൻ പററിയതാണെന്നു തോന്നിത്തുടങ്ങി. ബാപ്പുജി ഇങ്ങനെയെല്ലാം പറഞ്ഞു എന്നെ ലജ്ജാവനമ്രനാക്കിയെങ്കിലും അതെല്ലാം സ്വീകരിക്കുവാൻ ഞാൻ ഇപ്പോഴുംഅസമർത്ഥനാണ്. ഒന്നുമാത്രം: എനിക്കു

---

* 1917 ഫെബ്രുവരി 19-ാംനു- അഹമ്മദാബാദിൽ ഗോഖലെജിയുടെ രണ്ടാമത്തെ ചരമദിനം കൊണ്ടാടിയ അവസരത്തിൽ ബാപ്പുജി പറഞ്ഞു: "നാം ഓരോ കൊല്ലവും ഈ ചരമദിനം കൊണ്ടാടിയതു കൊണ്ട് കാര്യമില്ല; അതിന്നു അർത്ഥവുമില്ല. അദ്ദേഹത്തിൻെറ എല്ലാ ഭാഷണങ്ങളും ആരെങ്കിലും ഗുജറാത്തിയിലേക്കു തർജ്ജമചെയ്തു തന്നാൽ ഞാനതു അച്ചടിപ്പിക്കാൻ വേണ്ട ഏർപ്പാടു ചെയ്യാം." ഇതുകേട്ടു ഞാൻ ആശ്രമത്തിൽപോയി അദ്ദേഹത്തെക്കണ്ട് ഈ പ്രവൃത്തിചെയ്യുവാൻ സന്നദ്ധനാണെന്നും അതിന്നു മഹാദേവ്ഭായിയുടെ സഹായവും എടുക്കുമെന്നും പറഞ്ഞു. ബാപ്പുജി ഏതാനുംഭാഗം തർജ്ജമചെയ്തു കാണിക്കുവാനും ആവശ്യപ്പെട്ടു. ആ തർജ്ജമ ആനന്ദശങ്കർഭായിക്കു കാണിച്ചുകൊടുത്തു; അദ്ദേഹം അതു പാസ്സാക്കുകയും ചെയ്തു. ഉടനെ പ്രവൃത്തി എനിയ്ക്കേല്പിച്ചു തന്നു. ഭാഷണങ്ങളിൽ സ്വഭാവശുദ്ധിയെപ്പററിയ പ്രസംഗങ്ങളെ മഹാദേവ്ഭായി തർജമചെയ്തു; ആഫ്രിക്ക മുതലായ ഡൊമീനിയനുകളുടെ പ്രശ്നങ്ങളെപ്പററിയവയെ ഞാൻ തർജമ ചെയ്തു; ഇവ രണ്ടും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം ഒരു സർട്ടിഫിക്കററു ജീവിതത്തിൽ ഒരിക്കലും കിട്ടിയിട്ടില്ല; കിട്ടുകയും ഇല്ല. ഭാവിയിൽ ഞാൻ വല്ല പ്രവൃത്തിക്കും നിമിത്തമാവുകയും ലോകം മുഴുവനും എന്നെ പ്രശംസിക്കുകയും ചെയ്യു. എന്നിരിക്കട്ടെ; എന്നാലും ഈ വാക്കുകൾ എൻെറ ഹൃദയത്തിൻേറയും ജീവിതത്തിൻെറ ഒട്ടാകെയും ഖജാനയായിരിക്കും.

---

# അദ്ധ്യായം 19.

## ബാപ്പുജിയുടെ കൂടെ ചമ്പാരനിലേക്കുപോയി.

പ്രസ്തുതസംഭാഷണം കഴിഞ്ഞതിന്നുശേഷം മഹാദേവ് ഭായിയുടെ മനസ്സ് ഒരു കാൎയ്യത്തിലും ഉറച്ചുനില്ക്കാതായി. ഡാവമ്പ്രമാസം ആദ്യം ഒന്നാം ഗുജറാത്തുരാഷ്ട്രീയ പരിഷത്ത് ഗോദ്ധ്റയിൽവെച്ചുചേൎന്നു. അദ്ദേഹം ഉദ്ഗാഭനിനോടുകൂടി ബാപ്പുജിയെ കാണാൻ അങ്ങോട്ടു വന്നിരുന്നു. ബാപ്പു പറഞ്ഞു. നിങ്ങൾ രണ്ടുപേരും കുറച്ചു കാലം എൻെറ കൂടെ സഞ്ചരിക്കുക, കാൎയ്യം പിന്നെ ഉറപ്പിച്ചാൽ മതി.” അതിനാൽ അവിടെനിന്നു നേരിട്ടു ചമ്പാരനിലേക്കു പോവുകയായിരുന്ന ബാപ്പുജിയുടെ കൂടെ അവരിരുവരും പോയി.

## അച്ഛൻെറ വിഷമതകൾ

മഹാദേവ് ബാപ്പുജീയുടെ കൂടെ കൂടുന്നതിൽ പിതാജിക്കു രണ്ടു വിഷമതകൾ ഉണ്ടായിരുന്നു. ആദ്യമായി അദ്ദേഹം മഹാദേവിൻെറ ശരീരം വളരെ കോമളമാ

ണെന്നു കരുതിയിരുന്നു. അദ്ദേഹം ഒരിക്കലും ഒരു തരത്തിലുള്ള കായികാദ്ധ്വാനവും ചെയ്തിട്ടില്ല. ഗാന്ധിജിയുടെ കൂടെയാണെങ്കിൽ ധാരാളം കായികാദ്ധ്വാനം ചെയ്യേണ്ടിവരും; വളരെ കഠിനമായ ജീവിതം നയിക്കേണ്ടിവരും; മഹാദേവിന്റെ ശരീരത്തിന്ന് അതു സഹിക്കാൻ സാധിക്കുമോ ? രണ്ടാമതായി, സമുദായത്തിന്റെ മാനമായ വല്ല സ്ഥാനവും സമ്പാദിച്ചശേഷം ഇത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടാൽ മാത്രമെ അതിന്നു വിലയുള്ളൂ എന്നാണ് അദ്ദേഹം കരുതിയിരുന്നതു്. ജീവിതത്തിൽ ആരംഭകാലത്തു തന്നെ ഇത്തരം കാര്യങ്ങളിൽ ഏർപ്പെട്ടുന്നവർക്കു ഭാവിയിൽ പശ്ചാത്തപിക്കേണ്ടിവരുന്നു. സമ്പാദിക്കണമെന്നോ കുറേ ധനം ശേഖരിച്ചുവെക്കണമെന്നോ അദ്ദേഹത്തിന്നു ആഗ്രഹമുണ്ടായിരുന്നില്ല. ഒരു ദിവസം മഹാദേവിന്റെ വീട്ടിലിരുന്നു് ഞങ്ങളെല്ലാം ചായകുടിക്കുകയായിരുന്നു. അവിടെനിന്നു നോക്കിയാൽ ഒരു മില്ലുടമസ്ഥന്റെ ബങ്ക് ളാവു കാണാം. പിതാജിയുടെ ഒരു സുഹൃത്തു മഹാദേവിനോടു പറഞ്ഞു: 'നീ സമ്പാദിച്ചു് അത്തരം ഒരു ബങ്ക്ളാവുണ്ടാക്കണം. അപ്പോൾ മാത്രമേ എന്റെ മനസ്സിന്നു ശാന്തിയുണ്ടാവുകയുള്ളൂ.' പിതാജി പറഞ്ഞു: "ചങ്ങാതി, ഞങ്ങൾക്കു് ബങ്ക്ളാവും മററുമൊന്നും വേണ്ടാ. ഞങ്ങളുടെ ഈ മൺപുര നിലനിന്നാൽ മതി. ഈ ബങ്ക്ളാവുകളിലെ ആളുകളുടെ ജീവിതം എങ്ങിനെയുള്ളതാണു്? ഇവർക്കു എത്രകണ്ടു സുഖദുഃഖങ്ങളുണ്ടു് എന്നു നമുക്കെന്തറിയാം ? അതിനാൽ ഈ സ്ഥിതിയിൽ തന്നെ, മാനത്തോടുകൂടി ജീവിക്കാൻ സാധിച്ചാൽ എനിക്കു

സന്തോഷമായി." അതായത്തു പിതാജിയുടെ വിഷമത ധനം സംബന്ധിച്ചതായിരുന്നില്ല. അതിന്നു കാരണം മററു ചിലതായിരുന്നു. അതിനാൽ മഹാദേവ് അച്ഛനോടു പറയും: "ഗാന്ധിജിയുടെ കൂടെ പോയാൽ ഞാൻ നേതാവാവുകയില്ല; എനിക്കു അദ്ദേഹത്തിൻെറ കൂടെ നിഴൽപോലെ ജീവിക്കുക മാത്രമേ വേണ്ടു. അദ്ദേഹത്തിൻെറകൂടെ ചുററിസ്സഞ്ചരിക്കണം; എല്ലാററിന്നും സന്നദ്ധനാവണം; പഠിക്കണം. എനിക്കു നേതാവാകണമെങ്കിൽ ആലോചിക്കുകതന്നെ വേണം. ഗാന്ധിജിയുടെ ഞാണെങ്കിൽ സ്ഥാനം (പ്രതിഷ്ഠ) കിട്ടിക്കഴിഞ്ഞു. അതിനാൽ എനിയ്ക്കു വിചാരപ്പെടേണ്ട കാര്യം തന്നെ ഇല്ല.

ബാപ്പുജിയുടെ കാല്ക്കൽ ഇരുന്നു.

ചമ്പാരനിലേക്കു പോയിവന്നശേഷം പിതാജിയുടെ ആശീർവ്വാദം വാങ്ങുന്നതിന്നായി മഹാദേവ് ദിഹേണിൽ പോയി അദ്ദേഹത്തിൻെറകൂടെ കുറച്ചുദിവസം താമസിച്ചു. ആ സമയത്തു ഞാൻ ബാപ്പുജിയുടെ കൂടെ ചമ്പാരനിലായിരുന്നു. ഒരു ദിവസം മഹാദേവിൻെറ കമ്പിവന്നു: "ഞാനും ദുർഗ്ഗയും അങ്ങോട്ടുവരുന്നു. "ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരാൻ സ്റ്റേഷനിലേക്കു പോയി; പക്ഷേ, അദ്ദേഹം വന്നില്ല. മടങ്ങിയെത്തിയപ്പോൾ ബാപ്പുജി മഹാദേവിൻെറ കമ്പി കാണിച്ചുതന്നു: "പിതാജിയുടെ മനസ്സിന്നു വലുതായ വേദനയുണ്ട്. അതിനാൽ വളരെ ആഗ്രഹമുണ്ടെങ്കിലും അങ്ങയുടെ അടുക്കലേക്കു വരാൻ സാധിക്കുന്നില്ല." ഇങ്ങനെ കമ്പിയടിച്ചുവെങ്കിലും, പിന്നീടു അച്ഛന്നു മഹാദേവിൻെറ ദുഃഖസ്ഥിതി കാണാൻ

കഴിഞ്ഞില്ല. അതിനാൽ അദ്ദേഹം ആശീർവ്വാദപൂർവ്വം അനുമതിനല്കി. മൂന്നാം ദിവസം വീണ്ടും കമ്പിവന്നു. "പിതാജിയുടെ ആശീർവ്വാദം കിട്ടി, ഞാൻ വരുന്നു." എന്നാൽ, ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുവാൻ സ്റ്റേഷനിലേക്കു പുറപ്പെട്ടപ്പോൾ ബാപ്പുജി പറഞ്ഞു. "നരഹരി, വരുന്നില്ലെന്നു രണ്ടാമത്തും കമ്പിവന്നിരിക്കുന്നു. ഇതെന്തൊരു തമാശയാണു്?" ഞാൻ പറഞ്ഞു: "ഇന്നു മഹാദേവ് തീർച്ചയായും വരും." അന്നു മഹാദേവും ദുർഗ്ഗാബെന്നും വന്നു. പിന്നെ ഇഹലോകവാസം വെടിയുന്നതുവരെ അദ്ദേഹം ബാപ്പുജിയിൽ ലീനനായിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്നു ഇതിൽ, ഒരു പ്രകാരത്തിലുള്ള ജീവൽസാഫല്യവും ആനന്ദവുമാണു് ലഭിച്ചുകൊണ്ടിരുന്നതു്. പക്ഷേ, ദുർഗ്ഗാബെന്നിന്റെ സ്ഥിതിയെന്തായിരുന്നു? അവക്കു ലോകത്തിലെ സുഖങ്ങളിലും വിഭവങ്ങളിലും ആഗ്രഹമുണ്ടായിരുന്നില്ല, ഈ പുതിയ ജീവിതത്തിലും എപ്പോഴും മഹാദേവിന്റെ കൂടെ ഇരിക്കാൻ സാധിച്ചാൽ അവക്കതിലധികമായി ഒന്നും വേണ്ടിയിരുന്നില്ല. പക്ഷേ, മഹാദേവിന്നു എപ്പോഴും ബാപ്പുവിന്റെ കൂടെ സഞ്ചരിച്ചുകൊണ്ടു ഇരിക്കണം. സാധിക്കുന്ന ദിക്കിലേക്കെല്ലാം ബാപ്പുജി ദുർഗ്ഗാബെന്നിനേയുംകൂടെ കൊണ്ടുപോയിരുന്നു; എന്നാൽ അതു വളരെ ദുർല്ലഭമായിരുന്നു. ചമ്പാരനിൽ, മോത്തിഹരിയിൽ ഞങ്ങൾ കുറച്ചുദിവസം ഒരുമിച്ചു താമസിച്ചു. പിന്നെ മഹാദേവ് ബാപ്പുജിയുടെ കൂടെ കൽക്കത്താ കോൺഗ്രസ്സിന്നു പോയി. ഞാനും പത്നിയും മുൻനിശ്ചയപ്രകാരം ഒരു ഗ്രാമത്തിൽ ഒരു പാഠശാല നടത്തുന്ന

തിന്നും ഗ്രാമശുചീകരണത്തിന്നുമായി പോയി. ആനന്ദി ബായി എന്ന മറെറാരു പ്രവൎത്തകയുടെ കൂടെ പാഠശാല നടത്തുന്നതിന്നും മററു പ്രവൃത്തികൾ ചെയ്യുന്നതിന്നുമായി ദുൎഗ്ഗാബെൻ മറെറാരു ഗ്രാമത്തിലേക്കുപോയി. അതുമുതൽ മഹാദേവിനെ പിരിഞ്ഞിരിക്കാൻ തുടങ്ങി. പരസ്പര സഹായസംഘങ്ങളുടെ ഇൻസ്പെക്ടരുടെ ജോലിയിൽ എപ്പോഴും യാത്രചെയ്യേണ്ടിവരികയും അങ്ങനെ ഗൃഹജീവിതത്തിന്നു സൌകൎയ്യം കുറയുകയും ചെയ്തതിനാലാണു് മഹാദേവ് മനസ്സമട്ടത്തു് ആ ജോലി ഉപേക്ഷിച്ചതു്. ഈ പ്രവൃത്തി മറെറാരു തരത്തിലുള്ളതാണു്; വളരെ ഉന്നതമായതാണു്; ജീവിതത്തിന്നു അനന്യസാധാരണവും ദുൎല്ലഭവുമായ ലാഭം ഉളവാക്കുന്നതാണു്. എന്നാലും ഗൃഹജീവിതത്തേയും ദുൎഗ്ഗാബെന്നിനേയും ഓൎക്കുമ്പോൾ സ്ഥിതി ആദ്യത്തേതുപോലെത്തന്നെയായിരുന്നു. പിന്നെ അദ്ദേഹം ചമ്പാരനിൽ നിന്നു സാബർമതിയിലേക്കു വന്നു. അപ്പോഴും ബാപ്പുജി ആശ്രമത്തിലേയ്ക്കു് വരുമ്പോഴേ മഹാദേവ് ആശ്രമത്തിലേയ്ക്കു് വരിക പതിവായിരുന്നുള്ളു. വരുമ്പോൾ കൂടെ ധാരാളം വിരുന്നുകാരും ഉണ്ടായിരിക്കും: അവരെല്ലാം ബാപ്പുവിൻെറ കൂടെ വന്നവരാണു്; എന്നാലും അവൎക്കു മഹാദേവിൻെറ കൂടെ താമസിക്കാനാണു് ഇഷ്ടം. ഇപ്രകാരം ഗൃഹസ്ഥാശ്രമത്തിലെ ആതിഥ്യ—ധൎമ്മം (വിരുന്നുസൽക്കാരം) പാലിക്കാൻ ദുൎഗ്ഗാബെന്നിന്നു ധാരാളം അവസരം കിട്ടിയിരുന്നു; അവർ അതു സസന്തോഷം വളരെ ഭംഗിയായി പാലിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഭൎത്താവുമായി സഹവസിക്കാൻ

അവക്ക ദുർല്ലഭമായേ സാധിച്ചിരുന്നുള്ളു. കവി, നാനാ ലാലിൻെറ ഒരു കവിത ഇവക്കു ബാധകമാണു്. അതിനെ ദുഗ്ഗാബെൻ എപ്പോഴും പാടുകയും ചെയ്യും. അതിൻെറ അത്ഥം ഏതാണ്ടിതാണു്.

"ഞാൻ ഭാഗ്യത്തിൻെറ ഏടുകൾ മറിച്ചുനോക്കു മ്പോൾ ഉള്ളിൽ വിയോഗത്തിൻെറ കാര്യം മാത്രമേ വരു ന്നുള്ളു. എൻെറ സ്നേഹധാമം ശൂന്യമാണു്."

ഇപ്രകാരം അവരുടെ ദാമ്പത്യജീവിതം കഠിനമായ തപസ്യയായിത്തീൻറു.

---

# അദ്ധ്യായം 20.

## നർസിൻെറയും രോഗിയുടേയും രൂപത്തിൽ.

ഞങ്ങൾ ആശ്രമത്തിൽ ചേന്നതിൻെറ പിറേറ കൊല്ലം അഹമ്മദാബാദിൽ വലുതായ 'ഇൻഫ്ലുവെൻസാ' പരന്നു. നഗരത്തിൽ, എൻെറ വീട്ടിൽ എല്ലാവക്കും രോഗം പിടിപെട്ടു. ഞാനും ഭായ്യയും അവരെ ശുശ്രൂഷി ക്കാനായി വീട്ടിലേക്കുപോയി. അവിടെ ഭായ്യക്കും ഇൻ ഫ്ലുവൻസ ബാധിച്ചു. അങ്ങനെ ഞാൻ ഒററക്കായി ത്തീൻറു. വീട്ടിൽ രോഗം ഭേദമായവരെയെല്ലാം ഞാൻ അപ്പപ്പോൾ ആശ്രമത്തിലേക്കയക്കും. മഹാദേവും ദുഗ്ഗാ ബെനും അവക്കുവേണ്ട ശുശ്രൂഷ ചെയ്തിരുന്നു. എൻെറ ജ്യേഷ്ഠൻെറ ഒരു മകൾ മരിച്ചുപോയി; ജ്യേഷ്ഠനു

ഇൻഫ്ലുവെൻസ വന്നതു് ന്യൂമോണിയയായി മാറി. ബാപ്പുജി അദ്ദേഹത്തെ ആശ്രമത്തിലേക്കു കൂട്ടികൊണ്ടുവരാൻ പറഞ്ഞു. എൻെറ ജ്യേഷ്ഠനെ എന്നേക്കാൾ അധികം നന്നായി ശുശ്രൂഷിച്ചതു് മഹാദേവ്ഭായിയാണു്. അദ്ദേഹത്തിന്നു രോഗികളെ സ്നേഹിക്കാനും സന്തോഷിപ്പിക്കാനും അസാധാരണമായ സാമൎത്ഥ്യമുണ്ടായിരുന്നു.

മഹാദേവ് പ്രേമപൂൎവ്വം ശുശ്രൂഷിക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. ആശ്രമത്തിലും മററു സുഹൃൽസംഘത്തിലും അദ്ദേഹത്തിൻെറ പ്രേമമയമായ ശുശ്രൂഷയുടെ അനുഭവം പലൎക്കും ഉണ്ടായിട്ടുണ്ടു്. അദ്ദേഹം എന്നെയോ കിശോരലാൽ ഭായിയേയോ പ്രേമപൂൎവ്വം ശുശ്രൂഷിക്കുന്നതായാൽ അതിൽ ആശ്ചൎയ്യപ്പെടത്തക്കതായി ഒന്നുമില്ല. എന്നാൽ, അദ്ദേഹത്തിൻെറ സേവനത്തിന്നു അങ്ങനെ യാതൊരതിരുമില്ലായിരുന്നു. ഒരിക്കൽ മഹാദേവ്ഭായിയും രാമദാസ്ഗാന്ധിയും കൂടി നവജീവൻ പ്രസ്സിൽനിന്നു ആശ്രമത്തിലേക്കു കുതിരവണ്ടിയിൽ വരികയായിരുന്നു. ബാഡജിന്നപ്പുറത്തു നായ്ക്കൾ കടിച്ചു്, മരണാസന്നമായ നിലയിൽ കിടക്കുന്ന ഒരു പെൺകുരങ്ങിനെ കണ്ടു. മഹാദേവ് അതിനെ എടുത്തു വണ്ടിയിൽ വെച്ചു് ആശ്രമത്തിലേക്കു കൊണ്ടുവന്നു. അതിൻെറ ഭാഗ്യം നിമിത്തം മഗൻലാൽഭായി താമസിച്ചിരുന്ന ഭവനം ഒഴിഞ്ഞു കിടക്കുകയായിരുന്നു. അതിൽ ആ കുരങ്ങിനെ വെച്ചു. അതിൻെറ മുറിയെല്ലാം കഴുകിനോക്കിയപ്പോൾ തലമണ്ടയിൽ നായ്ക്കളുടെ പല്ലുതട്ടി ഏതാണ്ടു മുക്കാൽ അംഗുലം ആഴത്തിൽ മുറിയായിട്ടുണ്ടെന്നു മനസ്സിലായി. നായ്ക്കൾ

കാലിൽ വല്ലാതെ കടിച്ചിരുന്നതിനാൽ അതിന്നു നട ക്കാനും സാധിച്ചിരുന്നില്ല. മുറികളിൽ മൺപോട്ടിസ കെട്ടാൻ തുടങ്ങി. അതിന്നു തിന്നാനും കിട്ടിയപ്പോൾ കുറച്ചു ദിവസംകൊണ്ടു് അതു മുറിയിൽ അങ്ങുമിങ്ങും നടക്കാൻ തുടങ്ങി. ഒരു ദിവസം ആരോ വാതിൽ തുറന്നിട്ട തഞ്ചം നോക്കി അതു പെട്ടെന്നു പുറത്തുകടന്നു അടുത്തുള്ള ഒരു മരത്തിൽ കയറി. അതിനെ പിന്നെയും വല്ല നായ്ക്കളും ഉപദ്രവിക്കുമെന്നു ദൎശ്ശാബെൻ ഭയപ്പെട്ടു. അതി നാൽ കുറെദൂരം അതിൻെറ പിന്നാലെ പോയിനോക്കി; പക്ഷേ, കുരങ്ങനെ കൈയിൽ കിട്ടുമോ? അതു മരത്തിൽ നിന്നു മരത്തിലേക്കായി ചാടി ബാഡജവരെ എത്തി. ദൎശ്ശാബെൻ അതിനെ ഭഗവാങ്കൽ സമർപ്പിച്ചു് മടങ്ങി പ്പോരുകയും ചെയ്തു.

ദൎശ്ശാബെൻ സ്വാഭാവികമായിത്തന്നെ ദയയുള്ളവ ളാണു്. ഒരു ദിവസം മരണാസന്നദശയിലായ ഒരു പട്ടി അവരുടേയും കിശോരലാൽ ഭായിയുടേയും വീട്ടി ന്നിടയ്ക്കുവന്നു കിടന്നു. കിശോരലാൽഭായി കിടക്കുന്ന അതിൻെറമേൽ വെള്ളമൊഴിച്ചു; അതിന്നു അല്പം പാലും കൊടുത്തു. പിന്നെ ദൎശ്ശാബെൻ അതിനെ നേരെ വീട്ടിലേക്കു കൊണ്ടുവന്നു് പരിപാലിക്കാൻ തുടങ്ങി. പട്ടി യുടെ ദേഹം നന്നായി; ഞങ്ങൾ അതിന്നു "പ്രേമി" എന്നു പേരിട്ടു. പിന്നീടു അതിന്നു കുട്ടികളുണ്ടായി. ഞങ്ങളുടെയെല്ലാം കോലായ ഒന്നിച്ചായിരുന്നു; അതി നാൽ ഈ പട്ടിക്കുട്ടികൾ ഞങ്ങളുടെ കോലായയെല്ലാം കേടുവരുത്താൻ തുടങ്ങി. വല്ലവരും അവയെ തല്ലിയാൽ

താൻ എല്ലാവരുടേയും കോലായ നന്നാക്കിത്തരാം. എന്നാലും അവയെ തല്ലരുത് എന്നു ഭര്ഗ്ഗാബൻ പറയും. ഒരു ദിവസം കാക്കാ സാഹബ്ബ് മഹാദേവിനോട് പറഞ്ഞു: "ഈ കുട്ടികളെല്ലാം ജീവിക്കയില്ല; നമ്മെയെല്ലാം കഷ്ടപ്പെടുത്തും, അവസാനം അവയും കഷ്ടപ്പെടും. അതിനാൽ നിങ്ങൾക്ക വേണമെങ്കിൽ ഒന്നിനേയോ മറേറാ വളത്താം. നിങ്ങൾക്ക സമ്മതമാണെങ്കിൽ ഞാൻ മററുള്ളവയെ കൊന്നുകളയാം." ഭര്ഗ്ഗാബൻ ഇതു കേൾക്കന്നുണ്ടായിരുന്നു. അവർ കാക്കാ സാഹബ്ബിനോടു ഒന്നും പറഞ്ഞില്ല, പക്ഷെ, കണ്ണിൽക്കണ്ണീരുമായി ഉമ്മറത്തുവന്നു നിന്നു. കാക്കാസാഹബ്ബ് ഇതു കണ്ടു. അതിനാൽ മിണ്ടാതെ അവിടെ നിന്നു പോയി. പിന്നെ ആ കുട്ടികളെക്കൊല്ലുന്ന കായ്യം ആരും പറഞ്ഞു കേട്ടിട്ടില്ല.

—. സാധാരണയായി രോഗികളെ ശുശ്രൂഷിക്കുന്നവക്ക രോഗികളോടു വളരെ മമതയുണ്ടാവും. എന്നാൽ, രോഗികൾ വീട്ടിലുള്ളവരോടും ശുശ്രൂഷിക്കുന്നവരോടും അധികാരം നടിക്കുകയാണു് ചെയ്യുക എന്നു പറയാറുണ്ടു്. മഹാദേവ് അങ്ങനെയായിരുന്നില്ല. രോഗിയുടെ നിലയിലും എത്രമാത്രം മധുരമായും ആനന്ദമായുമിരിക്കാൻ സാധിക്കുമെന്നു 1920ൽ അദ്ദേഹം, ആറാഴ്ചകാലം രോഗബാധിതനായി കിടന്നപ്പോൾ എനിയ്ക്കനുഭവപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്നു എത്രതന്നെ കഷ്ടമുണ്ടെങ്കിലും, ആ കഷ്ടത്തിലും അദ്ദേഹം തന്റെ വിനോദം ഉപേക്ഷിച്ചിരുന്നില്ല; ചുററുപാടുമുള്ളവരെയെല്ലാം എപ്പോഴും ചിരിപ്പിച്ചുകൊണ്ടിരിക്കും. ഒരു ദിവസം വൈകുന്നേരമായി കാണാൻ വന്ന

പ്പോൾ അദ്ദേഹത്തോട് പറഞ്ഞു: എന്നെ വലിയ ചക്രവർത്തിമാരേക്കാൾ അധികം നന്നായി ശുശ്രൂഷിക്കുന്നുണ്ട്. കാക്കാസാഹബ്ബ്, രണ്ടു നേരവും വന്ന് എൻെറ ശരീരം ഉഴിഞ്ഞു തരുന്നു; ഐസ് പൊടിച്ചു തുണിയിൽ കെട്ടി എൻെറ തലയിൽ വെക്കുകയും അതുകൊണ്ടു തലപ്പാവുണ്ടാക്കിവെക്കുകയും ചെയ്യാനുള്ള ഭാരം നരഹരി ഏറെറടുത്തിരിക്കുന്നു. നരഹരിയും കാക്കാസാഹബ്ബും ദിവസേന കിടക്കയിൽവെച്ചു എന്നെ ചുടുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തോർത്തുകൊണ്ടു കുളിപ്പിക്കുന്നു. ആ സമയത്ത് കാക്കാസാഹബ്ബ് തൻെറ മുററത്തു മുളപ്പിച്ചിട്ടുള്ള 'ഹാളിഹാക്കി' ൻെറ പൂക്കളെപ്പററി പറഞ്ഞ് എനിയ്ക്കങ്ങോട്ടു പോകാനുള്ള ഉൽക്കണ്ഠ വർദ്ധിപ്പിക്കുന്നു. സംഗീതശാസ്ത്രി പണ്ഡിത ഖരേ രണ്ടുമൂന്നുപ്രാവശ്യം വന്ന് തൻെറ മധുരമായ സംഗീതം കേൾപ്പിച്ചു പോകുന്നു; കിശോരലാൽഭായി എന്തെങ്കിലും പറഞ്ഞു എന്നെ സന്തോഷിപ്പിക്കുന്നു. സ്വാമിയും ജുഗത്റാം ഭായിയും പകൽ മുഴുവനും നവജീവനിൽ ജോലിചെയ്തു രാത്രി ഇവിടെ വന്നു നില്ക്കുന്നു. പിതാജിയും ഈ ഡാക്ടരമ്മാമനും ഇവിടെത്തന്നെ ഇരിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ പഞ്ചാബിൽ, എത്രതന്നെ ജോലിയുണ്ടെങ്കിലും ബാപ്പുവിൻെറ മനോഹരമായ കത്തു ദിവസേന തപാലിൽ വരുന്നുണ്ട്. പറയൂ, ആർക്കെങ്കിലും ഇത്ര പരിചര്യകൾ ലഭിക്കുമോ? വൈകുണ്ഠഭായി മറുപടി പറഞ്ഞു: "നിങ്ങൾ ഇവയെല്ലാം അധികാരിയാണ്; ഇതെല്ലാം ലഭിയ്ക്കുന്നതു അർഹതയുള്ള ആൾക്കു തന്നെയാണ്."

KOTTAYAM PUBLIC LIBRARY KOTTAYAM.

# അദ്ധ്യായം. 21.

## ഐക്യസംസ്ഥാനത്തിലെ ജയിലിൽ.

1921 ജൂണിലോ ജൂലായിലോ പണ്ഡിത് മോത്തിലാൽജിയുടെ ആവശ്യപ്രകാരം "ഇൻഡിപെൻഡണ്ട്" എന്ന പത്രം നടത്തുന്നതിന്നായി ബാപ്പുജി മഹാദേവ് ഭായിയെ അലഹബാദിലേക്കയച്ചിരുന്നു. കുറച്ചു ദിവസത്തിന്നു ശേഷം മോത്തിലാൽജിയേയും ജവഹർലാൽജിയേയും ഗവർമ്മേണ്ടു പിടിച്ചു; പിന്നീടു സർക്കാറിന്നു ആ പത്രത്തിലെ ലേഖനങ്ങളുടെ തീക്ഷ്ണത സഹിക്കാതായി. അതിനാൽ അതിൻെറ രണ്ടാമത്തെ പത്രാധിപരായ ജോർജ്ജ് ജോസഫിനേയും പിടിച്ചു; അതച്ചടിച്ചിരുന്ന അച്ചുക്കൂടവും ജപ്തിചെയ്തു. മഹാദേവ് 'ഞാൻ മരിക്കുന്നതല്ല.' (I shall not die) എന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതി സൈക്ലോസ്റ്റൈൻ ചെയ്തു പത്രം പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. അതിനാൽ അദ്ദേഹത്തിനേയും അറസ്റ്റു ചെയ്തു. ഡിസമ്പ്ര് 24-ാംനു- ഒരു കൊല്ലത്തേയ്ക്കു് ശിക്ഷിച്ചു. ദുർഗ്ഗാബെൻ ആ സമയത്തു അലഹബാദിൽ ഉണ്ടായിരുന്നു. മഹാദേവ്ഭായിയെ ശിക്ഷിച്ചതിന്നുശേഷം രണ്ടു മൂന്നു മാസത്തോളം അവർ അവിടെത്തന്നെ താമസിച്ചു. മഹാദേവ് പത്രം ദേവദാസ് ഗാന്ധിയെയാണ് ഏല്പിച്ചിരുന്നതു്. ദുർഗ്ഗാബെൻ കൈയന്ത്രം നടത്താനും, പത്രത്തിന്നു 'റാപ്പർ' ഒട്ടിക്കാനും, മേൽവിലാസം എഴുതാനും മററും സഹായിച്ചിരുന്നു. അക്കാലത്തു് സഹോദരികൾ പ്രത്യേകിച്ചും ഉത്തരേന്ത്യയിൽ ഇത്തരം പ്രവൃത്തികളിൽ

പങ്കെടുക്കാറുണ്ടായിരുന്നില്ല. അതിനാൽ ദുർഗ്ഗാബെൻ പ്രവൃത്തിയെടുക്കുന്നതു കണ്ടു് മാളവ്യജി വളരെ സന്തോഷിച്ചു; അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അക്കാലത്തു യു. പി. യിലെ ജയിലുകളിൽ രാഷ്ട്രീയ തടവുകാരെ വല്ലാതെ ഉപദ്രവിച്ചിരുന്നു. അതിനെപ്പററി അലഹബാദിൽനിന്നു വന്ന ഒരു കത്തിൽനിന്നു—ആ കത്തു ദേവദാസ് ഭായി ഗാന്ധിയുടേതാണെന്നു തോന്നുന്നു—കിട്ടിയ വിവരണം 'നവജീവ' നിൽ ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു.

"ഞങ്ങൾ ഇന്നലെ ജയിലിലേക്കു പോയിരുന്നു; പക്ഷേ, ഞങ്ങൾക്കു കൂടിക്കാഴ്ചയ്ക്കു സമ്മതം കിട്ടിയില്ല. ഭക്ഷണം, ഉടുപ്പു മുതലായവയും പുസ്തകങ്ങളും കൊണ്ടു പോയിരുന്നു; എന്നാൽ, ജയിലർ അവയെല്ലാം മടക്കി. ഇന്നു രാവിലെ ഞങ്ങൾക്കു മഹാദേവ്ഭായിയെ കാണ്മാൻ സാധിച്ചു.

"അദ്ദേഹത്തെ സാധാരണ തടവുകാരുടെ കൂട്ടത്തിലാണു് വെച്ചിട്ടുള്ളതു്. ജയിലിലെ എല്ലാ നിയമങ്ങളും അദ്ദേഹത്തിന്നു് ബാധകമാണു്. ജയിലിലെ വസ്ത്രം ധരിപ്പിച്ചിരിക്കുന്നു—പകുതിക്കൈ മാത്രമുള്ള കറുത്തകുപ്പായവും ചെരുപ്പും. ഈ വസ്ത്രങ്ങൾ വളരെ മലിനവും, ദുർഗ്ഗന്ധപൂർണ്ണവും പേൻ നിറഞ്ഞതുമായിരുന്നു. രണ്ടു കമ്പിളി കൊടുത്തിട്ടുണ്ടു്; രണ്ടുമാസമായി അവ വെള്ളം കണ്ടിട്ടില്ല. അവയിലും നിറയെ പേനുണ്ടു്.

"കറകയറിയ ഒരു ലോഹപ്പാത്രമാണു് വെള്ളം സൂക്ഷിയ്ക്കാൻ കൊടുത്തിട്ടുള്ളതു്. ഓരോ നിമിഷവും

അകത്തുനിന്നു കറ ഇറങ്ങി കുറച്ചുസമയത്തിന്നുള്ളിൽ വെള്ളം വിഷമയമായിത്തീരും. രാത്രിയിലെ ആവശ്യത്തിന്നായി ആ പാത്രത്തിൽ വെള്ളം വെക്കാൻ സാദ്ധ്യമല്ലതന്നെ. രാവിലേക്ക അതു മഞ്ഞനിറമായിത്തീരും."

"കുളിക്കാൻ ഒരു വൃത്തികെട്ട കുളമുണ്ടു്. അതിലെ വെള്ളം തന്നെ കുടിയ്ക്കാനും ഉപയോഗിക്കുന്നുണ്ടു്. കുളിക്കുമ്പോൾ ഒരു ലങ്കോട്ടി മാത്രമേ ഉണ്ടായിരിക്കയുള്ളു; ദേഹം തോർത്താൻ യാതൊന്നുമില്ല. വെയിലിൽ നിന്നു് ശരീരത്തിലെ വെള്ളം വററിയശേഷം ആദ്യം അഴിച്ചുവെച്ചിരുന്ന അതേവസ്ത്രം എടുത്തുധരിക്കണം—ഇവിടത്തെ ശീതത്തിൽ മഹാദേവ് ഭായിയെപ്പോലുള്ള ആരോഗ്യത്തോടുകൂടിയവർ വസ്ത്രം അലക്കുകയും അതുണങ്ങുന്നതുവരെ വെറും ലങ്കോട്ടി ധരിച്ചുനില്ക്കുകയും ചെയ്യുക എന്നതു അസംഭാവിതമാണു്.

"ഭക്ഷണം ജയിലിലത്തേതു തന്നെയാണു് കിട്ടുന്നതു്. ഇന്നലെ വീട്ടിൽനിന്നു ഭക്ഷണം കഴിച്ചാണു് പോയതു്, രാത്രി അവിടെ ഒന്നുംതന്നെ കഴിച്ചില്ല. ഇന്നു രാവിലെ 'ക്രുഴ്'പോലെ എന്തോ കൊടുത്തു. അതിൽ കല്ലും കരടും എത്രയാണെന്നു് പറയാൻ വയ്യ.

"പകൽ, പുറമേ തുറസ്സായ സ്ഥലത്താണു് കക്രൂസിനിരിക്കുന്നതു്. വെള്ളം കൊണ്ടുവരാൻ കുടിക്കാനുപയോഗിക്കുന്ന ആ പാത്രംതന്നെ വേണം. രാത്രി മൂത്രമൊഴിക്കാൻ ആ മുറിയിൽത്തന്നെ ഒരു ചട്ടി വെച്ചിട്ടുണ്ടു്. സാധാരണ വെള്ളംപോലെ അതു തുറന്നാണു് വെച്ചി

ട്ടുള്ളതു്. ഇനി ആറുമാസം ഇരിക്കുക മാത്രമേ ബാക്കിയായിട്ടുള്ളൂ." ഇതു വായിച്ചു മഹാദേവിന്റെ അച്ഛൻ വളരെ നേരം കരഞ്ഞു; പിന്നെ പറഞ്ഞു. ജീവിതത്തിൽ ഒരിക്കലും ദുഃഖം അനുഭവിച്ചിട്ടില്ല; കഷ്ടം കണ്ടിട്ടുതന്നെ ഇല്ല. ഇത്തരം ജയിലിൽ എങ്ങിനെയാണ് ഒരു കൊല്ലം കഴിച്ചുകൂട്ടുക."

ബാപ്പുജി അദ്ദേഹത്തെ സമാശ്വസിപ്പിക്കാനായി ഒരു കത്തെഴുതി: "മഹാദേവിന്നു ശിക്ഷകിട്ടിയതു നന്നായി. അദ്ദേഹത്തിന്നു വിശ്രമം ലഭിക്കും. അല്ലെങ്കിൽ അവിടുത്തെ ജോലിത്തിരക്കുകൊണ്ടു അദ്ദേഹം രോഗബാധിതനാകുമായിരുന്നു. ജയിലിൽ ഇപ്പോൾ കഷ്ടമുണ്ടെന്നതു ശരിതന്നെ. പക്ഷെ, കുറച്ചു സമയത്തിന്നുള്ളിൽ എല്ലാം ശരിപ്പെടുമെന്നു എനിക്കു വിശ്വാസമുണ്ടു്. മഹാദേവ് എവിടെച്ചെന്നാലും അവിടെയുള്ള ആളുകളെ തന്റെ സുഹൃത്തുക്കളാക്കും. തന്റെ വിനീതവും മധുരവുമായ പെരുമാററംകൊണ്ടു് അദ്ദേഹത്തിന്നു ജയിലിലെ അനുചിതമായ ദുഃഖങ്ങളെല്ലാം നിവാരണം ചെയ്വാൻ കഴിയുമെന്നു എനിയ്ക്കു വിശ്വാസമുണ്ടു്. അതിനാൽ ധൈര്യം ഉപേക്ഷിക്കരുതു്, ഇതിനെപ്പററി ചിന്തിക്കേണ്ടതില്ല."

മഹാദേവിനോടു ഇത്തരത്തിൽ പെരുമാറിയതിന്നു യു. പി. യിൽ വളരെയെല്ലാം ഒച്ചപ്പാടുണ്ടായി. സർ ലല്ലുഭായി വൈസറോയിക്കു കത്തെഴുതി. അതിന്റെ ഫലമായി ഉടനെ അദ്ദേഹത്തെ പ്രത്യേകതടവുകാരനായി പരിഗണിക്കുകയും അദ്ദേഹത്തിന്നു വേണ്ട എല്ലാ സൌകര്യങ്ങളും കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്നു ആകെ എട്ടു പത്തു ദിവസത്തോളം അവിടെ അമാനുഷികമായ കഷ്ടങ്ങൾ സഹിക്കേണ്ടിവന്നിരിക്കും.

## സഹോദരിയുടെ വിവാഹം.

മഹാദേവ് ആഗ്രാ ജയിലിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ സഹോദരിയുടെ വിവാഹം നടത്തേണ്ടതായി വന്നു. 'അനാവിൽ' ജാതിയിൽ പെൺകുട്ടികളുടെ വിവാഹത്തിന്നു വളരെയധികം ചിലവുണ്ടു്. അച്ഛൻ അതിന്നു എന്താണ് ഏർപ്പാടു ചെയ്യുക എന്നു മഹാദേവിന്നു വിചാരമായി. അച്ഛന്നു് എഴുതി: "എന്റെ കൈയിൽ, ബാങ്കിൽ 'ഫിക്സഡ് ഡിപ്പോസിററ'ായി 2600കയുണ്ടു്. അതിൽനിന്നു ഇപ്പോൾ ഒന്നും എടുക്കാൻ തരമില്ല. എന്നാൽ, അങ്ങയ്ക്കു എത്ര ആവശ്യമുണ്ടെന്നെഴുതിയാൽ ഞാൻ മഥുരാദാസ് ത്രികംജിയോടോ, വൈകുണ്ഠഭായി യോടോ അതല്ലെങ്കിൽ വേറെ വല്ലവരോടുമോ വാങ്ങി അയച്ചു തരാം. പണത്തിന്നായി ബുദ്ധിമുട്ടേണ്ട. ഞാൻ ജയിലിന്നു പുറത്തായിരുന്നുവെങ്കിൽ കുറച്ചെല്ലാം ഉപകാരമുണ്ടാവുമായിരുന്നു. ഇപ്പോൾ എല്ലാ ഭാരവും അങ്ങയ്ക്കു തനിയേ വഹിക്കേണ്ടിവരും." ഇതേ സമയത്തുതന്നെ ഛോട്ടുഭായി അദ്ദേഹത്തെക്കാണാൻ ജയിലിലേക്കുപോയി; അദ്ദേഹത്തോടും ഇതുതന്നെ പറഞ്ഞയച്ചു. എനിക്കു യച്ച കത്തിൽ, വിവാഹാവസരത്തിൽ ദിഫേണിലേയ്ക്കു പോകണമെന്നും അച്ഛനോടു ഒട്ടും കഷ്ടപ്പെടേണ്ടതില്ലെന്നു പറയണമെന്നും എഴുതീട്ടുണ്ടായിരുന്നു. മഹാദേവിന്റെ അച്ഛൻ എനിക്കെഴുതി: "മഹാദേവ് ജയിലിലാണു്; ഇങ്ങനെ ഒരവസരത്തിലാണു് വിവാഹം നടത്തേണ്ടി വന്നിരിക്കുന്നതു്. അതിൽ എനിക്കു വലുതായ ദുഃഖമുണ്ടു്.

പക്ഷേ, ഗത്യന്തരമില്ല. നിങ്ങൾ വരുന്നതായാൽ എനിയ്ക്കു അത്രതന്നെ സന്തോഷമുണ്ടാവും." ഞാൻ ദിഷേണിലേയ്ക്കു പോയി. പണത്തിൻെറ കാര്യത്തെ പ്പററി പറഞ്ഞു. പക്ഷേ, അദ്ദേഹം പറഞ്ഞു: "ചില വിന്നുള്ള എല്ലാ ഏർപ്പാടും ഞാൻ ചെയ്തുവെച്ചിട്ടുണ്ട്."

---

# അദ്ധ്യായം 22.

## അച്ഛൻെറ ചരമം.

പിതാജി മഹാദേവിൻെറ ശരീരം വളരെ കോമള മാണെന്നാണ് കരുതിയിരുന്നതു്; അതറിഞ്ഞു് ബാപ്പുജി അദ്ദേഹത്തെ കാണുമ്പോഴെല്ലാം ചോദിക്കും:" എന്താ, മഹാദേവിൻെറ ആരോഗ്യം എങ്ങനെയിരിക്കുന്നു? നിങ്ങൾ മഹാദേവിനെ എനിക്കു തന്നിരിക്കുന്നു. അതി നാൽ ആയാളുടെ ആരോഗ്യത്തെപ്പററി നിങ്ങൾ ചിന്തി ക്കുക തന്നെ വേണ്ട". എന്നാലും പിതാജിയെ ഈ വിചാരം വിഷമിപ്പിച്ചിരുന്നുവെന്നു മഹാദേവ് നല്ല പോലെ മനസ്സിലാക്കിയിരുന്നു. പിതാവിന്നും പുത്രനും അന്യോന്യം എന്തൊരലൌകികമായ പ്രേമമാണുണ്ടായി രുന്നതെന്നു അച്ഛൻെറ ചരമാവസരത്തിൽ അദ്ദേഹം എനിക്കയച്ച താഴെ കൊടുത്ത കത്തിൽനിന്നു മനസ്സിലാ വുന്നതാണു".

ദിഢോൺ,
(ജില്ല സൂറത്തു)
6—7—23

"പ്രിയസഹോദര,

താങ്കൾ എന്നെ സമാശ്വസിപ്പിക്കാനയച്ച കത്തു കിട്ടി; എൻെറ ഹൃദയത്തോടൊപ്പം താങ്കളുടെ ഹൃദയവും കരഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നു എനിക്കറിയാം. ആശ്രമത്തിൽ കമ്പിവന്നപ്പോൾത്തന്നെ താങ്കളുടെ കമ്പി എനിയ്ക്കനുഭവപ്പെട്ടു *

"മരണം വിചാരിക്കാത്ത ഒരവസരത്തിലാണുണ്ടായതു്. സൂറത്തുസംസ്ഥാനസമിതിയുടെ സമ്മേളനാവസരത്തിൽ എനിക്കു, ഭാഗ്യവശാൽ വീട്ടിലേയ്ക്കു വരണമെന്നു തോന്നി. അന്നു കണ്ടതു് അവസാനത്തെ കൂട്ടിക്കാഴ്ചയായിരുന്നു. അന്നു് അദ്ദേഹത്തിൻെറ ആരോഗ്യം നന്നായിരുന്നു. മരിക്കുന്നതിന്നു നാലഞ്ചു ദിവസം മുമ്പു് ഒരു കത്തു വന്നിരുന്നു. ആരോഗ്യം ക്ഷയിച്ചു വരുന്നുവെന്നും നെഞ്ഞിൽ വേദനയുണ്ടെന്നും അതിൽ എഴുതിയിരുന്നു. ഉടനെ തന്നെ, ഞാൻ ഞായറാഴ്ച സൂറത്തിൽ നിന്നു ഡാക്ടർ ധിയയേയും കൂട്ടി അങ്ങോട്ടു ചെല്ലാമെന്നെഴുതി. പിന്നെ അദ്ദേഹം ഞായറാഴ്ച അയച്ച കത്തു കിട്ടി. അതിൽ ഡാക്ടരെ കൂട്ടിച്ചെല്ലേണ്ടതില്ലെന്നു എഴുതിയിരുന്നു. അതിൽതന്നെ 'നവജീവൻ' കാരുടെ ചില പുസ്തകങ്ങളും നാടൻ ചായത്തെപ്പററിയ പുസ്തകവും ആവശ്യ

---

* ഈ അവസരത്തിൽ ഞാൻ ബാർദോളി താലൂക്കിലെ സരഭണ ആശ്രമത്തിലാണ് വസിച്ചിരുന്നതു്.

പ്പെട്ടിരുന്നു. അതിനാൽ ഞാൻ തെററിധരിച്ചു. ആരോഗ്യം നന്നായിട്ടുണ്ടാവുമെന്നും, ആദ്യത്തേപ്പോലെ, പരിശ്രമം നിമിത്തമുണ്ടായ ക്ഷീണമായിരിക്കുമെന്നും ഞാൻ വിചാരിച്ചു. തിങ്കളാഴ്ച അതായതു മരണദിവസം എനിക്കയച്ച കത്തു് കമ്പികിട്ടിയതിന്നു ശേഷമാണു് കിട്ടിയതു്. അതിൽ എഴുതിയിരുന്നു: "ഈ ക്ഷീണംകൊണ്ടുതന്നെ പ്രാണൻ പോകുമെന്നു തോന്നുന്നു. സുഖപ്പെട്ടാൽ അഹമ്മദാബാദിലേക്കു വരാം". അന്നു രാത്രി *'നവജീവ'നോ മറെറന്തോ വായിക്കുകയായിരുന്നു. രണ്ടാമത്തെ സഹോദരൻ അടുത്തുതന്നെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അങ്ങു വായിക്കേണ്ട; അങ്ങയുടെ ദേഹം വല്ലാതെ ക്ഷീണിച്ചിരിക്കുന്നു; വിശ്രമിക്കണം" പിതാജി പറഞ്ഞു: "സഹോദരാ, കാര്യം ശരിയാണു്. ഇതു പറഞ്ഞവസാനിപ്പിക്കുമ്പോഴേയ്ക്കും അദ്ദേഹത്തിൻെറ പ്രാണൻ പോയിക്കഴിഞ്ഞു. ഈ ശബ്ദങ്ങളോടൊപ്പം കഴുത്തു താണു, കണ്ണടച്ചു.

"ഞാൻ വളരെ ധൈര്യപ്പെട്ടു നോക്കുന്നുണ്ടു്. പക്ഷേ, അദ്ദേഹത്തിൻെറ പ്രേമം, ചെറിയ ചെറിയ കാര്യങ്ങളായാൽക്കൂടി അദ്ദേഹത്തിന്നു എൻെറ കാര്യത്തിലുള്ള വിചാരം ഇവയെല്ലാം ഓമ്മവരുമ്പോഴേക്കു കണ്ണിൽ വെള്ളം നില്ക്കാതാവുന്നു. അദ്ദേഹത്തിൻെറ ഓമ്മയുള്ളേടത്തോളം കാലം ഈ കണ്ണീർ ഉണ്ടായിരിക്കും. അവസാനത്തെ പ്രാവശ്യം കണ്ടപ്പോൾ അദ്ദേഹം പറയുകയാണു്: "ഈ പ്രാവശ്യം നിൻെറ നെഞ്ഞിലെ കഴി

---

*ഗാന്ധിജി നടത്തിയിരുന്ന ഗുജറാത്തി പത്രം.

നിവന്നിട്ടുണ്ട്. ഇതു ക്രമമായ ജീവിതത്തിന്റെ ഫലമാണ്. പക്ഷേ നീ ചെരിപ്പാണ് ധരിക്കുന്നതു്, അതു ശരിയല്ല. "സ്ലീപ്പർ' ധരിക്കണം, അല്ലെങ്കിൽ കാൽ വിണ്ടുപോകുവാനിടയുണ്ട്". അദ്ദേഹത്തിന്റെ മനസ്സിൽനിന്നു ഞാൻ കുട്ടിയാണെന്ന ഭാവം വിട്ടുപോവുകയുണ്ടായിട്ടില്ല. 'നവജീവ'നിൽ ഞാനെഴുതുന്ന പൊട്ടലേഖനങ്ങൾ, അദ്ദേഹത്തെപ്പോലെ മമതയോടുകൂടി വായിക്കുന്ന മററാരും ഇനി ഉണ്ടാവുകയില്ല. 'മഹാദേവി'ന്റെ കൈയക്ഷരത്തിലുള്ള കത്ത് അദ്ദേഹത്തിന്നു എന്തോ ഒരു ദിവ്യവസ്തുവാണ്. ഞാനദ്ദേഹത്തിന്റെ കൂടെ കുറേകാലം താമസിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏററവും വലിയ ആഗ്രഹം, ആ ആഗ്രഹം ഞാൻ ഒരിക്കലും സാധിപ്പിച്ചു കൊടുത്തിട്ടില്ല. അദ്ദേഹം ഒരൊററ ദിവസമെങ്കിലും എന്റെ സേവനം സ്വീകരിച്ചിട്ടില്ല. എന്റെ അമ്മ മരിച്ചതു മുതൽ ജീവിതാവസാനംവരെ അദ്ദേഹം എനിക്ക് അമ്മയും അച്ഛനുമായിരുന്നു. അച്ഛന്നു എത്രമാത്രം സ്നേഹമുണ്ടാവാമെന്നതിന്റെ ഒരേകദേശജ്ഞാനം എനിയ്ക്കദ്ദേഹത്തിന്റെ പ്രേമത്തിൽനിന്നു ലഭിച്ചിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്നു 62 വയസ്സേ ആയിട്ടുള്ളു. എന്നാൽ 82 വയസ്സായിട്ടാണെങ്കിലും എന്റെ കണ്ണിൽനിന്നു ഇന്നത്തെപ്പോലെതന്നെ കൃതജ്ഞതയുടെ കണ്ണീർ അന്നും വരുന്നതാണ്.

"'നവജീവൻ' വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തേണ്ടതില്ലായിരുന്നുവെങ്കിൽ, ഡാക്ടരോടുകൂടി വരേണ്ട ആവശ്യമില്ലെന്നും പറഞ്ഞു പുസ്തകങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള

അദ്ദേഹത്തിൻെറ കത്തു കിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ, ഞാൻ ഞായറാഴ്ച തീർച്ചയായും അദ്ദേഹത്തെ കാണുമായിരുന്നു. 'ദേശസേവ' യെപ്പററിയ വിചിത്രമായ സങ്കല്പം നിമിത്തം അദ്ദേഹത്തിൻെറ അവസാന നിമിഷത്തിൽ എനിയ്ക്കു അടുത്തിരുന്നു ശുശ്രൂഷിക്കാനോ അദ്ദേഹത്തിൻെറ മനസ്സിനെ തണുപ്പിക്കാനോ കഴിഞ്ഞില്ല എന്ന വിചാരം മനസ്സിൽ വന്നുകൊണ്ടേ ഇരിയ്ക്കുന്നു. ഈ പശ്ചാത്താപം എൻെറ ജീവിതത്തിൽ എന്നും ഉണങ്ങാത്ത ഒരു വ്രണമായിരിക്കും.

"താങ്കൾ ആശ്രമത്തിൽ ഉണ്ടായിരുന്നുവെങ്കിൽ എൻെറ ജ്യേഷ്ഠനാ*ണെന്നു കരുതി ഞാൻ താങ്കളുടെ മടിയിൽ തലവെച്ചു് കരഞ്ഞു കരഞ്ഞു എൻെറ ദുഃഖത്തെ അല്പമൊന്നു കുറയ്ക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ ഒരു വിധം സമാധാനമായി. താങ്കൾ അവിടെനിന്നു വരേണ്ട ആവശ്യമില്ല. ഇവിടെ മഴ ഇപ്പോഴും തുടങ്ങിയിട്ടില്ല. പക്ഷേ, ഒന്നു രണ്ടു ദിവസത്തിനുള്ളിൽ തുടങ്ങുമെന്നു തോന്നുന്നു. ഞാൻ 15, 16-ാംനു- ആശ്രമത്തിലേക്കു പോകും; അതിന്നു മുമ്പായി കത്തെഴുതാം. ആ അവസരത്തിൽ കഴിയുമെങ്കിൽ സൂറത്തിലേക്കു വരണം. എന്നാൽ, കത്തെഴുതാതിരുന്നാൽ അതിനെപ്പററി വിചാരപ്പെടേണ്ടതില്ല. ഈ ആവശ്യത്തിന്നായി ആശ്രമത്തിലേക്കു വരരുതു്. താങ്കൾക്കു എന്നെക്കണ്ടു താങ്കളുടെ ഭാവനയെ കൂടുതൽ പ്രദർശിപ്പിയ്ക്കാൻ സാദ്ധ്യമാണോ?

*എനിക്കു മഹാദേവിനേക്കാൾ മൂന്നുമാസം മൂപ്പുണ്ടു്.

"ഇനി ദുർഗ്ഗക്കു ദീവാളീവരെ ഇവിടെ താമസി ക്കേണ്ടിവരും. ഞാൻ മഴക്കാലം കഴിഞ്ഞാൽ ഇങ്ങോട്ടു തിരിച്ചുവരും. അപ്പോൾ ഒരു പക്ഷേ, കൂടെ കൊണ്ടു പോകും. മഴക്കാലത്തിന്നുശേഷം സാധിച്ചാൽ താങ്കൾ ഒരു ദിവസം ഇച്ഛ*യെ പോയിക്കാണണം. അവർ പലപ്പോഴും താങ്കളെപ്പററി ചോദിക്കാറുണ്ട്. എൻെറ അച്ഛൻെറ വ്യക്തിപ്രഭാവം നിമിത്തം അവരും സാധാ രണയിൽ കവിഞ്ഞ സത്സ്വഭാവമുള്ള ഒരിളയമ്മയാണ്.

മരണാനന്തരം ഞങ്ങളുടെ ഇടയിൽ മൃത്യുഭോജനം പതിവുണ്ട്. എനിയ്ക്കതിൻെറ അനൌചിത്യത്തെപ്പററി ഇച്ഛയെ പറഞ്ഞു മനസ്സിലാക്കാൻ ഒരു പ്രയാസവുമുണ്ടാ യില്ല. എൻെറ പിതൃസഹോദരന്മാരായ ഛോട്ടുഭായിയും ഭീഖാഭായിയും ഇതിനോടനുകൂലിച്ചു. അതിനാൽ ഒരൊററ ദിവസമെങ്കിലും ചാച്ചക്കാക്കോ ബ്രാഹ്മണക്കോ സദ്യകഴി ക്കുകയുണ്ടായില്ല. ശ്രാദ്ധം തീച്ച്യായും കഴിക്കും; കാരണം, എനിയ്ക്കതിനെപ്പററി ഒന്നും അറിയുകയില്ല. അറിയാത്ത ഒന്ന് തെററാണെന്നു കരുതി ഉപേക്ഷിക്കാൻ വയ്യ. എന്നാൽ, ശ്രാദ്ധം ഊട്ടിയതിന്നുശേഷം ബ്രാഹ്മണ സദ്യ യോ മറേറാ ഉണ്ടായിരിക്കുന്നതല്ലെന്നു തീച്ച്യാക്കിക്ക ഴിഞ്ഞു. ബ്രാഹ്മണർ വേണമെങ്കിൽ സാമാനങ്ങൾ സ്വ ഭവനത്തിലേക്കു കൊണ്ടുപോയി ഭക്ഷണം ഉണ്ടാക്കിക്കൊ ള്ളട്ടെ. മററുള്ളവക്കു ഇക്കാര്യം ഇഷ്ടമായില്ല; പക്ഷേ, എൻെറ വിചാരങ്ങളെ പ്രവൃത്തിയിലേക്കു കൊണ്ടുവരു വാൻ എനിക്കാദ്യം കിട്ടിയ അവസരമാണിത്. ഞാൻ

*മഹാദേവിൻെറ (അച്ഛൻെറ ദ്വിതീയപത്നി) ഇളയമ്മ

എങ്ങിനെയാണ് ഇതിൽ നിന്നുവ്യതിചലിക്കുക? എന്റെ "കോംപ്രോമൈസ്" തർജമയ്ക്കുള്ള 1000ക ഉടനെ കിട്ടും. അതിൽ 500ക അച്ഛന്റെ പേരിൽ, നാലു കുട്ടികൾക്ക, 125ക വീതം വിദ്യാർത്ഥിവേതനം കൊടുക്കാൻ നീക്കിവെക്കാൻ തീർച്ച്യയാക്കിയിരിക്കുന്നു. നാലു ആൺകുട്ടികൾക്കോ പെൺകുട്ടികൾക്കോ 125ക.കൊണ്ടു ആറു മാസം ആശ്രമത്തിൽ താമസിച്ചു വസ്ത്രകലാശാസ്ത്രം പഠിക്കാൻ കഴിയും. ഈ കാര്യം താങ്കൾ ഇഷ്ടപ്പെട്ടുവോ ഇല്ലയോ എന്നു പറയണം.

ഇനി എനിയ്ക്കു ഇടയ്ക്കിടെ അതായതു രണ്ടു മാസം കൂടുമ്പോൾ ഇവിടേയ്ക്കു വരേണ്ടിവരും. ആറുമാസകാലം ഇച്ഛ പുറത്തിറങ്ങുകയില്ല. നിലം പാട്ടത്തിന്നു കൊടുക്കുന്നേടത്തോളം കാലം അവർ ഇവിടെത്തന്നെ ഇരിക്കുന്നതു് ആവശ്യമാണ്. ഇവിടെ വീട്ടിൽ, ഒരൊററ പുരുഷൻപോലും ഇല്ലെന്നുള്ളതു വളരെ വ്യസനകരമായ ഒരു സംഗതിയാണ്. ഛോട്ടുഭായിയുടെ ഏതെങ്കിലും സഹോദരൻ ഇവിടെ ഇരിയ്ക്കുമെങ്കിൽ ആയാളെ ഇരുത്താൻ പരിശ്രമിക്കുന്നതാണ്. ഇപ്പോൾ ഇത്രമാത്രം.

എന്നു്

മഹാദേവ്

പിതാജിയുടെ മരണാവസരത്തിൽ ഞാൻ ബാർഡോളിയിൽ സരഭൺ എന്ന ഗ്രാമത്തിലായിരുന്നു. വർഷക്കാലം. മഴ പെയ്തു കഴിഞ്ഞാൽ സൂറത്തിൽനിന്നു ദിഹേണിലേക്കു പോകാൻ വിഷമമായിത്തീരും. അതിനാലാണ് ആ അവസരത്തിൽ ദിഹേണിലേക്കു വരേണ്ടതില്ലെന്നു് അദ്ദേഹം എനിക്കെഴുതിയിരുന്നതു്. പക്ഷേ,

കത്തു കിട്ടിയ ഉടനെ ഞാൻ ഢിഫേണിൽ എത്തി. സ്ത്രീകൾ മുറവിളി കൂട്ടരുതെന്നു കരുതി ഗരുഡപുരാണ ത്തിലെ കഥ വായിക്കുന്ന പതിവുണ്ട്. മഹാദേവ് ഒരിക്കലും ഗരുഡപുരാണം വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. അതുകേട്ടാൽ മനസ്സിന്നു സമാധാനമുണ്ടാ കുമെന്നു കരുതി ആ കഥ വായിപ്പിച്ചിരുന്നു. എന്നാൽ, അതിൽ യമന്റെ സംഹാരത്തേയും നരകയാതനകളേയും വർണ്ണിച്ചതുകേട്ട് എന്തിനാണ് ഇത്തരം സാഹിത്യങ്ങൾ വായിപ്പിക്കുന്നതെന്നു അദ്ദേഹത്തിന്നു തോന്നിപ്പോയി. മണിശങ്കർ മാസ്റ്റർ പറയാൻ തുടങ്ങി. "ഇതിലെ അവ സാനത്തെ അദ്ധ്യായത്തിൽ ജ്ഞാനസംബന്ധമായ സംഗ തികളടങ്ങിയിട്ടുണ്ട്. പക്ഷേ, ഇവർ അതു കല്പിച്ചുകൂട്ടി വായിക്കാതിരിക്കയാണ്. അതശുഭമാണെന്നു കരുതുന്നു." പിന്നെ മാസ്റ്റർ സംസ്കൃതത്തിലുള്ള ഗരുഡപുരാണം വരുത്തിക്കൊടുത്തു. മഹാദേവ് അത് ആദ്യം മുതൽ അവസാനംവരെ വായിക്കുകയും ചെയ്തു. അതിലെ അവസാനത്തെ അദ്ധ്യായം അദ്ദേഹത്തിന്നു വളരെ ശാന്തി പ്രദമായിത്തോന്നി. അദ്ദേഹം പറഞ്ഞു: "ഇതിൽ മുമ്പുള്ള എല്ലാ കാര്യത്തിലും വെള്ളം ഒഴിച്ചുവിട്ടിരിക്കുന്നു." ഛോട്ടുഭായി പറയുവാൻ തുടങ്ങി: "ഇതു വായിച്ചാൽ പട്ടിണി കിടന്നു ആരും മരിക്കില്ല. നമ്മുടെ പൌരാ ണികന്മാർ കാര്യം അറിയുന്നവരും വ്യവഹാരകുശലന്മാരു മാണ് അതിനാൽ അതു വായിക്കാത്തതാണ്."

മഹാദേവ്ഭായി ഈ വിഷയത്തെപ്പററി നവജീവ നിൽ ഒരു ലേഖനമെഴുതി; അതിൽ ഗരുഡപുരാണ ത്തിലെ, വായിക്കാൻ പാടില്ലാത്ത അദ്ധ്യായത്തിൻെറ സാരരൂപത്തിലുള്ള ശ്ലോകം തജ്ജമചെയ്തു ചേർത്തിരുന്നു.

(നവജീവൻ പുസ്തകം 4, പ്രത്യേക പതിപ്പ് ൨൧. 26—7—26 നോക്കുക).

---

# അദ്ധ്യായം 23.

## മഹാദേവ്ഭായിയുടെ സമ്പത്തു്.

ഞാൻ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കാം. മഹാദേവ്ഭായിയുടെ, ജീവചരിത്രം, അദ്ദേഹം ആശ്രമ ത്തിൽ ചേരുന്നതിന്നു മുമ്പുള്ളതു മാത്രം നൽകാനാണു് ആഗ്രഹിച്ചിരുന്നതു്. അദ്ദേഹത്തിൻെറ പിതാവു് 1923 ൽ ചരമഗതിയടഞ്ഞു. അതിനാൽ, അദ്ദേഹത്തെ പ്പററി എഴുതിയെഴുതി അനന്തരകാലത്തെ ചില സംഗതി കളും കൂടിവന്നു. അങ്ങനെ ഈ ലേഖനത്തിൽ മഹാ ദേവ്ഭായി ഏതു തരത്തിലുള്ള എത്ര കണ്ടു സമ്പത്തു്— സത്സ്വഭാവം, ഭക്തിപൂർണ്ണമായ ഹൃദയം, ബുദ്ധി, വിദ്യ, കല, ഉത്സാഹം–എടുത്തുകൊണ്ടാണു് വന്നതു് എന്നാണു് വിവരിക്കാനുദ്ദേശിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ബാക്കി ജീവചരിത്രം അദ്ദേഹത്തിൻെറ ഡയറികളിൽ നിന്നു ക്രമേണ വികസിച്ചതായി കാണാം. 1920 മുതൽ മഹാ

ദേവ്ഭായിയുടെ ജീവിതാവസാനംവരെ എല്ലാ കാൎയ്യങ്ങളിലും അദ്ദേഹത്തിൻെറ ഒരുമിച്ചുണ്ടായിരുന്ന ഭായി, പ്യാരെലാൽ ജീവചരിത്രം മുഴുവനും വിസ്തരിച്ചെഴുതുന്നതാണ്. മേൽ വിവരിച്ച സമ്പത്തുകളോടുകൂടി മഹാദേവ് ബാപ്പുജിയുടെ അടുക്കലേക്കുവന്നു. അവയെക്കൊണ്ടു കിശോരലാൽഭായി എഴുതിയതുപോലെ അദ്ദേഹം "ഒരു വിദ്വാൻ, തത്വജ്ഞാനി, സാഹിത്യകാരൻ, കവി, നല്ല ഗായകൻ, കലാരസികൻ ഇങ്ങിനെയെല്ലാമാണെങ്കിലും തൻെറ സ്വാമിക്കു വേണ്ടിമാത്രമല്ല തൻെറ സുഹൃത്തുക്കൾ, പത്നി, ഭൃത്യൻ മുതലായവൎക്കും ആവശ്യം വരുമ്പോൾ മററതോരോൾക്കും, മല മൂത്രം വൃത്തിയാക്കുന്ന തോട്ടി, പരിചരിക്കുന്ന 'നൎസ്' വസ്ത്രം അലക്കുന്ന ഡോബി, ഭക്ഷണം പാകം ചെയ്തു വിളമ്പിക്കൊടുക്കുന്ന അടുക്കളക്കാരൻ, ശരിയായി ആസ്സലെഴുതിക്കൊടുക്കുന്ന ഗുമസ്തൻ, എഴുതിയതു തെററുതീൎത്തു കൊടുക്കുന്ന അദ്ധ്യാപകൻ, ബാക്കിയായ പണി പൂൎത്തിയാക്കാൻ സഹായിക്കുന്ന സഹപ്രവൎത്തകൻ, നമ്മുടെ ആശയം മനസ്സിലാക്കി അതു ശരിയായി എഴുതിത്തരുന്ന സെക്രട്ടരി, നമുക്കുവേണ്ടി ഏതെങ്കിലും വിഷമമേറിയ പ്രവൃത്തി കുശലതാപൂൎവ്വം നിൎവ്വഹിക്കുന്ന ദൂതൻ, നമ്മുടെ പക്ഷം നല്ലപോലെ പഠിച്ചു് നമുക്കു വേണ്ടി പോരാടുന്ന വക്കീൽ, ഞങ്ങളുടെ സ്വാമിയും ഞങ്ങളും തമ്മിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടായാൽ അതു ദൂരീകരിക്കുന്ന മദ്ധ്യസ്ഥൻ, പിതൃഭക്തി, സ്വാമിഭക്തി, മിത്രഭക്തി, പത്നീപ്രേമം, പുത്രപ്രേമം

മുതലായ എല്ലാവിധ സംബന്ധങ്ങളേയും യഥായോഗ്യം നിലനിർത്തിപ്പോരാൻ പ്രയത്നിക്കുന്ന തുലാധാരൻ, കരുണാജനകമായ പരിത:സ്ഥിതിയിൽ പെട്ടുപോയ സ്ത്രീപുരുഷന്മാർക്കു ആശ്വാസവും ശരണവും നൽകുന്ന ബസവൻ ... സംബന്ധങ്ങളെല്ലാം നിലനിർത്തിപ്പോന്നിരുന്നു; എന്നിട്ടും വ്യക്തിഗതമായ മഹത്വാകാംക്ഷ, ധനം യശസ്സ് മു... ലായവയിൽ ലോഭം, കാമാദി വികാരങ്ങൾ കർമ്മാസൌന്ദര്യം മുതലായവയിലുള്ള താത്പര്യത്തിന്റെ ഫലമായും, സ്വഭാവസിദ്ധമായ ദാക്ഷിണ്യം ഹേതുവായും ഉണ്ടാവുന്ന മോഹമായ മുതലായ പ്രലോഭനങ്ങൾക്കെതിരായി തന്നെത്താൻ കാത്തുകൊണ്ടിരിക്കുന്ന ശ്രദ്ധാലുവായ സാധകനും ആയിത്തീന്നു".

ശുഭം.

—:o:—

**KOTTAYAM PUBLIC LIBRARY**
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM. 208C

Cl. No. 1308 Acc. No. 4060

This book should be returned on or before the date last stamped below.

10 OCT 1975

208C
~~450620~~

നാ08 P.
പരിഖ് നരഹരി
ഭായ്
മഹാ. ദേവ് ദേശായി

~~450620~~
208C